# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

2015 ജൂലൈ 27, തിങ്കൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

[ആകെ ചോദ്യങ്ങൾ--**286]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : 5062 മുതൽ 5188 വരെ |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : 5189 മുതൽ 5251 വരെ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : 5252 മുതൽ 5282 വരെ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : 5283 മുതൽ 5347 വരെ |

### ഉന്നത വിദ്യാഭ്യാസ മേഖലയിലെ അക്കാദമിക നിലവാരം ഉയർത്തുന്നതിന് നടപടികൾ

5062. ശ്രീ.എം.വി.ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
ഡോ.എൻ. ജയരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിലെ അക്കാദമിക നിലവാരം കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉന്നത വിദ്യാഭ്യാസ രംഗത്ത് മാറി വരുന്ന പ്രവണതകൾക്കനുസരിച്ചുള്ള പദ്ധതികൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(സി) ഉന്നത വിദ്യാഭ്യാസ മേഖലയിലെ അക്കാദമിക നിലവാരം ഉയർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

### ലൈബ്രറികളിൽ പുസ്തകങ്ങൾ വാങ്ങുന്ന നടപടി

5063. ശ്രീ.സി.പി.മുഹമ്മദ്
,, പി.എ.മാധവൻ
,, ഷാഫി പറമ്പിൽ
,, എം.പി.വിൻസെൻറ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിലെയും സ്കൂളുകളിലെയും ലൈബ്രറികളിൽ ഉന്നത വിദ്യാഭ്യാസ വകുപ്പും പൊതു വിദ്യാഭ്യാസ വകുപ്പും വാങ്ങണമെന്ന് നിർദ്ദേശിക്കുന്ന വിദ്യാർത്ഥികൾക്കാവശ്യമായ പല ഗ്രന്ഥങ്ങളും വാങ്ങാൻ നടപടി സ്വീകരിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറും കോളേജിയറ്റ് വിദ്യാഭ്യാസ വകുപ്പും ഓരോ കൊല്ലവും വാങ്ങാൻ നിർദ്ദേശിക്കുന്ന പുസ്തകങ്ങൾ ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വാങ്ങുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടിയെടുക്കുമോ ?

## എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജുകൾ

5064. **ശ്രീ.ജെയിംസ് മാത്യു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജുകളിൽ അനുവദിക്കപ്പെട്ട ആകെ തസ്തികകൾ എത്രയാണെന്ന് കോളേജ്, തസ്തിക, എണ്ണം തിരിച്ച് വിശദമാക്കാമോ ;

(ബി) പ്രസ്തുത തസ്തികകളിൽ സ്ഥിരനിയമനം ലഭിച്ചവരുടെയും കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമനം ലഭിച്ചവരുടെയും വിശദാംശങ്ങൾ കോളേജ്, തസ്തിക, എണ്ണം തിരിച്ച് വ്യക്തമാക്കാമോ ;

(സി) സ്ഥിരനിയമനം/കോൺട്രാക്ട് നിയമനം ലഭിച്ചവരിൽ എ.ഐ.സി.ടി.ഇ./യു.ജി.സി. നിഷ്കർഷിക്കുന്ന യോഗ്യത ആവശ്യമുള്ള തസ്തികകളിൽ പ്രസ്തുത യോഗ്യത ഉള്ളവരെ മാത്രമാണോ നിയമിച്ചിട്ടുള്ളത് ; ഇല്ലെങ്കിൽ എത്ര പേർക്കാണ് നിശ്ചിത യോഗ്യത ഇല്ലാത്തതെന്ന് കോളേജ്, തസ്തിക, എണ്ണം തിരിച്ച് വ്യക്തമാക്കാമോ ;

(ഡി) എൽ.ബി.എസ്. എഞ്ചീനീയറിംഗ് കോളേജുകളിൽ ജോലി ചെയ്തുവരുന്ന അധ്യാപക വിഭാഗം ജീവനക്കാർക്ക് എ.ഐ.സി.ടി.ഈ./യു.ജി.സി. മാനദണ്ഡപ്രകാരമുള്ള സമയബന്ധിത പ്രോമോഷനും ഗ്രേഡ്പേ-യും നൽകി വരുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

## കൊണ്ടോട്ടി ഇ.എം.ഇ.എ കോളേജിലെ പ്രിൻസിപ്പൽ നിയമനം

5065. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി ഇ.എം.ഇ.എ കോളേജിന്റെ പ്രിൻസിപ്പലിന്റെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് ഉന്നത വിദ്യാഭ്യാസ വകുപ്പിലെ 39225/172/14 നമ്പർ ഫയലിൽ ഇത് വരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇത് സംബന്ധമായ അഭിപ്രായം അറിയിക്കുന്നതിന് വേണ്ടി കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിലേയ്ക്ക് നിർദ്ദേശം നൽകിയിരുന്നുവോ;

(സി) എങ്കിൽ എന്നാണ് നിർദ്ദേശം നൽകിയതെന്നും ഇതിന്മേൽ എന്ന് മറുപടി ലഭിച്ചുവെന്നും വിശദമാക്കുമോ;

(ഡി) കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ 48184/D6/DCE എന്ന ഫയലിൽ എന്ന് മറുപടി അയച്ചുവെന്ന് പകർപ്പ് സഹിതം വ്യക്തമാക്കുമോ;

(ഇ) പ്രിൻസിപ്പൽ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട ഫയലിൽ ഉടൻ തീർപ്പ് കൽപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## എളേരിത്തട്ട് ഗവൺമെന്റ് കോളേജിലെ കോഴ്സുകൾ

5066. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ എളേരിത്തട്ട് ഗവൺമെന്റ് കോളേജിൽ ഈ വർഷം പുതിയ കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത കോളേജിൽ ഏതൊക്കെ കോഴ്സുകളാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ?

## പെരുമ്പാവൂർ മാർത്തോമാ വനിതാ കോളേജിൽ അദ്ധ്യാപക നിയമനം

5067. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്താറുണ്ടോ;

(ബി) പെരുമ്പാവൂർ മാർത്തോമാ വനിതാ കോളേജിൽ 2005-2006 അദ്ധ്യയന വർഷം അനുവദിച്ച ബി.എസ്സ്.സി. കെമിസ്ട്രി മോഡൽ-1 കോഴ്സിലേക്ക് ആവശ്യമായ അദ്ധ്യാപകരെ നിയമിക്കാൻ അനുവദിക്കണമെന്ന കോളേജിന്റെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അദ്ധ്യാപക നിയമനം നടത്താൻ അനുവാദം നൽകുമോ?

**2012-13 -ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആർട്സ് & സയൻസ് കോളേജ്**

5068. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13 ലെ ബഡ്ജറ്റിൽ ഏതെല്ലാം നിയോജക മണ്ഡലങ്ങളിലാണ് സർക്കാർ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുവാൻ നിർദ്ദേശമുണ്ടായിരുന്നത്; ആയതിൽ എത്ര എണ്ണം ആരംഭിച്ചു; ബാക്കിയുള്ളവ എന്ന് ആരംഭിക്കാൻ കഴിയും; വിശദാംശം അറിയിക്കുമോ?

വിഭിന്നശേഷിയുള്ള കുട്ടികളുടെ സ്പെഷ്യൽ സ്കൂളുകൾ

5069. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഭിന്നശേഷിയുള്ള കുട്ടികൾ പഠിക്കുന്നസ്കൂളുകൾ എയ്ഡഡ് മേഖലയിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്ലസ് വൺ പാഠപുസ്തക അച്ചടി,

5070. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 അധ്യയന വർഷത്തിലെ ഹയർ സെക്കന്ററി പ്ലസ് വൺ പാഠപുസ്തക അച്ചടി, കേരളത്തിനു പുറത്തുള്ള പ്രസ്സുകളെ കൂടി ഉൾക്കൊള്ളിക്കുന്ന രീതിയിൽ ടെണ്ടർ നടപടികൾ നടപ്പിൽ വരുത്താൻ സി. ആപ്റ്റ് മാനേജിംഗ് ഡയറക്ടർ ഉത്തരവു പുറപ്പെടുവിച്ചതിന്റെ / തീരുമാനിച്ചതിന്റെ കാരണം വ്യക്തമാക്കുമോ?

എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ നിയമനം

5071. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പൽ പ്രൊമോഷന് സ്പെഷ്യൽ റൂൾസിൽ പറയുന്ന നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) അവയ്ക്ക് വിരുദ്ധമായി കാസർഗോഡ് ജില്ലയിൽ ഏതെങ്കിലും എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളിൽ പ്രിൻസിപ്പൽ നിയമനം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) പ്രസ്തുത നിയമനത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

റവന്യൂ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിതനായ ജീവനക്കാരൻ

5072. **ശ്രീ.വി.എസ്.സുനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ 2007-ൽ റവന്യൂ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിതനായ ജീവനക്കാരൻ ഇപ്പോഴും തുടരുന്നുണ്ടോ; എങ്കിൽ ഏത് നിയമത്തിന്റെ പിൻബലത്തിലാണ് അപ്രകാരം തുടരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) 31.05.2015 ന് ശേഷം ഡെപ്യൂട്ടേഷൻ നിയമനങ്ങൾ തുടരാൻ അനുവദിക്കില്ലെന്ന ഉത്തരവ് നിലനിൽക്കെ പ്രസ്തുത ജീവനക്കാരന്റെ ഡെപ്യൂട്ടേഷൻ കാലാവധി നീട്ടി നൽകുന്നതിനും പുതിയ തസ്തിക സൃഷ്ടിച്ച് സീനിയോറിറ്റി മറികടന്ന് നിയമിക്കുന്നതിനും തീരുമാനം എടുത്തിട്ടുണ്ടോ; ഇത് സംബന്ധിച്ച ഫയൽ നമ്പർ 23208/റ്റി3/2015 ന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) മേൽപ്പറഞ്ഞ ജീവനക്കാരന് ഡെപ്യൂട്ടേഷൻ ദീർഘിപ്പിച്ച് നൽകുന്നതിന് പൊതുവിദ്യാഭ്യാസ സെക്രട്ടറി ശിപാർശ ചെയ്തിട്ടുണ്ടോ; റവന്യൂ വകുപ്പ്, ഫിനാൻസ് വകുപ്പ് എന്നിവയിൽ നിന്നും ആയതിന് സമ്മതപത്രം ലഭ്യമായിട്ടുണ്ടോ ;

(ഡി) മേൽപ്പറഞ്ഞ ജീവനക്കാരൻ കൈകാര്യം ചെയ്തുവരുന്ന കരിയർ ഗൈഡൻസ് പദ്ധതി നടത്തിപ്പിലെ ക്രമക്കേടുമായി ബന്ധപ്പെട്ട എ.ജി.യുടെ ആഡിറ്റ് പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത ജീവനക്കാരന് ഡെപ്യൂട്ടേഷൻ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിനും ടിയാനെ കരിയർ ഗൈഡൻസ് സെക്ഷനിൽത്തന്നെ ഉയർന്ന തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നതിനും തീരുമാനമെടുക്കുന്നത്, പി.എസ്.സി നിയമന സാദ്ധ്യതകളെ നിരാകരിക്കുന്നതിനും അഴിമതി സാദ്ധ്യതകളെ വിപുലപ്പെടുത്തുന്നതുമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എ.ജി.യുടെ ആഡിറ്റ് എൻക്വയറി റിപ്പോർട്ടിന്റെയും 27.06.2015 ൽ ഇതു സംബന്ധിച്ചുവന്ന പത്രവാർത്തയുടെയും അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ ജീവനക്കാരന്റെ ഡെപ്യൂട്ടേഷൻ കാലാവധി അവസാനിപ്പിച്ച് മാതൃസ്ഥാപനത്തിലേയ്ക്ക് മടക്കി അയയ്ക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

## എയിഡഡ് സ്കൂളുകളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ

5073. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം ഒന്നാം ക്ലാസിൽ ആകെ എത്ര കുട്ടികൾ പ്രവേശനം നേടിയെന്നാണ് സർക്കാർ കണക്കാക്കുന്നതെന്നും ഇതിൽ സർക്കാർ എയിഡഡ് സ്കൂളുകളിൽ എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ബി) പുതുതായി ഒന്നാം ക്ലാസിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ ഉൾപ്പടെ എന്തെല്ലാം സൗകര്യങ്ങൾ സർക്കാർ നൽകുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) മുൻ വർഷത്തിൽ നിന്നും ഈ വർഷം സർക്കാർ എയ്ഡഡ് സ്കൂളുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം വിദ്യാർത്ഥികൾ വർദ്ധിച്ചുവെന്ന് വെളിപ്പെടുത്തുമോ?

## കോന്നിയിൽ നിന്നും കാണാതായ വിദ്യാർത്ഥിനികളുടെ ദുരൂഹമരണം

5074. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ നിന്നും കാണാതായ വിദ്യാർത്ഥിനികളിൽ രണ്ടുപേർ ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ട വിവരം വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) സ്കൂളുകൾ കേന്ദ്രീകരിച്ച് കുട്ടികളെ വഴിതെറ്റിക്കുന്ന സംഘങ്ങളെ നിരീക്ഷിക്കുന്നതിനും, മൊബൈൽ ഫോൺ സ്കൂളുകളിലേക്ക് കൊണ്ടുവരുന്നതിനും കർശനമായ വിലക്ക് ഏർപ്പെടുത്തുമോ;

(സി) വിദ്യാർത്ഥികളുടെ മനോനില ശക്തിപ്പെടുത്തുന്നതിനും ഏതെങ്കിലും തരത്തിൽ ചതിയിൽപ്പെട്ടവരാണെങ്കിലും അവരുടെ സ്വകാര്യത സംരക്ഷിച്ച് ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരുന്നതിനും ആത്മവിശ്വാസം വളർത്തുന്നതിനും ഓരോ വിദ്യാലയം കേന്ദ്രീകരിച്ച് ആവശ്യമായ

ബോധവൽക്കരണം നൽകുന്നതിന് കർമ്മപദ്ധതികളാവിഷ്കരിക്കുമോ; വിശദമാക്കുമോ;

(ഡി) സ്കൂൾ പരിസരങ്ങളിലെ കടകൾ, ഇന്റർനെറ്റ് കഫേകൾ എന്നിവ നിരീക്ഷിക്കുന്നതിന് ആഭ്യന്തര വകുപ്പുമായി സഹകരിച്ച് ഷാഡോ പോലീസിനെ നിയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>കായികാധ്യാപകരുടെ നിയമനം</u>

5075. ശ്രീ.എം. ഹംസ
ശ്രീമതി.പി. അയിഷാ പോറ്റി
ശ്രീ.കെ. ദാസൻ
,, കെ.കെ.നാരായണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ കായികാധ്യാപകരെ നിയമിക്കുന്നതിൽ വിമുഖത കാണിക്കുന്നുണ്ടോ;

(ബി) സ്കൂളുകളിൽ കായികാധ്യാപകരെ നിയമിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്താണ്; ഇതുപ്രകാരം നിയമനം നടക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) കായികാധ്യാപകരില്ലാത്ത എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; എത്ര അധ്യാപകരുടെ ഒഴിവുകൾ നികത്താനുണ്ട്; വിശദമാക്കാമോ;

(ഡി) കായിക പഠനത്തിനായി എസ്.ഇ.ആർ.ടി. അധ്യാപക പഠനസഹായി തയ്യാറായിട്ടുണ്ടോ; എങ്കിൽ ഇത് വിതരണം ചെയ്തിട്ടുണ്ടോ ;

(ഇ) ഒഴിവുള്ള തസ്തികകളിൽ കായികാധ്യാപകതസ്തികകളിൽ നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഐ .ഡി .എം .ഐ .പദ്ധതി</u>

5076. ശ്രീ.രാജു എബ്രഹാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികനത്തിനായി കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം നടപ്പാക്കുന്ന ഐ .ഡി .എം .ഐ .(ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് ഇൻ മൈനോറിറ്റി ഇൻസ്റ്റിറ്റ്യൂട്ട്സ്) പദ്ധതി എന്നുമുതൽ സംസ്ഥാനത്ത് നടപ്പാക്കുന്നു ; ഇതേ വരെ എത്ര രൂപ ഇതിനായി സംസ്ഥാനത്തിന് അനുവദിച്ചു ; ഏതൊക്കെ സ്ഥാപനങ്ങൾക്കായി എത്ര തുക വീതം ഓരോ വർഷവും അനുവദിച്ചു എന്ന് സ്ഥാപനങ്ങളുടെ പേരും വർഷവും തിരിച്ച് വ്യക്തമാക്കാമോ ; ഓരോ വർഷവും എത്ര അപേക്ഷയാണ് ലഭിച്ചത് ;

(ബി) പ്രസ്തുത തുക എന്തൊക്കെ പദ്ധതികൾ നടപ്പാക്കുന്നതിനാണ് അനുവദിച്ചിട്ടുള്ളത് ; തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡമെന്ത് ; സംസ്ഥാനത്ത് ഈ തുകയുടെ വിതരണച്ചുമതല നിർവ്വഹിക്കുന്നത് ആരാണ് ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് അനുവദിച്ചിട്ടുള്ള സമയപരിധി എത്ര ; പ്രസ്തുത സമയപരിധിക്കുള്ളിൽ എത്ര സ്ഥാപനങ്ങളാണ് പദ്ധതി നടപ്പാക്കി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത് ; ഏതൊക്കെ സ്ഥാപനങ്ങൾ ; ബാക്കി സ്ഥാപനങ്ങളിൽ ചെലവഴിച്ച തുക എത്ര വീതമെന്നും ബാക്കി തുക ചെലവഴിക്കാത്തതിന്റെ കാരണം എന്തെന്നും സ്ഥാപനങ്ങളുടെ പേരു സഹിതം വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതിപ്രകാരം ആദ്യ ഗഡു വാങ്ങിയിട്ടുള്ള സ്ഥാപനങ്ങളിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര സ്ഥാപനങ്ങളിൽ പരിശോധന നടത്തി ; പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെ ; ആരാണ് പരിശോധന നടത്തിയിട്ടുള്ളത് ; വ്യക്തമാക്കാമോ ;

(ഇ) ഫണ്ട് കൈപ്പറ്റിയിട്ടും പദ്ധതി നടപ്പാക്കാത്ത സ്ഥാപനങ്ങളുടെമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ

എന്ന് വിശദമാക്കാമോ?

ഐ.റ്റി.@സ്കൂൾ

5077. ശ്രീ.എം.എ. വാഹീദ്

,, കെ.ശിവദാസൻ നായർ

,, ലൂഡി ലൂയിസ്

,, തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഐ.റ്റി.@ സ്കൂൾ പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ നടപ്പാക്കാൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

എൻ സി സി, എൻ എസ് എസ്, സ്റ്റുഡന്റ് പോലീസ് കാഡറ്റ് എന്നീ വിഭാഗങ്ങൾക്ക് ഗ്രേസ് മാർക്ക്

5078. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിന് ഏതൊക്കെ വിഭാഗങ്ങൾക്കാണ് ഗ്രേസ് മാർക്ക് അനുവദിച്ചിരിക്കുന്നതെന്ന് പറയാമോ;

(ബി) എൻ സി സി, എൻ എസ് എസ്, സ്റ്റുഡന്റ് പോലീസ് കാഡറ്റ് എന്നീ വിഭാഗങ്ങൾക്ക് തുല്യമായ രീതിയിൽ ഗ്രേസ് മാർക്ക് സംവിധാനം കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ;

ആർ എം എസ് എ പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന സ്കൂളുകൾ

5079. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ എം എസ് എ ( രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭയാൻ) പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന സ്കൂളുകളിലെ അനധ്യാപക നിയമനങ്ങളിൽ എത്ര ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെയാണ് പി.എസ്.സി വഴി നിയമിച്ചിട്ടുള്ളത് എന്ന് ജില്ല തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ബി) നിയമനം ലഭിച്ചവരിൽ എത്ര പേർക്കാണ് ഇതുവരെ ശമ്പളം കിട്ടാതെ ജോലി ചെയ്തു വരുന്നത് എന്ന് വിശദമാക്കാമോ;

(സി) നിയമനം ലഭിച്ചവരിൽ ഓരോരുത്തരും എന്നാണ് ജോലിയിൽ പ്രവേശിച്ചതെന്നും ഇതുവരെ എത്ര രൂപ ശമ്പളയിനത്തിൽ നൽകാനുള്ളതെന്നും ജില്ല തിരിച്ച് വിവരം ലഭ്യമാക്കുമോ;

(ഡി) നിയമനം ലഭിച്ചവർക്ക് എത്രയും വേഗം ശമ്പളം നൽകാനുള്ള നടപടി സ്വീകരിക്കുമോ?

സി ആപ്റ്റ്, അൻസാലാ കമ്പനിയിൽനിന്നുള്ള വാടക മെഷീൻ

5080. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി ആപ്റ്റ്, ലോട്ടറി ടിക്കറ്റ് നമ്പറിങ്ങിനും ബാർകോഡ് പതിക്കുന്നതിനും വേണ്ടി, അൻസാലാ എന്ന സ്വകാര്യ കമ്പനിയിൽ നിന്ന് കോപ്പി ഒന്നിന് 92 പൈസ എന്ന നിരക്കിൽ കാനൻ OCE VP - 320 മെഷീൻ വാടകക്ക് എടുത്തത് ആരുടെ അനുമതിയോടെ ആണെന്നും ഈയിനത്തിൽ പ്രസ്തുത കമ്പനിക്ക് 2014-15-ൽ 1.60 കോടി രൂപ നൽകിയതിലൂടെ ഖജനാവിന് എത്ര തുക നഷ്ടമായി എന്നും

വിശദമാക്കുമോ ;

(ബി) ഇതിനുത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും പ്രസ്തുത നഷ്ടം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

## ബൈ ട്രാൻസ്ഫറിന് നീക്കിവച്ച തസ്തികകൾ

5081. **ശ്രീമതി.ഗീതാ ഗോപി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എസ്.റ്റി ഇംഗ്ലീഷ് വിഭാഗത്തിൽ ജൂനിയർ/സീനിയർ തസ്തികളിൽ എത്ര എണ്ണം ബൈ ട്രാൻസ്ഫർ പ്രമോഷന് വേണ്ടി മാറ്റി വച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ആയതു നികത്താൻ അടിയന്തര നടപടി സ്വീകരിക്കാമോ ;

(സി) ഇല്ലെങ്കിൽ പ്രസ്തുത തസ്തികൾ എന്തു ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

## സി-ആപ്റ്റ് അധിക പാഠപുസ്തകങ്ങൾ അച്ചടിച്ചത്

5082. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 അധ്യയന വർഷത്തെ പ്ലസ് വൺ, പ്ലസ് ടു പാഠപുസ്തകങ്ങളുടെ അച്ചടിയുമായി ബന്ധപ്പെട്ട് 2015 മെയ് വരെ സി. ആപ്റ്റിനു ലഭിച്ച ഇൻഡൻറിൽ ആകെ 23 ലക്ഷം പാഠപുസ്തകങ്ങൾ ആണ് ആവശ്യമായിട്ടുള്ളത് എന്നു വ്യക്തമായി രേഖപ്പെടുത്തിയിരുന്നെങ്കിലും 40 ലക്ഷം പാഠപുസ്തകങ്ങൾ അച്ചടിച്ചു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടിയാണ് കൈക്കൊള്ളാൻ പോകുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) അധികമായി അച്ചടിച്ച പുസ്തകങ്ങൾ എന്തു ചെയ്തു എന്ന് വിശദമാക്കുമോ?

## സി-ആപ്റ്റിൽ ജോലി ചെയ്യുന്ന റിട്ടയർഡ് ഉദ്യോഗസ്ഥർ

5083. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ആപ്റ്റിൽ, സർക്കാർ/അർദ്ധ സർക്കാർ സർവ്വീസുകളിൽ നിന്നു റിട്ടയർ ചെയ്ത ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥരെ നിയമിച്ചത് ഏതു രീതിയിലൂടെ ആണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഉദ്യോഗസ്ഥരുടെ പേരുകൾ, തസ്തിക, ഓരോരുത്തരും വാങ്ങുന്ന ശമ്പളം, ഇവർ ഓരോരുത്തരും അതതു തസ്തികകളിൽ നിയമിക്കപ്പെട്ട തീയതി, ഓരോരുത്തരുടെയും വയസ്സ് എന്നീ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ഇവർ ഓരോരുത്തരും നാളിതുവരെ വാങ്ങിയ ആകെ ശമ്പളം എത്രയെന്ന് ഉദ്യോഗസ്ഥൻ, വഹിക്കുന്ന തസ്തിക, ആകെ വാങ്ങിയ ശമ്പളം എന്നിങ്ങനെ ഇനം തിരിച്ച് വിശദമാക്കുമോ ?

## സി-ആപ്റ്റിന്റെ പ്രവർത്തനം

5084. ശ്രീ.വി.ശിവൻകുട്ടി

,, എ.എം. ആരിഫ്

,, കെ.കെ.നാരായണൻ

,, കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) സി-ആപ്റ്റിന്റെ പ്രവർത്തനം സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ; ഇതു സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ ;

(ബി) മുൻസർക്കാരിന്റെ കാലത്ത് തയ്യാറാക്കിയ പാക്കേജിലൂടെ ലാഭകരമായി പ്രവർത്തിച്ചിരുന്ന സ്ഥാപനം ഇപ്പോൾ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത് ;

(സി) സെക്യൂരിറ്റി പ്രസ്സ് ഉൾപ്പെടെയുള്ള യന്ത്ര സംവിധാനങ്ങൾ ഉണ്ടായിട്ടും പാഠപുസ്തകങ്ങളുടേതടക്കമുള്ള അച്ചടി ഏറ്റെടുക്കുന്നതിൽ വിമുഖത കാണിച്ചതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) ഭീമമായ വാടകയ്ക്ക് യന്ത്രങ്ങൾ വാങ്ങിയിട്ടുണ്ടോ ; പുതിയ യന്ത്രങ്ങൾ വാങ്ങാനുള്ള നിർവ്വാഹകസമിതിയുടെ തീരുമാനം നടപ്പാക്കാത്തതെന്തുകൊണ്ട് ;

(ഇ) സി - ആപ്റ്റ് എം.ഡി.ക്കെതിരെ ഉയർന്നിട്ടുള്ള ആരോപണങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ ?

<u>ഗവ: ഹയർ സെക്കന്ററി സ്കൂളുകളിലെ അധ്യാപകരുടെ സ്ഥലം മാറ്റം.</u>

5085. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവ: ഹയർ സെക്കന്ററി സ്കൂളുകളിലെ അധ്യാപകരുടെ സ്ഥലം മാറ്റം സംബന്ധിച്ച് മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ച് ഈ വർഷം മെയ് മാസത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് അധ്യാപക സംഘടനാ പ്രതിനിധികളുമായി സർക്കാർ തലത്തിൽ ചർച്ച നടത്തിയിട്ടുണ്ടോ ;വിശദമാക്കാമോ;

(സി) ഈ ഉത്തരവിൽ സ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ എല്ലാവർഷവും മാർച്ച് 15നകം ഡയറക്ടർക്ക് ലഭിക്കത്തക്ക വിധം ക്രമീകരിക്കണമെന്നും , സ്ഥലമാറ്റം മധ്യവേനൽ അവധിക്കാലത്ത് മാത്രം നടത്തണമെന്നും നിഷ്കർച്ചിട്ടുണ്ടോ;

(ഡി) ഉത്തരവിലെ നിബന്ധനകൾക്ക് വിരുദ്ധമായി 2015ജൂലായ് മാസത്തിൽ ഡയറക്ടർ സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ ക്ഷണിച്ചിരുന്നോ; വിശദമാക്കാമോ;

(ഇ) സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി സ്ഥലം മാറ്റത്തിന് അപേക്ഷ ക്ഷണിച്ച നടപടി തിരുത്തണമെന്ന് സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടോ;

(എഫ്) മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി സ്ഥലംമാറ്റത്തിന് അപേക്ഷ ക്ഷണിച്ച നടപടി റദ്ദാക്കുമോ;

(ജി) ഇക്കാര്യത്തിൽ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ നടപടികൾ സ്വീകരിക്കുമോ?

<u>ഡി.ഡി.ഇ നിയമനം</u>

5086. ശ്രീ.തോമസ് ചാണ്ടി

,, എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡി.ഡി.ഇ മാരില്ലാത്ത എത്ര ജില്ലകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ; പ്രസ്തുത ജില്ലകളുടെ പേരുകൾ വെളിപ്പെടുത്താമോ ;

(ബി) ഡി.ഇ.ഒ മാരുടെ പ്രൊബേഷൻ പ്രഖ്യാപിക്കാതെ തടഞ്ഞുവച്ചിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(സി) ഡി. ഇ. ഒ മാരുടെ പ്രൊബേഷൻ പ്രഖ്യാപിക്കാനും ഡി.ഡി.ഇ മാരുടെ ഒഴിവുള്ള തസ്തികകളിലേക്ക് യോഗ്യതയുള്ളവരെ പ്രൊമോട്ട് ചെയ്യാനും അടിയന്തര നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കാമോ?

### സി.ആപ്റ്റിലെ പാഠപുസ്തകങ്ങളുടെ അച്ചടി

5087. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ആപ്റ്റ്, 2014 ഒക്ടോബറിൽ 2015-16 അധ്യയന വർഷത്തിലെ പ്ലസ് വൺ, പ്ലസ് ടു പാഠപുസ്തകങ്ങളുടെ അച്ചടി ജോലികളുടെ 30 ശതമാനം മണിപ്പാൽ ടെക്നോളജീസ്, ലവ് ലി ഓഫ് സെറ്റ് പ്രിൻേറഴ്സ് എന്നീ സ്ഥാപനങ്ങൾക്കു നൽകിയിരുന്നോ ;

(ബി) നൽകിയിരുന്നെങ്കിൽ പ്രസ്തുത പ്രസ്സുകൾ അച്ചടി ജോലി പൂർണ്ണമായും തൃപ്തികരമായും നിർവ്വഹിച്ചോയെന്നു വ്യക്തമാക്കുമോ ;

(സി) ഇവയിൽ ഏതെങ്കിലും സ്ഥാപനത്തിന് 2015 ജൂണിൽ പേമെൻറ് നൽകിയിരുന്നോ ;

(ഡി) എങ്കിൽ ആയതിൻെറ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

### പഠന നിലവാരം നിരീക്ഷിക്കുന്നതിന് പദ്ധതി

5088. ശ്രീ.പി.തിലോത്തമൻ

,, ചിറ്റയം ഗോപകുമാർ

,, ജി.എസ്.ജയലാൽ

,, വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിലെ കുട്ടികളുടെ പഠന നിലവാരം നിരീക്ഷിക്കുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 2011 മുതൽ 2014 വരെ പൊതു വിദ്യാഭ്യാസ വകുപ്പ് ഏതെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(സി) പ്രാഥമിക വിദ്യാഭ്യാസത്തെക്കുറിച്ച് വാർഷിക റിപ്പോർട്ടുകൾ പ്രസിദ്ധപ്പെടുത്താറുണ്ടോ ; ഇല്ലെങ്കിൽ അവസാനമായി പ്രസിദ്ധീകരിച്ചത് എന്നാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) കുട്ടികളുടെ പഠന നിലവാരം നിരീക്ഷിക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

### എസ്.സി/എസ്.റ്റി തസ്തികകളുടെ ബാക്ക് ലോഗ്

5089. ശ്രീമതി.ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എസ്.റ്റി ഇംഗ്ലീഷ് അദ്ധ്യാപകരുടെ ജൂനിയർ, സീനിയർ തസ്തികകളിൽ എസ്.സി/എസ്.റ്റി വിഭാഗത്തിൻെറ ബാക്ക് ലോഗ് നികത്തുന്നതിനായി എത്ര എണ്ണം നീക്കിവെച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ;

(ബി) ഇങ്ങനെ മാറ്റിവെച്ച തസ്തികകൾ എന്തുകൊണ്ടാണ് പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കാത്തതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത തസ്തികകൾ എത്രയും വേഗം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

### എസ്.എസ്.എ. പദ്ധതി

5090. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

,, എം.ഉമ്മർ

,, കെ.മുഹമ്മദുണ്ണി ഹാജി

,, കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയന വർഷം എസ്.എസ്.എ. പദ്ധതി പ്രകാരം ഏതെങ്കിലും നൂതന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഈ വർഷത്തെ പദ്ധതി പ്രവർത്തനത്തിനായി കേന്ദ്രത്തിൽ സമർപ്പിച്ച എല്ലാ പ്രോജക്ടുകൾക്കും പണം അനുവദിച്ചിട്ടുണ്ടോ ;

(സി) നടപ്പുവർഷം എല്ലാ പ്രോജക്ടുകളും നടപ്പിലാക്കാൻ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അക്കാര്യം സജീവമായി പരിഗണിക്കുമോ ?

### എസ്.എസ്.എ. പ്രകാരം കമ്മ്യൂണിറ്റി ട്രെയിനിംഗ്

5091. ശ്രീ.ഹൈബി ഈഡൻ

,, പി.എ.മാധവൻ

,, ജോസഫ് വാഴയ്ക്കൻ

,, ഷാഫി പറമ്പിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എസ്.എസ്.എ. പ്രകാരം കമ്മ്യൂണിറ്റി ട്രെയിനിംഗ് പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

### എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് അധിക ചോദ്യപ്പേപ്പർ അച്ചടി

5092. ശ്രീ.ജെയിംസ് മാത്യു **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ എസ്. എസ്. എൽ. സി പരീക്ഷയ്ക്ക് കുട്ടികളുടെ എണ്ണത്തേക്കാൾ കൂടുതൽ എത്ര ചോദ്യപ്പേപ്പർ അച്ചടിച്ചിട്ടുണ്ടെന്നറിയിക്കാമോ ;

(ബി) ആകെ പരീക്ഷയെഴുതിയ കുട്ടികളുടെ എണ്ണമെത്രയാണ് ; ഓരോ വിഷയത്തിനും എത്ര വീതം ചോദ്യപേപ്പറുകളാണ് ആവശ്യമുള്ളത് ; അച്ചടിച്ചത് എത്രയാണ് ; വ്യക്തമാക്കാമോ ;

(സി) ഐ. ടി പരീക്ഷക്ക് പ്രത്യേകം ചോദ്യപ്പേപ്പർ അച്ചടിക്കേണ്ടതായിട്ടുണ്ടോ ; ആയതിലേക്കായി എത്ര ചോദ്യപ്പേപ്പറാണ് അച്ചടിച്ചത് ; പ്രസ്തുത ചോദ്യപ്പേപ്പർ പരീക്ഷ കഴിഞ്ഞതിനു ശേഷം വിതരണം ചെയ്യുകയുണ്ടായോ എന്ന് വ്യക്തമാക്കാമോ?

### എസ്.എസ്.എൽ.സി. പാസ്സാവുന്നവരുടെ എണ്ണം

5093. ശ്രീ.എ.കെ.ബാലൻ **:** താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ- എയ്ഡഡ് മേഖലയിൽ എസ്.എസ്.എൽ.സി. പാസ്സാവുന്നവരുടെ എണ്ണത്തിൽ കുറവ് വന്നുകൊണ്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

### അൺ എയ്ഡഡ് സ്കൂളുകൾക്ക് അനുമതി നല്കൽ

5094. ശ്രീ.തോമസ് ഉണ്ണിയാടൻ

,, സി.എഫ്.തോമസ്

,, മോൻസ് ജോസഫ്

,, റ്റി.യു. കുരുവിള **:** താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് അംഗീകാരം ഇല്ലാതെ പ്രവർത്തിക്കുന്ന മുഴുവൻ അൺ എയ്ഡഡ് സ്കൂളുകൾക്കും അനുമതി നല്കുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം നല്കുമോ?

<u>പ്രീ പ്രൈമറി സ്കൂളുകൾ</u>

5095. ശ്രീ.സി.ദിവാകരൻ
ശ്രീമതി.ഗീതാ ഗോപി
ശ്രീ.ചിറ്റയം ഗോപകുമാർ
,, ഇ.കെ.വിജയൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ സ്കൂളുകളോടനുബന്ധിച്ച് എത്ര പ്രീ പ്രൈമറി സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്, ഇവയിലെല്ലാം കൂടി എത്ര വിദ്യാർത്ഥികളുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രൈമറി മുതലുള്ള വിദ്യാർത്ഥികൾക്ക് ഭക്ഷണത്തിനായി എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത് ; ഈ സഹായം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉച്ച ഭക്ഷണ പദ്ധതിയിൽ പ്രീ പ്രൈമറി കുട്ടികളെ ഉൾപ്പെടുത്തിയിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾ</u>

5096. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര സർക്കാർ വിദ്യാലയങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) അവ ഏതെല്ലാം ജില്ലകളിലാണെന്നും അവയ്ക്ക് സ്വന്തമായി സ്ഥലം കണ്ടെത്താൻ സ്വീകരിച്ച നടപടികളും വിശദമാക്കാമോ ;

(സി) സ്ഥലം ലഭ്യമായ വിദ്യാലയങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) സ്ഥലം ലഭ്യമായ വിദ്യാലയങ്ങൾ ഏതെല്ലാമാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

<u>ആർ.എം.എസ്.എ.പദ്ധതി</u>

5097. ശ്രീ.രാജു എബ്രഹാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര യു,പി. സ്കൂളുകൾ ആർ.എം.എസ്.എ പദ്ധതിയിലുൾപ്പെടുത്തി കഴിഞ്ഞ 4 വർഷത്തിനുള്ളിൽ ഹൈസ്കൂളുകളാക്കി ഉയർത്തിയിട്ടുണ്ട് എന്ന് അവയുടെ പേരും ജില്ലയും സഹിതം വ്യക്തമാക്കാമോ ;

(ബി) ആർ.എം.എസ്.എ പദ്ധതിപ്രകാരം ഹൈസ്കൂളുകളാക്കി ഉയർത്തപ്പെട്ട സ്കൂളുകളിൽ ഹൈസ്കൂൾ പ്രവർത്തിക്കാനാവശ്യമായ കെട്ടിട സൗകര്യമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത പദ്ധതി പ്രകാരമുള്ള സ്കൂളുകളിൽ കെട്ടിടം നിർമ്മിക്കുന്നതിനായി 35 ലക്ഷം രൂപ വീതം അനുവദിക്കണമെന്ന പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ എതൊക്കെ സ്കൂളുകളിൽ ഇതിനായി ഫണ്ടനുവദിച്ചിട്ടുണ്ട് ; ബാക്കി സ്കൂളുകൾക്ക് ഫണ്ടനുവദിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

(സി) പ്രസ്തുത സ്കൂളുകൾക്ക് അടിയന്തരമായി കെട്ടിടം നിർമ്മിച്ചു നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഉയർത്തപ്പെട്ട ഇത്തരം സ്കൂളുകളിൽ ,ഹൈസ്കൂൾ വിഭാഗത്തിൽ പ്രഥമാദ്ധ്യാപകരോ അദ്ധ്യാപകരോ ഒരു അദ്ധ്യയനവർഷത്തിൽ പൂർണ്ണമായി ഇല്ലാത്തത് വിദ്യാർത്ഥികളുടെ പഠന നിലവാരത്തെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അദ്ധ്യാപകരെ ഉറപ്പ വരുത്താൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

## എൽ.ഡബ്ല്യൂ.എ/ ഡെപ്യൂട്ടേഷൻ ഒഴിവുകൾ

5098. **ശ്രീമതി.ഗീതാ ഗോപി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എസ്.റ്റി ഇംഗ്ലീഷ് വിഭാഗം തസ്തികകളിൽ എത്ര എണ്ണം എൽ.ഡബ്ല്യൂ.എ/ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർക്കായി നീക്കിവെച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ;

(ബി) ഈ തസ്തികയിൽ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ, 6 മാസത്തിൽ കൂടുതലുള്ള എൽ.ഡബ്ല്യൂ.എ/ഡെപ്യൂട്ടേഷൻ ഒഴിവുകൾ പി.എസ്.സി യ്ക്ക് ചട്ടപ്രകാരം റിപ്പോർട്ട് ചെയ്യാത്തതെന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ഒഴിവുകൾ എത്രയും വേഗം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

## വാളകം സി.എസ്.ഐ ബധിര സ്കൂളിലെ ഹോസ്റ്റൽ വിദ്യാർത്ഥികൾക്കുള്ള ഭക്ഷണവിതരണം

5099. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന വാളകം സി.എസ്.ഐ ബധിര സ്കൂളിലെ ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് ഭക്ഷണം നൽകുന്നതിനുള്ള സാധന സാമഗ്രികൾ വിതരണം ചെയ്യുന്നതിനുള്ള കരാർ നൽകിയിരിക്കുന്നത് ആർക്കാണ് ;

(ബി) ഭക്ഷണ വിതരണത്തിനായി സാധന സാമഗ്രികൾ വിതരണം ചെയ്ത വകയിൽ എത്ര തുക കുടിശ്ശിക ആയി നൽകാനുണ്ട് ; വ്യക്തമാക്കാമോ ;

(സി) കുടിശിക തുക നൽകാത്തതിനാൽ കുട്ടികൾക്ക് ഭക്ഷണത്തിനുള്ള സാധന സാമഗ്രികളുടെ വിതരണം നിലയ്ക്കുന്ന സാഹചര്യമുണ്ടോ ;

(ഡി) കുടിശിക തുക വിതരണം ചെയ്യുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ ?

## സ്കീം ഫോർ പ്രൊവൈഡിംഗ് ക്വാളിറ്റി എഡ്യൂക്കേഷൻ ഇൻ മദ്രസ്സാസ്

5100. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കീം ഫോർ പ്രൊവൈഡിംഗ് ക്വാളിറ്റി എഡ്യൂക്കേഷൻ ഇൻ മദ്രസ്സാസ്(എസ്.പി.ക്യു.ഇ.എം) ന്റെ സംസ്ഥാനത്തെ പ്രവർത്തനം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) 2010-11, 2011-12, 2012-13, 2013-14 വർഷങ്ങളിൽ എസ്.പി.ക്യു.ഇ.എം. ന്റെ പ്രവർത്തനങ്ങൾക്കായി എത്ര തുകയാണ് നീക്കിവച്ചത്; എത്ര ചെലവഴിച്ചു;

(സി) പ്രസ്തുത പദ്ധതി പ്രകാരം മദ്രസ്സ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ;ഓരോ വർഷത്തെയും പ്രത്യേകം പ്രത്യേകം വ്യക്തമാക്കാമോ?

## ലബ്ബാ കമ്മിറ്റി റിപ്പോർട്ട്

5101. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി വിഭാഗത്തിൽ 5 വർഷം പൂർത്തിയാക്കിയ ജൂനിയർ അദ്ധ്യാപകരെ സീനിയർ അദ്ധ്യാപകരാക്കി മാറ്റണമെന്ന് 2014 ലെ ലബ്ബാ കമ്മിറ്റി റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നോ ;

(ബി) എങ്കിൽ പ്രസ്തുത ശിപാർശ നടപ്പിലാക്കുകയുണ്ടായോ ;

(സി) ഇല്ലെങ്കിൽ അടിയന്തരമായി നടപ്പിലാക്കുമോ എന്ന് വിശദമാക്കുമോ ?

<u>ഹയർ സെക്കണ്ടറി മലയാളം (ജൂനിയർ) തസ്തിക</u>

5102. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി മലയാളം ( ജൂനിയർ)അധ്യാപകർക്കുള്ള പി. എസ്സ്. സി ലിസ്റ്റ് എന്ന് മുതലാണ് നിലവിൽ വന്നത് ; ഇതിൽ നിന്നും എത്ര പേരെ ഇതിനകം നിയമിച്ചു ; വിശദമാക്കുമോ ;

(ബി) പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ ഇപ്പോഴുണ്ട് ; സീനിയർ പ്രമോഷൻ വഴി എത്ര ഒഴിവുകൾ ഉണ്ടാകാനിടയുണ്ട് ; വിശദമാക്കുമോ ;

(സി) ഒഴിവുകളുടെ എണ്ണം റിപ്പോർട്ടു ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഹയർ സെക്കന്ററി വകുപ്പ് തസ്തിക പുനർ നിർണ്ണയവും ഡെപ്യൂട്ടേഷൻ നിയമനവും</u>

5103. ശ്രീ.ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി വകുപ്പ് രൂപീകരിച്ചശേഷം ഡയറക്ടറേറ്റിലെ തസ്തിക പുനർ നിർണ്ണയം നടന്നിട്ടുണ്ടോ;

(ബി) ഡയറക്ടറേറ്റ് രൂപീകരിക്കുമ്പോൾ ജീവനക്കാരെ നിയമിക്കുന്നതു സംബന്ധിച്ച് ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നോ; അതിൽ മാറ്റം വരുത്തിയിട്ടുണ്ടോ;

(സി) ഹയർ സെക്കന്ററി വകുപ്പിൽ ജീവനക്കാരുടെ അധികജോലി ഭാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർവ്വകലാശാലകളിൽ നിന്നും ഡയറക്ടറേറ്റിൽ ഡെപ്യൂട്ടേഷനിൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ നിയമിച്ചിരുന്ന ഉദ്യോഗസ്ഥരെ തിരിച്ചയക്കുകയുണ്ടായോ; ഇങ്ങനെ വരുന്ന ഒഴിവുകളിൽ നിയമനം നടത്തുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; വിശദ വിവരം ലഭ്യമാക്കാമോ;

(ഇ) അദ്ധ്യാപകർ, വിദ്യാർത്ഥികൾ, പൊതുപരീക്ഷകൾ എന്നിവയുടെ എണ്ണം വർദ്ധിച്ചതനുസരിച്ച് ഡയറക്ടറേറ്റിൽ തസ്തികകളുടെ എണ്ണം പുനർ നിർണ്ണയം ചെയ്യുമോ;

(എഫ്) ഡയറക്ടറേറ്റിൽ ഒഴിവുള്ള തസ്തികകളിൽ സെക്രട്ടേറിയറ്റിൽ നിന്നും ജീവനക്കാരെ നിയമിക്കുന്നത് ചട്ടപ്രകാരമാണോ;

(ജി) ഡയറക്ടറേറ്റിലെ ജീവനക്കാർക്ക് അർഹമായ പ്രൊമോഷൻ നൽകുന്നതിനും അതുവഴി ഒഴിവുവരുന്ന തസ്തികകളിൽ പി.എസ്.സി മുഖേന നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഹയർ സെക്കന്ററി സ്കൂൾ അധ്യാപകരുടെ സ്ഥല മാറ്റം</u>

5104. ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ അധ്യാപകരുടെ സ്ഥല മാറ്റത്തെ സംബന്ധിച്ച് മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ച് സർക്കാർ ഈ വർഷം മെയ് മാസത്തിൽ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായോ ;ടി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുമുൻപ് അധ്യാപക സംഘടന

പ്രതിനിധികളുമായി സർക്കാർ തലത്തിൽ ചർച്ച നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവിൽ സ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ എല്ലാവർഷവും മാർച്ച് 15-ാം തീയതിയ്ക്കകം ഹയർ സെക്കന്ററി ഡയറക്ടർക്ക് ലഭിക്കത്തക്ക വിധം ക്രമീകരിക്കണമെന്നും, സ്ഥലംമാറ്റ ഉത്തരവ് മധ്യ വേനലവധിക്കാലത്ത് മാത്രം നടത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ടോ; ടി നിബന്ധനകൾക്ക് വിരുദ്ധമായി 2015ജൂലൈ മാസത്തിൽ ഹയർസെക്കന്ററി ഡയറക്ടർ സ്ഥലം മാറ്റത്തിനുള്ള അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ;

(സി) സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി സ്ഥലം മാറ്റത്തിന് അപേക്ഷ ക്ഷണിച്ച നടപടി തിരുത്തണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിക്കുകയുണ്ടായോ;ഇങ്ങനെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി സ്ഥലം മാറ്റ അപേക്ഷ ക്ഷണിച്ച ഡയറക്ടറുടെ നടപടി റദ്ദാക്കുമോ;

(ഡി) ഈ വിഷയത്തിൽ വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുമോ?

<u>ഹയർ സെക്കണ്ടറി സ്കൂളുകളിലെ ഗണിതശാസ്ത്രം സീനിയർ തസ്തികയിലെ ഒഴിവുകൾ</u>

5105. **ശ്രീ.ബെന്നി ബെഹനാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഗണിതശാസ്ത്രം സീനിയർ തസ്തികയിൽ എത്ര ഒഴിവുകൾ (2015 ജൂൺ വരെയുള്ള റിട്ടയർമെന്റ് ഉൾപ്പെടെ) ഉണ്ട് ;

(ബി) പ്രസ്തുത ഒഴിവുകളിൽ എത്ര എണ്ണം നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തു ;

(സി) പ്രസ്തുത ഒഴിവുകളിൽ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യാത്തവ ഏതൊക്കെ രീതിയിലാണ് നികത്തപ്പെടുന്നത് ; വ്യക്തമാക്കാമോ ;

(ഡി) 2015 ജൂണിൽ ഗവഃ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഗണിതശാസ്ത്രം ജൂനിയർ അദ്ധ്യാപകരിൽ എത്ര പേർ പ്രമോഷന് അർഹരായിട്ടുണ്ട് ?

<u>ഹയർ സെക്കന്ററി ഗണിതശാസ്ത്രം അദ്ധ്യാപക തസ്തിക</u>

5106. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ജൂലൈ മാസം വരെയുള്ള റിട്ടയർമെന്റ് ഉൾപ്പെടെ ഗവ:ഹയർ സെക്കന്ററി സ്കൂളുകളിൽ ഗണിതശാസ്ത്രം സീനിയർ തസ്തികയുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി. ക്കു റിപ്പോർട്ട് ചെയ്യുമെന്ന് അറിയിക്കുമോ ;

(ബി) പി.എസ്.സി.ക്കു റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഏതെല്ലാം രീതിയിലാണ് നികത്തപ്പെടുന്നത്; വ്യക്തമാക്കാമോ;

(സി) 2015 ജൂലൈയിൽ ഗവ: ഹയർ സെക്കന്ററി സ്കൂളുകളിൽ ഗണിതശാസ്ത്രം ജൂനിയർ അദ്ധ്യാപകരിൽ എത്ര പേർക്ക് പ്രൊമോഷന് അർഹതയുണ്ട്;

(ഡി) 2011ന് ശേഷം ഗവ: ഹയർ സെക്കന്ററിയിൽ പുതുതായി അനുവദിച്ച ഗണിത ശാസ്ത്രം ഉൾപ്പെടുന്ന ബാച്ചുകളുടെ തസ്തിക നിർണ്ണയം എന്നത്തേക്ക് നടപ്പിലാക്കും; ഇതുപ്രകാരം എത്ര ഗണിതശാസ്ത്രം സീനിയർ ജൂനിയർ ഒഴിവുകൾ നിലവിൽ വരുമെന്നുള്ള വിശദാംശം നല്കുമോ?

<u>ഹയർ സെക്കണ്ടറി സ്കൂളുകളിൽ കായികാദ്ധ്യാപക തസ്തിക</u>

5107. **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ കായികാദ്ധ്യാപക തസ്തിക അനുവദിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത തസ്തിക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

<u>ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർ</u>

5108. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി ഡയറക്ടറേറ്റ്, റീജണൽ ഡയറക്ടറേറ്റ് എന്നിവടങ്ങളിൽ ഏതെല്ലാം വകുപ്പുകളിൽ നിന്നുള്ള ജീവനക്കാർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ടെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഹയർ സെക്കന്ററി വകുപ്പിനെ പൊതുവിദ്യാഭ്യാസ വകുപ്പുമായി സംയോജിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) ഹയർ സെക്കന്ററി വകുപ്പിൽ ജോലി ചെയ്യുന്ന മറ്റു വകുപ്പുകളിലെ ജീവനക്കാരെ അവരുടെ ലാവണങ്ങളിലേക്ക് തിരിച്ചയയ്ക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്;

(ഡി) ഇതു സംബന്ധിച്ച് വിശദാംശങ്ങൾ നൽകാമോ?

<u>ഹയർ സെക്കന്ററി ഡയറക്ടറേറ്റിന്റെ പ്രവർത്തനം</u>

5109. ശ്രീ.വി.ശിവൻകുട്ടി

,, ആർ. രാജേഷ്

,, എ.എം. ആരിഫ്

,, കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യത്തിനു ജീവനക്കാരില്ലാത്തതു കാരണം ഹയർ സെക്കന്ററി ഡയറക്ടറേറ്റിന്റെ പ്രവർത്തനം കാര്യക്ഷമമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പരീക്ഷ നടത്തിപ്പ്, ഫലം പ്രസിദ്ധീകരിക്കൽ, മാർക്ക് ലിസ്റ്റ് നല്കൽ, സർട്ടിഫിക്കറ്റുകളിലെ തിരുത്തലുകൾ തുടങ്ങി സമയബന്ധിതമായി തീർക്കേണ്ട ജോലികൾ ജീവനക്കാരുടെ കുറവുമൂലം കൃത്യതയോടെ നടത്താൻ നിലവിലുള്ള ജീവനക്കാർ പ്രയാസപ്പെടുകയാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) വിവിധ ആവശ്യങ്ങൾക്കായി ഡയറക്ടറേറ്റിൽ എത്തുന്ന വിദ്യാർത്ഥികളും രക്ഷിതാക്കളും ഇതുമൂലമുള്ള പ്രയാസങ്ങൾ അനുഭവിക്കേണ്ടി വരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഹയർസെക്കണ്ടറി ഡയറക്ടറേറ്റ് രൂപീകരിച്ച ശേഷമുണ്ടായിട്ടുള്ള അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പരീക്ഷകളുടെയും വർദ്ധനവിന് ആനുപാതികമായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ;

(ഇ) വിവിധ സർവ്വകലാശാലകളിൽ നിന്നും ഡെപ്യൂട്ടേഷനിൽ നിയമിതരായ ഉദ്യോഗസ്ഥരെ തിരിച്ചയച്ച ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(എഫ്) നിലവിലുള്ള അർഹരായ ജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്നതിനും ഒഴിവുവരുന്ന തസ്തികകളിൽ നിയമാനുസൃതം നിയമനം നടത്തുന്നതിനും തയ്യാറാകുമോ?

<u>ഹയർ സെക്കന്ററി വിദ്യാർത്ഥികളുടെ പാഠപുസ്തകവും പഠനസഹായിയും.</u>

5110. ശ്രീ.എ. കെ. ശശീന്ദ്രൻ

,, തോമസ് ചാണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പൺ സ്കൂൾ രണ്ടാംവർഷ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് പാഠപുസ്തകവും പഠനസഹായിയും ഇതുവരെ ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പഠന സഹായി തയ്യാറാക്കാനുള്ള ശില്പശാലയ്ക്ക് എത്ര ചെലവ് ഇതുവരെ ഉണ്ടായിട്ടുണ്ട്; ഒരു മോഡ്യൂളിന്റെ ആദ്യഭാഗം പോലും ഇതുവരെ അച്ചടിച്ചില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് ഉത്തരവാദികൾ ആരെന്നും എന്തു തുടർനടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ;

(സി) പൂജപ്പുരയിലെ ഓപ്പൺ സ്കൂൾ ആസ്ഥാനത്ത് ഗസ്റ്റ് ഹൗസും ട്രെയിനിംഗ് സെന്ററും ഉള്ളപ്പോൾ കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ എന്നിവിടങ്ങളിലെ സ്വകാര്യ സ്ഥാപനങ്ങളിൽ വച്ച് പരിശീലനം നടത്തിയതിന് ലക്ഷക്കണക്കിന് രൂപയുടെ അധികചെലവ് ഉണ്ടായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പാഠപുസ്തക വിതരണം സി-ആപ്റ്റിനെ ഏല്പിച്ചതാണ് കാലതാമസത്തിന് കാരണമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഹയർ സെക്കൻററി ലാബ് അസിസ്റ്റൻററുമാരുടെ പ്രൊബേഷൻ</u>

5111. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.ഒ.( ആർ.റ്റി ) 5567/14 തീയതി 15.12.2014 പ്രകാരമുള്ള ഹയർ സെക്കൻററി ലാബ് അസിസ്റ്റൻററുമാരുടെ പ്രൊബേഷൻ സംബന്ധിച്ച ഉത്തരവിൻെറ തുടർ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) മേൽ ഉത്തരവിന്മേലുള്ള വകുപ്പുതല നടപടികൾ പൂർത്തിയായോ;ഈ ഉത്തരവിൻെറ മുൻകാല പ്രാബല്യം ഏത് തീയതിമുതൽക്കാണ് ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

(സി) മേൽ ഉത്തരവിൻപ്രകാരം എത്ര ജീവനക്കാർക്ക് സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കുമെന്ന് അറിയിക്കാമോ;

<u>ഹയർ സെക്കൻററി ക്ലറിക്കൽ തസ്തികയിലേക്ക് പ്രമോഷൻ</u>

5112. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 3.1.2014 ലെ 1/2014 നമ്പർ ഉത്തരവ് പ്രകാരം ഹയർ സെക്കൻററി വിഭാഗത്തിലെ താഴ്ന്ന ശമ്പള സ്കെയിൽ ജീവനക്കാർക്ക് ക്ലറിക്കൽ തസ്തികയിലേക്ക് 10 ശതമാനം പ്രമോഷൻ നൽകാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഹയർ സെക്കൻററി ലാബ് അസിസ്റ്റൻറുമാർക്ക് മേൽ ഉത്തരവു പ്രകാരം പ്രമോഷൻ നൽകാൻ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ ;

(സി) ഹയർസെക്കൻററി വിദ്യാഭ്യാസ വകുപ്പിൽ എത്ര എൽ.ഡി ക്ലാർക്ക് തസ്തികകളുണ്ട് ;

(ഡി) നിലവിൽ ക്ലറിക്കൽ തസ്തികയിൽ എത്രപേർ ഡെപ്യൂട്ടേഷൻ/ദിവസവേതന വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ട് ;

(ഇ) സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമനം നടത്തുന്നതിന് നിലവിൽ തടസ്സങ്ങൾ ഉണ്ടോ എന്ന് വ്യക്തമാക്കാമോ ;

(എഫ്) ലാബ് അസിസ്റ്റൻററുമാർക്ക് മേൽ ഉത്തരവു പ്രകാരം പ്രമോഷൻ നൽകാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

(ജി) എങ്കിൽ എന്ന് നടപ്പിലാക്കുമെന്ന് വ്യക്തമാക്കാമോ?

അസ്ഥി വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്കും പരീക്ഷാ സഹായിയും

5113. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വൈകല്യങ്ങളുള്ള വിദ്യാർത്ഥികൾക്ക് പൊതു പരീക്ഷകളിലും പ്രവേശനപരീക്ഷകളിലും നൽകുന്ന ഇളവുകളും ആനുകൂല്യങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ :

(ബി) കാഴ്ചവൈകല്യമുള്ള കുട്ടികൾക്ക് ഗ്രേസ് മാർക്കും പരീക്ഷകളിൽ സഹായിയെയും നൽകുമ്പോൾ അസ്ഥിവൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ഇപ്രകാരം നൽകാത്തത് എന്തുകൊണ്ടാണെന്നു പറയാമോ ;

(സി) അസ്ഥി സംബന്ധമായ വൈകല്യമുള്ള വിദ്യാർത്ഥികൾക്ക്, ക്ലാസ്സിൽ കൃത്യമായി ഹാജരാകുവാൻ കഴിയാതെ വരുന്നതുമൂലം പഠനത്തിൽ പിന്നോക്കം പോകുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത വിദ്യാർത്ഥികൾക്ക് മാതാപിതാക്കളുടെയും സഹപാഠികളുടെയും സഹായമുണ്ടെങ്കിൽ മാത്രമെ ക്ലാസ്സിൽ എത്താനാവുകയുള്ളുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(ഡി) പ്രസ്തുത വിദ്യാർത്ഥികൾക്ക് ശാരീരിക വിഷമതകൾ മൂലം ക്ലാസ്സുകൾ മുടങ്ങി, പഠന നിലവാരത്തിൽ പിന്നോക്കമാകുന്നത് പരിഹരിക്കുവാനും ഇപ്രകാരമുള്ള വിദ്യാർത്ഥികളെ സഹായിക്കുവാനും പരീക്ഷകളിൽ സഹായിയെ അനുവദിക്കുന്നതിനും ഗ്രേസ് മാർക്ക് നൽകുന്നതിനും നടപടി സ്വീകരിക്കുമോ ?

ദേശീയ സ്കൂൾമീറ്റ് വിഭജനം

5114. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സ്കൂൾമീറ്റ് വിഭജിക്ക (ആൺ - പെൺ) പ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കുമെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത തീരുമാനം നടപ്പാക്കിയാൽ കേരളത്തിന് തിരിച്ചടിയാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പെൺകുട്ടികളുടെ മികവിലാണ് കഴിഞ്ഞ കുറെ വർഷങ്ങളായി കേരളം ദേശീയ സ്കൂൾ കിരീടം നേടി വരുന്നതെന്നകാര്യം വിലയിരുത്തിയിട്ടുണ്ടോ;എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്നറിയിക്കുമോ?

എച്ച്.എസ്.എ. (ഫിസിക്കൽ സയൻസ് )നിയമനം

5115. ശ്രീ.പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 അദ്ധ്യയന വർഷത്തിൽ സർക്കാർ സ്കൂളുകളിലെ അധ്യാപക - വിദ്യാർത്ഥി അനുപാതം 1:35 എന്ന അനുപാതത്തിലാണോ നിശ്ചയിച്ചതെന്ന് വ്യക്തമാക്കാമോ ;

(ബി) തിരുവനന്തപുരം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ 1:35 എന്ന അനുപാതത്തിൽ ഫിക്സേഷൻ നടത്തിയതിനുശേഷം അധികം വരുന്ന എച്ച്.എസ്.എ (ഫിസിക്കൽ സയൻസ്) അധ്യാപകരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) തിരുവനന്തപുരം ജില്ലയിൽ പി.എസ്.സി യിൽ നിന്നും അഡ്വൈസ് ലഭിച്ചിട്ട് ഏകദേശം ഒരു വർഷക്കാലമായിട്ടും എച്ച്.എസ്.എ (ഫിസിക്കൽ സയൻസ്) തസ്തികയിൽ നിയമന ഉത്തരവ് നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അടിയന്തരമായി നിയമന ഉത്തരവ് നൽകാൻ നടപടി സ്വീകരിക്കുമോ ;

(ഡി) 2015-16 അദ്ധ്യയന വർഷത്തിൽ തിരുവനന്തപുരം ജില്ലയിൽ റിപ്പോർട്ട് ചെയ്യപ്പെട്ട എച്ച്.എസ്.എ

(ഫിസിക്കൽ സയൻസ്) 5 പെൻഷൻ വേക്കൻസികളുടെ 50% പി.എസ്.സി റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികൾക്ക് നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ ; പ്രസ്തുത ഒഴിവുകൾ അടിയന്തരമായി പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

എച്ച്.എസ്.എസ്.ടി (ജൂനിയർ) സ്ഥാനക്കയറ്റം

5116. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ എച്ച്.എസ്.എസ്.ടി (ജൂനിയർ) തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് അവരുടെ സീനിയോറിറ്റി അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എൽ.പി, യു.പി, എച്ച്.എസ്.എ, പാർട്ട്-ടൈം അദ്ധ്യാപക തസ്തികയിൽ നിലവിലുള്ള ഫുൾടൈം പ്രൊമോഷൻ സമ്പ്രദായം ഹയർ സെക്കണ്ടറി ജൂനിയർ അദ്ധ്യാപകർക്കും ബാധകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ലബ്ബ കമ്മീഷൻ ശുപാർശകൂടി കണക്കിലെടുത്ത് 5 വർഷം പൂർത്തിയാക്കിയ ജൂനിയർ അദ്ധ്യാപകരെ സീനിയറായി സ്ഥനക്കയറ്റം നൽകി നിയമിക്കാമോ;

(ഡി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

സൗജന്യ പാഠ പുസ്തക വിതരണം

5117. **ശ്രീ.കെ.അച്ചുതൻ**

**,,** ഹൈബി ഈഡൻ

**,,** കെ.ശിവദാസൻ നായർ

**,,** കെ.മുരളീധരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വശിക്ഷാ അഭിയാൻ (എസ്.എസ്.എ) പ്രകാരം കുട്ടികൾക്ക് സൗജന്യ പാഠ പുസ്തക വിതരണത്തിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

എയിഡഡ് സ്കൂൾ പ്രോവിഡന്റ് ഫണ്ട് കെട്ടിടത്തിന്റെ നവീകരണം

5118. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ എയിഡഡ് സ്കൂൾ പ്രോവിഡന്റ് ഫണ്ട് വിഭാഗം പ്രവർത്തിക്കുന്ന കെട്ടിടത്തിന് കേടുപാടുകൾ സംഭവിച്ച് പ്രവർത്തനയോഗ്യമല്ലാതായിത്തീർന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പുതുക്കിപ്പണിയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

എയ്ഡഡ് സ്കൂൾ അധ്യാപകരുടെ നിയമന അംഗീകാര ഉത്തരവുകൾ

5119. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ എയ്ഡഡ് സ്കൂൾ അധ്യാപകരുടെ നിയമന അംഗീകാര കാര്യത്തിൽ നാളിതുവരെ ഇറക്കിയ ഉത്തരവുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ എയ്ഡഡ് സ്കൂൾ അധ്യാപകരുടെ നിയമന അംഗീകാര കാര്യത്തിൽ വിവിധ റിവിഷൻ പെറ്റീഷൻ, ഹൈക്കോടതി വിധി, അപ്പീൽ എന്നിവയുടെ

അടിസ്ഥാനത്തിൽ എത്ര ജി.ഒ. (ആർ.ടി.)നമ്പർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇങ്ങനെ സംസ്ഥാനത്ത് ഏതെല്ലാം അധ്യാപകർക്ക് നിയമന അംഗീകാരം നൽകിയിട്ടുണ്ട്; അധ്യാപകരുടെ പേര്, സ്കൂൾ, വിദ്യാഭ്യാസ ജില്ല മുതലായവ വിശദമാക്കാമോ;

(ഡി) ഉത്തരവുകൾ നൽകിയ പൊതുവിദ്യാഭ്യാസ വകുപ്പിലെ ബന്ധപ്പെട്ട ഫയൽ നമ്പർ വ്യക്തമാക്കാമോ; നൽകിയിട്ടുള്ള സർക്കാർ ഉത്തരവുകളുടെ ജി.ഒ (ആർ.ടി)പകർപ്പുകൾ ലഭ്യമാക്കാമോ?

<u>അറബിക് സർവ്വകലാശാല</u>

5120. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യാന്തര നിലവാരമുള്ള ഗവേഷണ പഠന അവസരങ്ങൾ സൃഷ്ടിക്കുന്ന അറബിക് സർവ്വകലാശാല യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് എന്തെങ്കിലും തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ജില്ലാ-സംസ്ഥാന സ്കൂൾ യുവജനോത്സവം, കായിക,ശാസ്ത്ര-ഗണിത മേളകൾ</u>

5121. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ-സംസ്ഥാന സ്കൂൾ യുവജനോത്സവം, കായിക മേള, ശാസ്ത്ര-ഗണിത മേള എന്നിവയിൽ വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത മേളകളിൽ വിജയം കൈവരിക്കുന്നവർക്ക് തുടർ മത്സരങ്ങളിൽ പങ്കെടുക്കാൻ ശാസ്ത്രീയമായ പരിശീലനം നൽകുന്നതിന് ഏർപ്പെടുത്തിയ സംവിധാനങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത മേളകളിൽ മികവ് പുലർത്തുന്നവർക്കുള്ള ആനുകൂല്യങ്ങളിൽ കാലോചിതമായ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ?

<u>ശ്രീമതി ലേഖ കൃഷ്ണന് മുൻകാല പ്രാബല്യത്തിൽ നിയമനം</u>

5122. **ശ്രീ.പി.സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലയിൽ ഇരുമ്പനങ്ങാട് എ.ഇ.പി. എച്ച്.എസ്.എസ്. ലെ സോഷ്യൽസയൻസ് ഹൈസ്കൂൾ അദ്ധ്യാപികയായ ശ്രീമതി ലേഖ കൃഷ്ണന് 18.06.2008 മുതൽ 28.08.2009 വരെയുള്ള കാലയളവിൽ ജോലി ചെയ്തിട്ടുള്ള വേതനം ലഭിക്കാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കുമോ ;

(ബി) നിലവിൽ ഇതുമായി ബന്ധപ്പെട്ട പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ ആഫീസിൽ A3/57938/13 എന്ന ഫയലിന്മേൽ നാളിതുവരെ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ;

(സി) അടിയന്തരമായി പ്രസ്തുത കാലയളവിലെ നിയമനം അംഗീകരിച്ച് ടിയാൾക്ക് വേതനം ലഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(ഡി) പ്രസ്തുത ഫയലിൽ അനാവശ്യമായ കാലതാമസം ഒഴിവാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

<u>സ്കൂൾ പാചക തൊഴിലാളികളുടെ വർദ്ധിപ്പിച്ച വേതനം</u>

5123. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാചക തൊഴിലാളികൾക്ക് വർദ്ധിപ്പിച്ച വേതനം ലഭ്യമാക്കിയിട്ടുണ്ടോ ; എങ്കിൽ എന്നു മുതലാണ് ഇവ ലഭിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ ?

<u>സ്വച്ഛ് ഭാരത് സ്വച്ഛ് വിദ്യാലയ് അഭ്യാൻ</u>

5124. ശ്രീ.സണ്ണി ജോസഫ്

,, പി.സി വിഷ്ണുനാഥ്

,, ലൂഡി ലൂയിസ്

,, ഹൈബി ഈഡൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ സ്വച്ഛ് ഭാരത് സ്വച്ച് വിദ്യാലയ് അഭ്യാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>സർവ്വ ശിക്ഷാ അഭിയാൻ - പഠന പരിപോഷണ പരിപാടികൾ</u>

5125. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി

,, ബെന്നി ബെഹനാൻ

,, വർക്കല കഹാർ

,, പാലോട് രവി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് എസ്.എസ്.എ. പഠന പരിപോഷണ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>സ്കൂൾ പ്രവേശന നടപടികളുടെ ലഘൂകരണം</u>

5126. ശ്രീ.കെ.എസ്.ശബരീനാഥൻ

,, ജോസഫ് വാഴയ്ക്കൻ

,, ഐ.സി.ബാലകൃഷ്ണൻ

,, ആർ . സെൽവരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ സ്കൂൾ പ്രവേശനത്തിനുള്ള നടപടികൾ ലഘൂകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>സ്കൂൾ ആർട്ട് ഗ്യാലറി</u>

5127. ശ്രീ.അൻവർ സാദത്ത്

,, എ.റ്റി.ജോർജ്

,, ഷാഫി പറമ്പിൽ

,, കെ.എസ്.ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാ മണ്ഡലങ്ങളിലെ തെരെഞ്ഞെടുത്ത സ്കൂളുകളിൽ ആർട്ട് ഗ്യാലറി തുടങ്ങുവാൻ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കുന്നത് എന്നറിയിക്കുമോ ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>കരിയർ ഗൈഡൻസ് പദ്ധതി</u>

5128. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി വകുപ്പിലെ കരിയർ ഗൈഡൻസ് പദ്ധതി നടത്തിപ്പിലെ സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ പരാമർശം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ എന്തെല്ലാം പരാമർശങ്ങളാണ് നടത്തിയത് എന്ന് വിശദമാക്കുമോ ;

(സി) എ.ജി നടത്തിയ കണ്ടെത്തലുകൾ സംബന്ധിച്ച് കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

<u>അധ്യാപക പാക്കേജും അധ്യാപക തസ്തികാ നിർണ്ണയവും</u>

5129. ശ്രീ.കോടിയേരി ബാലകൃഷ്ണൻ

,, റ്റി.വി.രാജേഷ്

,, പി.ശ്രീരാമകൃഷ്ണൻ

,, രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക പാക്കേജ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് എയ്ഡഡ് സ്കൂൾ മാനേജ് മെന്റ് പ്രതിനിധികളുമായും അദ്ധ്യാപകരുമായി നടത്തിയ ചർച്ചയിൽ ഇരുകൂട്ടരുടെയും നിർദ്ദേശം എന്തായിരുന്നു ; ഇത് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം അധ്യാപക തസ്തികാ നിർണ്ണയം നടത്തിയിട്ടുണ്ടോ ; വിശദാംശം നല്കാമോ ;

(സി) ഒന്ന് മുതൽ നാല് വരെയുള്ള ക്ലാസ്സുകളിൽ 1:30, അഞ്ചു മുതൽ പത്തു വരെ 1:35 എന്ന അനുപാതത്തിൽ തസ്തികാ നിർണ്ണയം നടത്തുമോ ;

(ഡി) തസ്തിക നിർണ്ണയിക്കുമ്പോൾ എയ്ഡഡ് സ്കൂളിൽ അധികം വരുന്ന തസ്തികയിൽ മറ്റ് എയ്ഡഡ് സ്കൂളുകളിൽ നിന്നും ജോലി നഷ്ടപ്പെട്ട് പുറത്തു പോകുന്ന അധ്യാപകരെ നിശ്ചിത അനുപാതത്തിൽ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) സർക്കാർ സ്കൂളുകളിൽ നിലവിലുള്ള അനുപാതം കുറയ്ക്കുന്നതിന് അധ്യാപക പാക്കേജിൽ തീരുമാനമായിട്ടുണ്ടോ ; എയ്ഡഡ് മാനേജ്മെന്റുകളുടെ താല്പര്യം മാത്രം പരിഗണിച്ചുള്ള തീരുമാനമാണോ കൈക്കൊണ്ടിട്ടുള്ളത് ?

<u>ഹയർ സെക്കന്ററി സ്കൂളുകളിൽ അധിക ബാച്ചുകൾക്ക് തസ്തിക അനുവദിക്കാൻ നടപടി</u>

5130. ശ്രീമതി.ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ 2011വർഷത്തിൽ എത്ര സ്കൂളുകൾക്ക് അധിക ബാച്ചുകൾ അനുവദിച്ചിട്ടുണ്ടെന്നും, പ്രസ്തുത സ്കൂളുകളിൽ നാളിതുവരെയായി തസ്തിക നിർണ്ണയം നടത്തി എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും അറിയാമോ ;

(ബി) തസ്തികകൾ അനുവദിച്ചിട്ടില്ലെങ്കിൽ, ആരംഭിച്ചു കഴിഞ്ഞ അധിക ബാച്ചുകളിലെ വിദ്യാർത്ഥികളുടെ അദ്ധ്യയനം നടക്കുന്നതിന് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ എന്നും എന്ത് അടിസ്ഥാനത്തിലാണ് നിയമനം നടത്തിയിരിക്കുന്നതെന്നും അറിയിക്കുമോ ;

(സി) 2011 ൽ അനുവദിച്ച അധികബാച്ചുകളിൽ ക്ലാസ്സെടുക്കുന്ന ഗസ്റ്റ് ലക്ചർമാർക്ക് ശമ്പളം കൊടുക്കുന്നുണ്ടോ; എങ്കിൽ ഇല്ലാത്ത തസ്തികകളിൽ ജോലി ചെയ്യുന്ന അധ്യാപകർക്ക് ശമ്പളം നൽകാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

(ഡി) 2011 ൽ ഹയർ സെക്കന്ററി സ്കൂളുകളിൽ അനുവദിച്ച അധിക ബാച്ചുകളിലെ താൽക്കാലിക അധ്യാപകർക്ക് ശമ്പളം നൽകുന്ന മാതൃക, അതിനുശേഷം ബാച്ച് അനുവദിക്കപ്പെട്ട സ്കൂളുകളിലെ ഗസ്റ്റ് അദ്ധ്യാപകർക്കും ബാധകമാക്കി വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന ശമ്പളം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ ;

(ഇ) ഇല്ലെങ്കിൽ, കാരണംവിശദമാക്കുമോ; എല്ലാവർക്കും ശമ്പളം ലഭിക്കുവാനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ ?

## അസാപ്പ് പാഠ്യപദ്ധതി

5131. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് പുതുതായി തുടക്കം കുറിച്ച അസാപ്പ് വഴി നടപ്പാക്കുന്ന പഠനപദ്ധതികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(ബി) അസാപ്പ് പാഠ്യപദ്ധതി ആരംഭിച്ചതിനുശേഷം ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ടായ പുരോഗതി എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ; ഇതുവഴി വിദ്യാർത്ഥികൾക്ക് തൊഴിൽസാധ്യത വർദ്ധിച്ചതായി ബോദ്ധ്യപെട്ടിട്ടുണ്ടോ;

(സി) അസാപ്പിന്റെ സേവനങ്ങൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് വി.എച്ച്.എസ്.സി വിഭാഗങ്ങളിലേക്ക് അസാപ്പ് വ്യാപിപ്പിച്ചിട്ടുണ്ടോ;

(ഇ) അസാപ്പ് പാഠ്യപദ്ധതി സംസ്ഥാനത്തു മുഴുവൻ ഹയർസെക്കന്ററി സ്കൂളുകളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ടോ?

## സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം

5132. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം നൽകുന്ന പദ്ധതിയുടെ പ്രയോജനം 2014-15 അദ്ധ്യയന വർഷം എല്ലാവർക്കും ലഭിച്ചിട്ടുണ്ടോ; കണക്ക് അറിയിക്കുമോ;

(ബി) 2015-16 അദ്ധ്യയന വർഷം യൂണിഫോം വിതരണം പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

## സ്കൂൾ വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ്

5133. ശ്രീ.ഐ.സി.ബാലകൃഷ്ണൻ

,, ഡൊമിനിക് പ്രസന്റേഷൻ

,, ജോസഫ് വാഴയ്ക്കൻ

,, വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സ്കൂൾ വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

## സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ

5134. ശ്രീ.വി.ഡി.സതീശൻ

,, അൻവർ സാദത്ത്

,, ബെന്നി ബെഹനാൻ

,, എ.പി.അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

## പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ സംയോജിത വിദ്യാഭ്യാസം

5135. ശ്രീ.സി.പി.മുഹമ്മദ്

,, ആർ . സെൽവരാജ്

,, എം.പി.വിൻസെന്റ്

,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ എസ്.എസ്.എ. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ സംയോജിത വിദ്യാഭ്യാസത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

## മലപ്പുറം ജില്ലയിലെ ജൂനിയർ ലാംഗ്വേജ് ടീച്ചറുടെ ഒഴിവുകൾ

5136. ശ്രീ.സി.മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ 'ഉർദു ' ജൂനിയർ ലാംഗ്വേജ് ടീച്ചറുടെ (പാർട്ട് ടൈം/ഫുൾ ടൈം) എത്ര ഒഴിവുകൾ വീതം നിലവിലുണ്ട് എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

## സ്വയംഭരണ കോളേജുകളിലെ പ്രവേശനം, ഫീസ് ഘടന

5137. ശ്രീ.കോടിയേരി ബാലകൃഷ്ണൻ

,, കെ.രാധാകൃഷ്ണൻ

,, ജി.സുധാകരൻ

,, റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംഭരണ കോളേജുകളിലെ പ്രവേശനത്തിലും ഫീസ് ഘടനയിലും മാറ്റം വരുത്തിയിട്ടുണ്ടോ; എയ്ഡഡ് കോളേജുകളിൽ മെറിറ്റ് സീറ്റുകളിൽ പൂർണ്ണമായും പ്രവേശനം നൽകുന്നുണ്ടോ;

(ബി) ഇത്തരം കോളേജുകളിൽ സ്വാശ്രയ കോഴ്സുകൾ നടത്തുന്നുണ്ടോ; ഏതെല്ലാം കോളേജുകളിൽ ഏതെല്ലാം കോഴ്സുകളാണ് നടത്തുന്നത്;

(സി) സ്വയംഭരണ പദവിയും സ്വാശ്രയ കോഴ്സുകളും ഉന്നതവിദ്യാഭ്യാസത്തിന്റെ അന്ത:സത്ത തകർക്കുന്നതാണെന്ന വസ്തുത അറിവുള്ളതാണോ;

(ഡി) ഈ തെറ്റായ നയത്തിനെതിരെ കോളേജ് കാമ്പസുകളിൽ നടന്ന പ്രക്ഷോഭങ്ങൾ പരിഗണിച്ച് നയം തിരുത്താൻ തയ്യാറാകുമോ?

(ഇ)

<u>നാദാപുരം ഗവൺമെന്റ് കോളേജിൽ അനദ്ധ്യാപക തസ്തിക</u>

5138. ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം ഗവൺമെന്റ് കോളേജിൽ അനദ്ധ്യാപക തസ്തിക അനുവദിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത് വിശദമാക്കാമോ ?

<u>ഉച്ചഭക്ഷണ പദ്ധതി</u>

5139. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതി പ്രകാരം വിതരണം ചെയ്യുന്നത് പോഷകമൂല്യമുള്ള ഭക്ഷണമായിരിക്കണമെന്നത് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഭക്ഷണം പാകം ചെയ്യുന്നതും വിതരണം ചെയ്യുന്നതും ശുചിത്വമുള്ള സാഹചര്യത്തിലാണെന്നത് ഉറപ്പുവരുത്തുന്നതിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ടോ; പാചകം ചെയ്യുന്ന പാത്രങ്ങളുടെയും കുട്ടികളുടെ പാത്രങ്ങളുടെയും ശുചിത്വം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ സ്കൂളുകൾക്കും നൽകിയിട്ടുണ്ടോ;

(സി) ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് നൂൺ ഫീഡിംഗ് കമ്മിറ്റികൾ രൂപവത്കരിക്കാത്ത സ്കൂളുകൾക്ക് ആയത് അടിയന്തിരമായി രൂപീകരിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുമോ?

<u>പാഠപുസ്തക അച്ചടി ടെൻഡർ</u>

5140. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ പാഠപുസ്തകം അച്ചടിക്കുന്ന കമ്പനിക്ക് കരാർ നൽകാൻ ധനവകുപ്പ് അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ അനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ടെൻഡർ നടപടികൾക്ക് സ്റ്റോഴ്സ് ആൻഡ് പർച്ചേയ്സ് മാന്വൽ പാലിച്ചിട്ടുണ്ടോ ; ദർഘാസിനാവശ്യമായ സമയം പ്രസുകൾക്ക് ടെൻഡറിൽ പങ്കെടുക്കുവാൻ ലഭിച്ചിട്ടുണ്ടോ ?

<u>പാഠപുസ്തക അച്ചടി പ്രതിസന്ധിയിന്മേൽ അന്വേഷണം</u>

5141. ശ്രീ.എളമരം കരീം

,, എസ്.ശർമ്മ

,, ബി.സത്യൻ

,, സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയന വർഷത്തേക്കുള്ള പാഠപുസ്തക അച്ചടി വൈകിയത് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഏത് ഏജൻസിയാണ് അന്വേഷണം നടത്തുന്നത് ; വ്യക്തമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച് വിദ്യാർത്ഥി സംഘടനകളുമായി ചർച്ച നടത്തിയിരുന്നോ ; ചർച്ചയിൽ സ്വതന്ത്ര ഏജൻസി അന്വേഷിക്കണമെന്ന ആവശ്യം ഉയർന്നിരുന്നോ ; ഈ ആവശ്യം സർക്കാർ പരിഗണിച്ചോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പാഠപുസ്തക അച്ചടി സ്വകാര്യ പ്രസ്സുകൾക്ക് നൽകാൻ നടത്തിയ നീക്കമാണ് അച്ചടി പ്രതിസന്ധിയുണ്ടാകാൻ കാരണമെന്ന പരാതി പ്രസ്തുത ചർച്ചയിൽ ഉയർന്നിരുന്നോ ;

(ഡി) വിവിധ വകുപ്പുകൾ ചേർന്ന് മന്ത്രിതലത്തിൽ തീരുമാനമെടുത്ത പാഠപുസ്തക അച്ചടി സംബന്ധിച്ച് ഉയർന്നു വന്ന ആരോപണങ്ങൾ സർക്കാർ ഉദ്യോഗസ്ഥൻ അന്വേഷിക്കുന്നതിന്റെ അനൗചിത്യം വിലയിരുത്തിയിട്ടുണ്ടോ ; ഇതു സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിന് തയ്യാറാകുമോ ?

<u>ചാലക്കുടി വിദ്യാഭ്യാസ ഉപജില്ല</u>

5142. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി വിദ്യാഭ്യാസ ഉപജില്ലാ ഓഫീസിൽ ഓഫീസർ, സീനിയർ സൂപ്രണ്ട് തുടങ്ങിയ തസ്തികകളിൽ റിട്ടയർമെന്റ് വേക്കൻസികളിൽ നിയമനം നടത്താത്തതുമൂലം അദ്ധ്യയനവർഷത്തിന്റെ ആരംഭത്തിൽ ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഒഴിവുള്ള തസ്തികകളിൽ ഉടൻ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ;

(സി) ചാലക്കുടിയിൽ താലൂക്ക് അനുവദിച്ച് പ്രവർത്തനം ആരംഭിച്ച് ഒരു വർഷം പിന്നിട്ട സാഹചര്യത്തിൽ അവിടെ ഡി.ഇ.ഒ ഓഫീസ് അനുവദിച്ച് പ്രവർത്തനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കാട്ടുകുറ്റി പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധികാരപരിധി ഭരണസേവന സൗകര്യങ്ങൾ കണക്കിലെടുത്ത് ചാലക്കുടി ഉപജില്ലയുടെ കീഴിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>പേരാമ്പ്ര മണ്ഡലത്തിലെ സ്കൂളുകളിലെ ഒഴിവുകൾ</u>

5143. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ വിവിധ സർക്കാർ ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി, ഹൈസ്കൂൾ, അപ്പർ പ്രൈമറി, ലോവർ പ്രൈമറി സ്കൂൾ എന്നിവയിൽ നിലവിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കാമോ?

<u>പാഠപുസ്തക അച്ചടിക്കായി ചെലവഴിച്ച തുക</u>

5144. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയന വർഷം സംസ്ഥാനത്ത് സ്കൂൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിന് ആവശ്യമായ പാഠപുസ്തകങ്ങൾ എവിടെയെല്ലാമാണ് അച്ചടിച്ചത്; ഓരോ പ്രസ്സിലും എത്ര വീതം പുസ്തകങ്ങൾ

അച്ചടിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) സ്വകാര്യ പ്രസ്സുകളിൽ പാഠപുസ്തക അച്ചടി നടന്നിട്ടുണ്ടോ;

(സി) പാഠപുസ്തക അച്ചടിക്കായി ഇതിനകം എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ; വിശദാംശം നൽകാമോ

## ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ നിയമനം

5145. **ശ്രീ.സി.പി.മുഹമ്മദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാർ ഹൈസ്കൂൾ അസിസ്റ്റന്റുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേരെ ഹെഡ്മാസ്റ്റർമാരായി സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുണ്ട് ; 2016 മാർച്ച് മാസം വിരമിക്കുന്നവരൊഴിച്ചാൽ ബാക്കി എത്രപേർ ഈ ലിസ്റ്റിൽ സ്ഥാനക്കയറ്റത്തിനായി ഉണ്ടാകും ; വ്യക്തമാക്കാമോ ;

(ബി) തൊട്ടടുത്ത ഹൈസ്കൂൾ അസിസ്റ്റന്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ് ഏതു വർഷത്തെ നിയമനം അടിസ്ഥാനമാക്കിയാണ് തയ്യാറാക്കിയിട്ടുള്ളത് ; ഇതിൽ എത്ര പേരെ ഉൾപ്പെടുത്തിയിട്ടുണ്ട് ; വെളിപ്പെടുത്താമോ ;

(സി) ടെസ്റ്റ് യോഗ്യത നേടിയവരെ മാത്രം സ്ഥാനക്കയറ്റം നൽകി ഹെഡ്മാസ്റ്റർമാരായി നിയമിക്കുവാനുള്ള നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദീകരിക്കാമോ?

## അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം

5146. **ശ്രീ.വി.എസ്.സുനിൽ കുമാർ**

**,,** ഇ.ചന്ദ്രശേഖരൻ

**,,** പി.തിലോത്തമൻ

**,,** കെ.രാജു **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം പരിഷ്ക്കരിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ പരിഷ്ക്കരിച്ച അനുപാതം എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) നിലവിലുണ്ടായിരുന്ന അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയാണ് എന്ന് വ്യക്തമാക്കുമോ;

(സി) പരിഷ്ക്കരിച്ച അദ്ധ്യാപക-വിദ്യാർത്ഥി അനുപാതത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്കൂളുകളിൽ എത്ര അദ്ധ്യാപകരുടെ ഒഴിവുണ്ടാകുമെന്ന് വിശദമാക്കുമോ?

## പട്ടികജാതി -പട്ടികവർഗ്ഗ അദ്ധ്യാപകർ

5147. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ, എയിഡഡ് മേഖലകളിലായി ആകെ എത്ര അദ്ധ്യാപകർ സേവനമനുഷ്ഠിക്കുന്നുണ്ട്; ഇതിൽ പട്ടികജാതി -പട്ടികവർഗ്ഗക്കാർ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) എയിഡഡ് സ്ഥാപനങ്ങളിൽ സംവരണമില്ലാത്തതാണ് പട്ടികവിഭാഗക്കാരുടെ പ്രാതിനിധ്യം കുറയാൻ കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോണ്ടോ;

(സി) എങ്കിൽ സർക്കാർ സ്കൂളുകളിൽ എൽ.പി.,യു.പി.,എച്ച്.എസ് വിഭാഗങ്ങളിൽ നിയമനം കിട്ടുന്ന അദ്ധ്യാപകരുടെ ഹെഡ്മാസ്റ്റർ പ്രമോഷനിൽ പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മേൽ സൂചിപ്പിച്ച കാരണങ്ങളാൽ സീനിയോറിറ്റിയുടെ കാര്യത്തിലെങ്കിലും ഇളവ് അനുവദിക്കുമോ; അതിനുവേണ്ടി ബന്ധപ്പെട്ട ചട്ടങ്ങൾ ഭേദഗതി ചെയ്യാൻ നടപടി സ്വീകരിക്കുമോ?

കാസർകോട് ജില്ലയിലെ സ്കൂളുകളുടെ എണ്ണം

5148. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് അസംബ്ലി നയോജകമണ്ഡലത്തിലെൽ ഒരു ഹൈസ്കൂൾ പോലും ഇല്ലാത്ത എത്ര ഗ്രാമപഞ്ചായത്തുകൾ ഉണ്ട്;

(ബി) കാസർകോട് അസംബ്ലി നിയോജകമണ്ഡലത്തിലെ കുമ്പടാജ ഗ്രാമപഞ്ചായത്തിൽ എത്ര ഹൈസ്കൂളുകളാണുള്ളത്; ഇവിടെയുള്ള എൽ.പി., യു.പി. സ്കൂളുകളുടെ എണ്ണം സർക്കാർ, എയ്ഡഡ് വേർതിരിച്ച് വ്യക്തമാക്കാമോ;

(സി) കുമ്പടാജ ഗ്രാമപഞ്ചായത്തിൽ മലയാളം മീഡിയം ഹൈസ്കൂൾ ഇല്ലെങ്കിൽ പ്രസ്തുത ന്യൂനത പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ഡി) എയ്ഡഡ് , സർക്കാർ തലത്തിലുള്ള ഈ പഞ്ചായത്തിലെ ഏതെങ്കിലും എൽ.പി., യു.പി സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ ആലോചനയുണ്ടോ?

കാസർഗോഡ് ജില്ലയിൽ അധ്യാപകരുടെ ഒഴിവുകൾ

5149. ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വിവിധ സർക്കാർ സ്കൂളുകളിൽ നിലവിൽ എത്ര അധ്യാപകരുടെ ഒഴിവുകൾ ഉണ്ടെന്ന് വിശദമാക്കാമോ ;

(ബി) അധ്യാപകരുടെ ഒഴിവുകൾ ദിവസ വേതനാടിസ്ഥാനത്തിൽ നികത്തുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) സർപ്ലസ് അധ്യാപകരുടെ നിയമനവുമായി ബന്ധപ്പെട്ട് ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ തടസ്സം നിൽക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പഠനം തടസ്സപ്പെടാത്ത തരത്തിൽ അധ്യാപക തസ്തികകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

സ്പെഷ്യൽ സ്കൂളുകളുടെ അംഗീകാരം

5150. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര സ്പെഷ്യൽ സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട് ; അംഗീകാരം ലഭിച്ചതിനു ശേഷം ഇവിടെ ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) സ്പെഷ്യൽ സ്കൂളുകൾക്ക് നൽകി വരുന്ന സഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; നിലവിലെ ധനസഹായം എത്ര രൂപയാണ് ;

(സി) സ്പെഷ്യൽ സ്കൂളുകളിലെ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശം നിലവിലുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; നിലവിലുള്ള ജിവനക്കാരെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

സ്പെഷ്യൽ ടീച്ചർമാരുടെ സീനിയോറിറ്റിയും പ്രൊമോഷനും

5151. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചു വർഷത്തെ സർവീസുള്ള പാർട്ട് ടൈം ടീച്ചർമാർക്ക് ഫുൾടൈം പ്രൊമോഷൻ നല്കാൻ ഉത്തരവുണ്ടെങ്കിലും സ്പെഷ്യൽ ടീച്ചർമാരുടെ കാര്യത്തിൽ 15 വർഷം സർവീസുള്ളവരെ മാത്രമാണ് ഫുൾടൈം ടീച്ചർമാരായി ഉയർത്തുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;പ്രസ്തുതതരത്തിലുള്ള വിവേചനം എന്തുകൊണ്ടാണെന്നു പറയാമോ; അഞ്ചുവർഷസർവീസുള്ള സ്പെഷ്യൽ ടീച്ചർമാരെയും ഫുൾടൈം ടീച്ചർമാരായി ഉയർത്താൻ നടപടി സ്വീകരിക്കുമോ?

(ബി) 15 വർഷം പൂർത്തിയാക്കിയ പാർട്ട് ടൈം സ്പെഷ്യൽ ടീച്ചർമാരെ ഫുൾ ടൈം ആക്കിക്കൊണ്ട് 2009-ൽ ഉത്തരവ് ഇറക്കിയപ്പോൾ ഫുൾടൈം അദ്ധ്യാപകരായ സ്പെഷ്യൽ ടീച്ചർമാരുടെ അതിലേറെയുള്ള സേവനകാലം പരിഗണിക്കപ്പെട്ടിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം പ്രൊമോഷൻ, ഇൻക്രിമെൻറ്, ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ, പെൻഷൻ ആനുകൂല്യങ്ങൾ എന്നിവയിലടക്കം അവർക്ക് ഉണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(സി) പാഠ്യപദ്ധതിയുടെ ഭാഗമായ ഡ്രോയിംഗ്, തയ്യൽ തുടങ്ങിയ സ്പെഷ്യൽ വിഷയങ്ങൾ പഠിപ്പിക്കുന്ന ഇത്തരം അദ്ധ്യാപകരുടെ കാര്യത്തിൽ വിവേചനം ഒഴിവാക്കി ഇവരുടെ സേവനകാലയളവ് പൂർണ്ണമായും പരിഗണിച്ച് പ്രൊമോഷനടക്കമുള്ള കാര്യങ്ങളിൽ ഉചിതമായ ഉത്തരവുണ്ടാക്കുവാനും മറ്റദ്ധ്യാപകർക്കുള്ള എല്ലാ പരിഗണനകളും ലഭിക്കുവാനും നടപടി സ്വീകരിക്കുമോ ;

(ഡി) സ്പെഷ്യൽ ടീച്ചർമാരുടെ സേവനകാലയളവ് പൂർണ്ണമായും പരിഗണിക്കപ്പെടണമെന്നും പാർട്ട് ടൈം അദ്ധ്യാപകരെപോലെ 5 വർഷത്തെ സേവന കാലയളവുള്ളവരെ ഫുൾടൈമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങളിൽ തീരുമാനം കൈക്കൊള്ളാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

<u>ജോലിക്കിടെ മദ്യപിച്ചതിന്റെ പേരിൽ നടപടി നേരിടുന്ന ജീവനക്കാർ</u>

5152. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോലിക്കിടെ മദ്യപിച്ചതിന്റെ പേരിൽ തലസ്ഥാന നഗരിയിൽ ഈ വർഷം വിദ്യാഭ്യാസ വകുപ്പിലെ ഒരേ ഓഫീസിലെ എത്ര ജീവനക്കാർക്കെതിരെ നടപടിയെടുത്തിട്ടുണ്ട്;

(ബി) പ്രസ്തുത ജീവനക്കാർക്കെതിരെ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

<u>വിദ്യാഭ്യാസ വകുപ്പിലെ പ്രൊമോഷൻ</u>

5153. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ പ്രൊമോഷൻ യഥാസമയം നൽകുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ലോവർ ഡി.പി.സി, ഹയർ ഡി.പി.സി എന്നിവ സമയബന്ധിതമായി നടത്താറില്ലെന്നുള്ളതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കഴിഞ്ഞ രണ്ട് വർഷക്കാലത്തിനിടയിൽ ചേർന്ന ഡി.പി.സി കളുടെ വിശദവിവരം നൽകുമോ?

<u>വിദ്യാഭ്യാസ വകുപ്പിലെ ഒഴിവുകൾ</u>

5154. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ നിലവിൽ വിവിധ കേഡറുകളിലായി എത്ര തസ്തികകൾ ഒഴിവുണ്ട്; അദ്ധ്യാപകരുടേതുൾപ്പെടെ ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ ?

<u>വൊക്കേഷണൽ സ്കൂളുകളിലെ നോൺ വൊക്കേഷണൽ ടീച്ചർ ഒഴിവുകൾ</u>

5155. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വി.എച്ച്.എസ്.എസ്. പ്രവർത്തിക്കുന്നുണ്ട് എന്നത് വ്യക്തമാക്കാമോ;

(ബി) വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ നോൺ വൊക്കേഷണൽ ടീച്ചർ (ബയോളജി) സീനിയർ, ജൂനിയർ തസ്തികകളിലെ എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ച് വിശദമാക്കാമോ;

(സി) പ്രസ്തുത തസ്തികകളുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോയെന്നും എങ്കിൽ എന്നാണ് റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെന്നും അറിയാമോ; വിശദമാക്കാമോ;

(ഡി) ഈ തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് പി.എസ്.സി. അഡ്വൈസ് നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഇ) ഇതുവരെ എത്ര പേരെ അഡ്വൈസ് ചെയ്തു; ആർക്കെല്ലാം അഡ്വൈസ് നൽകി; വ്യക്തമാക്കാമോ?

<u>ആറ്റിങ്ങൽ മണ്ഡലത്തിൽ അസാപ് നടപ്പിലാക്കുന്ന വിദ്യാലയങ്ങൾ</u>

5156. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലമുൾപ്പെടുന്ന പ്രദേശത്ത് ഏതെല്ലാം വിദ്യാലയങ്ങളിലാണ് അസാപ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ ;

<u>സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്</u>

5157. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസിൽ പ്രവേശിക്കപ്പെട്ടവരുടെ കഴിഞ്ഞ പത്ത് വർഷത്തെ കണക്കുകൾ വിശദമാക്കാമോ;

(ബി) പത്താംക്ലാസ് പരീക്ഷ എഴുതിയവരുടെ കഴിഞ്ഞ പത്ത് വർഷത്തെ കണക്കുകൾ വിശദമാക്കാമോ;

(സി) ഒന്നാംക്ലാസിൽ പ്രവേശിക്കപ്പെടുന്നവരുടെ എണ്ണത്തിലും എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നവരുടെ എണ്ണത്തിലും കുറവ് നേരിട്ടുകൊണ്ടിരിക്കുകയാണോ; എങ്കിൽ എത്ര ശതമാനം വെച്ച് ഓരോ വർഷവും കുറവുണ്ടായിട്ടുണ്ട്;

(ഡി) സർക്കാർ, എയ്ഡഡ് മേഖലയിലെ സ്കൂളുകളിലെ ഒന്നാംക്ലാസ് മുതൽ പത്താംക്ലാസ് വരെയുള്ള അധ്യാപകരുടെ കഴിഞ്ഞ പത്ത് വർഷത്തെ കണക്കുകൾ വർഷം തിരിച്ച് വിശദമാക്കാമോ;

(ഇ) അധ്യാപക വിദ്യാർത്ഥി അനുപാതത്തിൽ കഴിഞ്ഞ പത്ത് വർഷത്തെ മാറ്റങ്ങൾ എന്തൊക്കെയായിരുന്നു?

<u>വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ നോൺ വൊക്കേഷണൽ ഇംഗ്ലീഷ് ടീച്ചർ നിയമനം</u>

5158. **ശ്രീ.വി.പി.സജീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ കെ.എസ് & എസ് എസ് ആർ 9 a (i) പ്രകാരം എത്ര മിനിസ്റ്റീരിയൽ സ്റ്റാഫ് താല്ക്കാലിക അധ്യാപകരായി ജോലി നോക്കുന്നുണ്ട് ; പ്രസ്തുത താല്ക്കാലിക അധ്യാപകരെ തിരികെ യു.ഡി ക്ലർക്കുമാരായി റിവെർട്ട് ചെയ്യാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത താൽക്കാലിക അധ്യാപകരെ റിവെർട്ട് ചെയ്ത് നിലവിലുളള പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും നോൺ വൊക്കേഷണൽ ഇംഗ്ലീഷ് ടീച്ചർ തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത താൽക്കാലിക അധ്യാപകർക്ക് നോൺ വൊക്കേഷണൽ ടീച്ചർ ഇംഗ്ലീഷ് ജൂനിയറിൽ നിന്നും സീനിയർ ആയുളള പ്രൊമോഷൻ തടഞ്ഞിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത പ്രൊമോഷൻ നടത്തി ഉണ്ടാവുന്ന ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) വൊക്കേഷണൽ ഹയർ സെക്കണ്ടറിയിലെ പ്രസ്തുത പ്രൊമോഷൻ, നമ്പർ.ഇ4/15124/2013 തീയതി, 6/3/15 ഗസറ്റ് നമ്പർ: 14, വാല്യം IV പ്രകാരം 7/4/15 - ൽ ഗസറ്റ് വിജ്ഞാപനം ചെയ്തിട്ടും നാളിതുവരെയും പ്രൊമോഷൻ നടത്തിയിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ ? പ്രസ്തുത പ്രൊമോഷൻ നടപടികൾ ത്വരിതപ്പെടുത്തുമോ?

## സ്കൂളുകളിൽ ലൈബ്രേറിയൻ തസ്തിക

5159. **ശ്രീ.കോവൂർ കുഞ്ഞുമോൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ലൈബ്രേറിയൻ തസ്തിക അനുവദിക്കുന്നതിന് വേണ്ടി ഡി.പി.ഐ ഓഫീസിലെ ഫയൽ നമ്പർ ഡി4/39004/13 തീയതി 22.10.2013 പ്രകാരം നൽകിയ (എൻI/11345/13 തീയതി 17.07.2013/പൊ.വി) റിപ്പോർട്ടിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) വിദ്യാഭ്യാസ മേഖലയിൽ എത്ര ലൈബ്രേറിയൻ തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്; സർക്കാർ മേഖലയിൽ എത്രയാണ്; ഇതിന്റെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ; ഇത്തരത്തിൽ അധിക തസ്തിക സൃഷ്ടിക്കുമ്പോൾ അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ ഈ വിഷയവുമായി ബന്ധപ്പെട്ട ഫയലുകളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ?

## തിരുവനന്തപുരം ജില്ല യു.പി.സ്കൂൾ അസിസ്റ്റന്റ് നിയമനം

5160. **ശ്രീ.എം.ഉമ്മർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ പി.എസ്.സി യിൽ നിന്ന് അഡ്വൈസ് ലഭിച്ച തിരുവനന്തപുരം ജില്ലയിലെ യു.പി.സ്കൂൾ അസിസ്റ്റന്റ് (മലയാളം മീഡിയം) തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരുവനന്തപുരം പി.എസ്.സി ജില്ലാ ഓഫീസിൽ നിന്ന് ഡി.റ്റി.ബി (2) 927/09 തീയതി 26.12.2014-ലെ അഡ്വൈസ് തിരുവനന്തപുരം ഡെപ്യൂട്ടി ഡയറക്ടറുടെ (വിദ്യാഭ്യാസം) കാര്യാലയത്തിൽ എന്നാണ് ലഭ്യമായതെന്ന് വ്യക്തമാക്കാമോ ;

(സി) വിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള ചട്ടപ്രകാരം അഡ്വൈസ് ലഭ്യമായാൽ ഒഴിവുകൾ നികത്തേണ്ടതിന്റെ കാലപരിധി സംബന്ധിച്ച മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ഡി) പി.എസ്.സി യിൽ നിന്ന് അഡ്വൈസ് ലഭിച്ചാൽ മൂന്നു മാസത്തിനുള്ളിൽ നിയമനം നൽകണമെന്ന വ്യവസ്ഥ പ്രസ്തുത ഓഫീസ് പാലിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ഇ) മേൽ സൂചിപ്പിച്ച അഡ്വൈസിന്മേൽ നിയമനം മരവിപ്പിച്ചുകൊണ്ട് ഉദ്യോഗതലത്തിൽ സർക്കുലറുകളോ, മറ്റ് ഏതെങ്കിലും പ്രത്യേക ഉത്തരവുകളോ , ഫയലിന്മേൽ ക്വറികളോ, നിലനിൽക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(എഫ്) ഇല്ലെങ്കിൽ DTB (2)927/09 തീയതി 26.12.2014 നമ്പർ അഡ്വൈസിന്മേൽ നിയമനം വൈകുന്നതിന്റെ കാരണം വിശദമാക്കുമോ;

(ജി) ഇതിന്മേലുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ടി ഉദ്യോഗാർത്ഥികൾക്ക് എന്നത്തേയ്ക്ക് നിയമനം നൽകാൻ സാധിക്കും; അറിയിക്കാമോ ?

<u>സ്കോളർഷിപ്പ് നൽകുന്നതിന് ഇ-ഗ്രാന്റ് സോഫ്റ്റ് വെയർ</u>

5161. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പ് വഴി വിതരണം ചെയ്യുന്ന സ്കോളർഷിപ്പുകൾ നൽകുന്നതിന് ഇ-ഗ്രാന്റ് പോലെയുള്ള സോഫ്റ്റ് വെയർ വഴി വകുപ്പിനു കീഴിൽ പ്രത്യേക വിഭാഗം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>കായികാദ്ധ്യാപക നിയമനം</u>

5162. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടീച്ചേഴ്സ് ബാങ്ക്/സ്പെഷ്യലിസ്റ്റ് ടീച്ചേഴ്സ് പൂളിംഗിന്റെ അടിസ്ഥാനത്തിൽ ഒരു കായികാദ്ധ്യാപകനെ ഒന്നിലധികം സ്കൂളുകളിൽ നിയമിക്കുവാൻ ഉത്തരവുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എയ്ഡഡ് സ്കൂളുകളിൽ കായികാദ്ധ്യാപക നിയമനം നിരോധിച്ചുകൊണ്ടുള്ള ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ ഏത് വർഷം മുതലാണ് നിയമനം നിരോധിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഭാഷാ അദ്ധ്യാപകരെ കായികാദ്ധ്യാപകരായി നിയമിക്കാനുള്ള ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ഇ) എങ്കിൽ പ്രസ്തുത ഉത്തരവ് ഇപ്പോഴും നിലനിൽക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>കൊയിലാണ്ടിയിലെ വിരമിച്ച അധ്യാപക അദ്ധ്യാപകേതര ജീവനക്കാർക്കുമുള്ള ഡി.സി.ആർ.ജി</u>

5163. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ/ഓഫീസുകളിൽ നിന്നും വിരമിച്ച അധ്യാപക അദ്ധ്യാപകേതര ജീവനക്കാരുടെ പേരിൽ വിദ്യാഭ്യാസ ഉപഡയക്ടറാഫീസിൽ ഓഡിറ്റിന്റെ ഭാഗമായി ബാധ്യത കണ്ടെത്തി ഡി.സി.ആർ.ജി ലഭിക്കാത്തവരുണ്ടോ; എങ്കിൽ എത്രപേർ; അത് ആരെല്ലാം; വിശദമാക്കാമോ?

(ബി) പ്രസ്തുത ഓഡിറ്റ് തടസ്സങ്ങൾ വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിന്റെ ഏത് സെക്ഷനാണ് കൈകാര്യം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഓഡിറ്റ് തടസ്സങ്ങൾ നീക്കി ജീവനക്കാർക്ക് ഡി.സി.ആർ.ജി റിലീസ് ചെയ്യാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

<u>പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ ഓഫീസ്സിലെ ടൈപ്പിസ്റ്റ് തസ്തിക</u>

T 5164. ശ്രീ.എ.റ്റി.ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്സിൽ ടൈപ്പിസ്റ്റ് ഇല്ലായെന്ന കാരണത്താൽ മാസങ്ങളായി ഫയലുകളിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടൈപ്പിസ്റ്റുകളെ നിയമിച്ച് കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ ?

<u>ഹയർസെക്കന്ററി വകുപ്പിലെ ഡെപ്യൂട്ടേഷൻ ജീവനക്കാർ</u>

5165. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കന്ററി വകുപ്പിൽ നിലവിൽ എത്ര ജീവനക്കാർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്നുണ്ടെന്ന് വ്യകത്മാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് തങ്ങളുടെ മാതൃവകുപ്പുകളിലേക്ക് തിരികെ പോകുവാൻ ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ സമയപരിധി എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) താല്ക്കാലികമായി ജോലി ചെയ്യുന്ന ജീവനക്കാരെ ഹയർ സെക്കന്ററി വകുപ്പിൽ ഈ വർഷം സ്ഥിരപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ എത്രപേരെ ഏതെല്ലാം തസ്തികയിൽ സ്ഥിരപ്പെടുത്തി;

(ഇ) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലുള്ള ജീവനക്കാർ തിരികെപ്പോയാൽ പ്രസ്തുത ഒഴിവിലേക്ക് സ്ഥിരനിയമനം (പി എസ് സി, പ്രമോഷൻ)നടത്തുവാൻ നടപടി സ്വീകരിക്കുമോ?

<u>ഹയർസെക്കന്ററി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം</u>

5166. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കന്ററി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2014-2015 ൽ എത്ര തുക വകയിരുത്തുകയുണ്ടായി; എത്ര തുക ചെലവഴിക്കുകയുണ്ടായി;

(ബി) കണ്ണൂർ ജില്ലയിലെ ഏതെല്ലാം സ്കൂളുകൾക്ക് ഫണ്ട് ലഭ്യമാക്കിയെന്നും ഏതെല്ലാം പ്രോജക്ടുകൾക്ക് എത്ര തുക വീതം അനുവദിച്ചുവെന്നും വ്യക്തമാക്കുമോ ?

<u>പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങൾ.</u>

5167. **ശ്രീ.കെ.എസ്.ശബരീനാഥൻ**

**,, സണ്ണി ജോസഫ്**

**,, വർക്കല കഹാർ**

**,, ടി.എൻ. പ്രതാപൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങൾ ഐ.റ്റി. അധിഷ്ഠിതമാക്കുന്നതിന് പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

<u>ഡെപ്യൂട്ടേഷനിൽ വന്ന ഉദ്യോഗസ്ഥന് ഹയർസെക്കന്ററി ഡയറക്ടേറ്റിൽ സ്ഥിര നിയമനം</u>

5168. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കന്ററി ഡയറക്ടേറ്റിൽ ജോലി ചെയ്തു വരുന്ന ഉദ്യോഗസ്ഥർ ഏതൊക്കെ വകുപ്പുകളിൽ നിന്നും ഏതൊക്കെ വ്യവസ്ഥകളിൽ നിയമിതരായവരാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരത്തിൽ നിയമിതരായവരിൽ ആരെയെങ്കിലും ഹയർ സെക്കന്ററി വകുപ്പിൽ സ്ഥിരപ്പെടുത്തുകയോ സ്ഥിരപ്പെടുത്തുന്നതിനായി ശിപാർശ നൽകുകയോ ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കുമോ ; എങ്കിൽ ഏത് വകുപ്പിൽ നിന്നും വന്ന ഉദ്യോഗസ്ഥനാണ് ; ഈ ഉദ്യോഗസ്ഥനെ സ്ഥിരപ്പെടുത്താൻ ശിപാർശ നൽകിയതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച T3. 23208/2015 നമ്പർ ഫയലിൽ എന്തെല്ലാം തീരുമാനങ്ങൾ എടുത്തിട്ടുണ്ട് ; വ്യക്തമാക്കുമോ ?

<u>ഒഴിഞ്ഞുകിടക്കുന്ന എച്ച്.എസ്.എസ്.ടി. (ഇംഗ്ലീഷ്) തസ്തികകൾ</u>

5169. **ശ്രീമതി.ഗീതാ ഗോപി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എച്ച്.എസ്.എസ്.ടി. (ഇംഗ്ലീഷ്) ജൂനിയർ, സീനിയർ വിഭാഗങ്ങളിലായി എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) ഒഴിഞ്ഞുകിടക്കുന്ന പ്രസ്തുത തസ്തികകളിൽ എത്ര എണ്ണം പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഒഴിഞ്ഞുകിടക്കുന്ന മുഴുവൻ തസ്തികകളും പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കുമോ?

<u>പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം</u>

5170. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ ജില്ലയിലെ എത്ര സ്കൂളുകളെ അൺ എക്കണോമിക് ആയി ലിസ്റ്റുചെയ്തിട്ടുണ്ട്; സ്കൂളുകളുടെ പേരു സഹിതം പട്ടിക ലഭ്യമാക്കാമോ;

(ബി) 2011 മുതൽ 2015 വരെയുള്ള വിദ്യാഭ്യാസ വർഷങ്ങളിൽ ഒന്നാം ക്ലാസിൽ എയ്ഡഡ് മേഖലയിലും അൺ എയ്ഡഡ് മേഖലയിലും ഉള്ള സ്കൂളുകളിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം വേർതിരിച്ച് വ്യക്തമാക്കാമോ;

(സി) പൊതുവിദ്യാലയങ്ങളിൽ കുട്ടികൾ കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള കാരണങ്ങൾ എന്തെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

<u>സെക്രട്ടേറിയറ്റ്സർവ്വീസിൽ നിന്നുള്ള നിയമനം</u>

5171. **ശ്രീ.ജെയിംസ് മാത്യു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി വകുപ്പിലെ ഒഴിവുകളിലേയ്ക്ക് സെക്രട്ടേറിയറ്റ് സർവ്വീസിൽ നിന്നും നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്നു വ്യക്തമാക്കാമോ;

(ബി) രണ്ട് വ്യത്യസ്ത വകുപ്പുകളായതിനാൽ പ്രസ്തുത നിയമനം നിയമാനുസൃതമാണോ; നിലവിലുള്ള ചട്ടപ്രകാരം പ്രസ്തുത നിയമനം സാധ്യമാണോ;

(സി) ഹയർ സെക്കന്ററി വകുപ്പിൽ വർഷങ്ങളായി ഉള്ളവരുടെ പ്രൊമോഷൻ സാധ്യതകൾ ഇല്ലാതാക്കുന്ന ഇത്തരം നിയമനങ്ങൾ ഒഴിവാക്കുന്നതിന് വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ?

### പ്ലാൻ സ്കീം-മിഷൻ **100** പദ്ധതി

5172. ശ്രീ.കെ.കെ.ജയചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 പ്ലാൻ സ്കീം-മിഷൻ 100 പദ്ധതി സംബന്ധിച്ച് വിശദാംശം നൽകാമോ;

(ബി) 2015-16 വർഷം എത്ര സ്കൂളുകളെയാണ് ഈ പദ്ധതി പ്രകാരം ഏറ്റെടുക്കുക;

(സി) പ്രസ്തുത സ്കീമിൽ സർക്കാർ സ്കൂളുകളെ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ;

(ഡി) പ്രസ്തുത സ്കീമിൽ ഉൾപ്പെട്ട സ്കൂളുകളിൽ എന്തൊക്കെ മെച്ചപ്പെട്ട സേവനങ്ങൾ ഏർപ്പെടുത്താൻ കഴിയും;

(ഇ) അവികസിത മേഘലയായ ഇടുക്കി ജില്ലയിൽ നിന്നും കൂടുതൽ സ്കൂളുകളെ ഈ സ്കീമിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) ഈ സ്കീമുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

### **2014-15** സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുക

5173. ശ്രീ.വി.ശശി **:** താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷം ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട വിദ്യാഭ്യാസ വകുപ്പിൻെറ ഏതെങ്കിലും പദ്ധതികൾ ആരംഭിക്കാൻ കഴിയാതെ വന്നിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

### എൽ.ബി.എസ്. ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിലെ അനോമലി

5174. ശ്രീ.ജെയിംസ് മാത്യു **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ബി.എസ്. - ലെ ജീവനക്കാരുടെ ഒമ്പതാം ശമ്പള പരിഷ്കരണത്തിലെ അനോമലി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പത്താം ശമ്പളപരിഷ്കരണത്തിന്റെ മുൻപായി ഒമ്പതാം ശമ്പളപരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കേരള സർക്കാരിന്റെ 7, 8 ശമ്പളപരിഷ്കരണം എൽ.ബി.എസിൽ നടപ്പിൽ വരുത്തിയപ്പോൾ എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജിലെ സാങ്കേതികവിഭാഗം ജീവനക്കാർക്ക് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ സാങ്കേതികവിഭാഗം ജീവനക്കാർക്ക് നടപ്പിലാക്കിയ ശമ്പള സ്കെയിലാണോ നൽകിയിട്ടുള്ളതെന്ന് പറയാമോ; മിനിസ്റ്റീരിയൽ ജീവനക്കാർക്ക് നൽകിയ അടിസ്ഥാന ശമ്പളം കെ.എസ്.ആർ. പ്രകാരമാണോയെന്ന് വ്യക്തമാക്കാമോ;

(ഡി) എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജുകളിലെ ജീവനക്കാർക്ക് വേണ്ടി സ്പെഷ്യൽ റൂൾസ് നടപ്പിൽ വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ നിലവിൽ ഏത് റൂൾ ആണ് ബാധകമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### കൊരട്ടി ഗവ: പോളിടെക്നിക് കോളേജ് വികസനം

5175. ശ്രീ.ബി.ഡി. ദേവസ്സി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി ഗവ: പോളിടെക്നിക് കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം കോഴ്സുകൾക്കാണ് അനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന വ്യക്തമാക്കാമോ;

(സി) പ്രസ്തുത കോളേജിൽ ഈവനിംഗ് കോഴ്സുകൾ അനുവദിച്ച സാഹചര്യത്തിൽ അദ്ധ്യാപകർക്കും, ജീവനക്കാർക്കുമുള്ള ക്വാർട്ടേഴ്സ് അനുവദിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ടെക്നിക്കൽ ഹൈസ്കൂളുകളിലെ താൽക്കാലിക ജീവനക്കാർ

5176. ശ്രീ.ഇ.കെ.വിജയൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടെക്നിക്കൽ ഹൈസ്കൂളുകളിൽ താൽക്കാലിക ജീവനക്കാരായി എത്ര മലയാളം പാർടൈം അധ്യാപകർ ജോലി ചെയ്തു വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അധ്യാപകർക്ക് നൽകിവരുന്ന ദിവസ വേതനം വളരെ കുറവാണെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പാർട്ട് ടൈം അധ്യാപകരുടെ ജോലി സമയം മുഴുവൻ സമയ അധ്യാപകരുടേതിന് തുല്യമായാൽ അവർക്ക് ലഭിക്കുന്ന അടിസ്ഥാന ശമ്പളം നൽകണമെന്ന ചട്ടം നിലവിലുണ്ടോ;

(ഡി) ടെക്നിക്കൽ ഹൈസ്കൂളുകളിലെ പാർട് ടൈം അധ്യാപകർക്കും മുഴുവൻ സമയഅധ്യാപകരുടെ അടിസ്ഥാന ശമ്പളം വേതനമായി നൽകുന്ന കാര്യം പരിഗണിക്കുമോ?

പോളിടെക്നിക്കുകളിൽ അനുവദിച്ച പുതിയ ബ്രാഞ്ചുകൾ

5177. ശ്രീ.പി.തിലോത്തമൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഏതെല്ലാം പോളിടെക്നിക്കുകൾക്ക് പുതിയ ബ്രാഞ്ചുകൾ അനുവദിച്ചിട്ടുണ്ടെന്ന വ്യക്തമാക്കാമോ ; അവ ഏതെല്ലാം ബ്രാഞ്ചുകളാണെന്നും ഏതെല്ലാം പോളിടെക്നിക്കുകൾക്കാണെന്നും അവയിൽ സർക്കാർ പോളിടെക്നിക്കുകളും എയ്ഡഡ് പോളിടെക്നിക്കുകളും ഏതെല്ലാമെന്നും പറയാമോ?

(ബി) പുതിയ ബ്രാഞ്ചുകൾ അനുവദിക്കുന്നതിന് പാലിക്കുന്ന മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ?

(സി) സർക്കാർ പോളിടെക്നിക്കുകൾക്ക് പുതിയ ബ്രാഞ്ചുകൾ അനുവദിക്കുമ്പോൾ വിദ്യാർത്ഥികൾക്ക് കൂടുതൽ പ്രയോജനമുള്ളതും തൊഴിൽ സാധ്യതയുള്ളതുമായ ബ്രാഞ്ചുകൾ പരിഗണിക്കാറുണ്ടോ,

(ഡി) ഇത്തരം ആവശ്യങ്ങൾ പരിഗണിച്ച് സമർപ്പിക്കപ്പെട്ട പുതിയ ബ്രാഞ്ചുകൾക്കുള്ള അപേക്ഷകളിൽ എത്ര സ്ഥാപനങ്ങളുടെ അപേക്ഷകൾ ഇനിയും പരിഗണിക്കാതെയുണ്ടെന്ന വ്യക്തമാക്കാമോ, ഇത്തരം ആവശ്യങ്ങൾ പരിഗണിക്കുമ്പോൾ മുൻഗണനാ ക്രമം പാലിക്കാറുണ്ടോ എന്ന് വ്യക്തമാക്കമോ?

ബി.എസ്.സി. ബോട്ടണി ആന്റ് ബയോടെക്നോളജി കോഴ്സ് പൂർത്തീകരിച്ചവരുടെ ബിരുദാനന്തര ബിരുദ പഠനം

5178. ശ്രീ.എം.ഉമ്മർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയുടെ കീഴിൽ നിലവിലുള്ള എല്ലാ ബിരുദ കോഴ്സുകൾക്കും ബിരുദാനന്തര ബിരുദ പഠനത്തിനുള്ള സാധ്യത സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ കേരള സർവ്വകലാശാലയുടെ കീഴിൽ ബി.എസ്.സി. ബോട്ടണി ആന്റ് ബയോടെക്നോളജി കോഴ്സ് പൂർത്തീകരിച്ച് (കോഡ് നമ്പർ 247) കഴിഞ്ഞ വിദ്യാർത്ഥികൾക്ക് കേരള യൂണിവേഴ്സിറ്റിയിൽ എം.എസ്.സി. ബോട്ടണി മാത്രമേ ബിരുദാനന്തര ബിരുദ പഠനത്തിന് തിരഞ്ഞെടുക്കാൻ കഴിയുകയുള്ളൂ എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ തന്നെ മറ്റ് സർവ്വകലാശാലകളിൽ ബി.എസ്.സി. ബോട്ടണി ആന്റ് ബയോടെക്നോളജി

കോഴ്സ് പൂർത്തികരിച്ചവർക്ക് എം.എസ്.സി.-ബയോടെക്നോളജി, മൈക്രോബയോളജി, മറൈൻ ബയോളജി എന്നീ വിഷയങ്ങൾക്ക് തുടർ പഠന സാധ്യത നിലനിൽക്കെ കേരള സർവ്വകലാശാലയിൽ മാത്രം ഇത് നിഷേധിക്കുന്നതിന്റെ കാരണം വിശദമാക്കാമോ;

(ഡി) കഴിഞ്ഞ അദ്ധ്യയനവർഷംവരെ ഉണ്ടായിരുന്ന തുടർ പഠനസാധ്യത നിർത്തലാക്കിയതിന്റെ കാരണവും അതിന്റെ മാനദണ്ഡങ്ങളും വിശദമാക്കാമോ;

(ഇ) വിദ്യാർത്ഥികളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനുവേണ്ടി പ്രസ്തുത ബിരുദാനന്തര ബിരുദ കോഴ്സിലേക്കുള്ള പ്രവേശനം ഈ അദ്ധ്യയന വർഷം തന്നെ പുന:സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## എം.ജി. സർവ്വകലാശാലയിലെ അദ്ധ്യാപക നിയമനങ്ങളിലെ സംവരണം

5179. ശ്രീ.എ. കെ. ശശീന്ദ്രൻ

,, തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ജി. സർവ്വകലാശാലയിലെ അദ്ധ്യാപക നിയമനങ്ങളിൽ വൻതോതിൽ സംവരണം അട്ടിമറി നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 1983 മുതൽ നാളിതുവരെ നടന്ന അദ്ധ്യാപക നിയമനങ്ങൾ മുഴുവൻ അന്വേഷിക്കാൻ നിയോഗിച്ച ഉപസമിതിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) സംവരണ നിയമ പ്രകാരം ഏതൊക്കെ വിഭാഗങ്ങൾക്കാണ് ആനുകൂല്യം ലഭിയ്ക്കാതിരുന്നതെന്ന് വ്യക്തമാക്കാമോ; ഇതിന് കാരണക്കാർ ആരാണെന്ന് അറിയിക്കുമോ; അവരുടെ പേരിൽ നടപടി സ്വീകരിക്കുമോ;

(ഡി) സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി സംവരണ തസ്തികയിലെ ഒഴിവുകൾ നികത്തിയതിന് ശേഷം മാത്രമേ ഇനി അദ്ധ്യാപക നിയമനം നടത്താവൂവെന്ന് നിർദ്ദേശം നൽകുമോ?

## പുതിയ യൂണിവേഴ്സിറ്റി രൂപീകരണം

5180. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി യൂണിവേഴ്സിറ്റി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഏത് യൂണിവേഴ്സിറ്റിയെ വിഭജിച്ചാണ് പുതിയ യൂണിവേഴ്സിറ്റി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(സി) പുതിയതായി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്ന യൂണിവേഴ്സിറ്റിയുടെ പരിധിയിൽ വരുന്ന കോളേജുകളുടെ വിശദാംശം ലഭ്യമാക്കാമോ?

## വിജിലൻസ് അന്വേഷണം

5181. ശ്രീ.എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാലാ വി.സി., പി.വി.സി. തുടങ്ങിയ ഉദ്യോഗസ്ഥരുടെ പേരിൽ വിജിലൻസ് അന്വേഷണത്തിന് ഗവർണർ അനുമതി നൽകിയിട്ടുണ്ടോ;

## വിദ്യാഭ്യാസ പരിഷ്കരണങ്ങൾ

5182. ശ്രീ.ഹൈബി ഈഡൻ

,, വി.പി.സജീന്ദ്രൻ

,, സണ്ണി ജോസഫ്

,, കെ.എസ്.ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വിദ്യാഭ്യാസ പരിഷ്കരണങ്ങൾ നടപ്പാക്കാൻ സർവ്വകലാശാലകൾ എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>സർവ്വകലശാലാ നിയമനങ്ങൾ</u>

T 5183. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളിൽ അധ്യാപക -അനധ്യാപക തസ്തികകളിലേക്കുള്ള നിയമനം നടത്തുന്നതിന് നിലവിലുള്ള രീതി വിശദമാക്കാമോ ;

(ബി) ഇവയിൽ പി.എസ്.സി. മുഖേന ഏതെങ്കിലും തസ്തികകളിലേക്കുള്ള നിയമനം നടത്തുന്നുണ്ടോ ;

(സി) സർവ്വകലാശാലകളിലെ മുഴുവൻ നിയമനങ്ങളും പി.എസ്.സി. മുഖേനയാക്കുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ?

<u>കേന്ദ്രസർവ്വകലാശാല പരീക്ഷാ കേന്ദ്രങ്ങൾ</u>

5184. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർവ്വകലാശാലകളുടെ കേരളത്തിലെ പരീക്ഷാ കേന്ദ്രങ്ങൾ നിർത്തലാക്കിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമാണ്;

(ബി) ഇവ പുന:സ്ഥാപിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ?

<u>കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയിലെ ജീവനക്കാർ.</u>

5185. ശ്രീ.സി.പി.മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയിൽ വർഷങ്ങളായി ജോലിചെയ്തുവരുന്ന ജീവനക്കാരെ സ്ഥിരം ജീവനക്കാരായി മാറ്റുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

(ബി) സംസ്ഥാന സാക്ഷരതാ മിഷനിൽ വർഷങ്ങളായി ജോലിചെയ്തുവരുന്ന ജീവനക്കാരെ സ്ഥിരജീവനക്കാരാക്കുന്നതിനുവേണ്ടിയും അവർക്ക് മെച്ചപ്പെട്ട സേവനവേതന വ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിനുംവേണ്ടിയും ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ ജനറൽകൗൺസിലും ബഹു. വിദ്യാഭ്യാസ മന്ത്രി അദ്ധ്യക്ഷനായ എക്സിക്യൂട്ടീവ് കമ്മിറ്റിയും കൈക്കൊണ്ട തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ ; നടപ്പിലാക്കിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിൽ വർഷങ്ങളായി ജോലിചെയ്തുവരുന്ന, മറ്റു തൊഴിലുകൾക്ക് അപേക്ഷിക്കാൻ പ്രായപരിധി കഴിഞ്ഞ പ്രസ്തുത ജീവനക്കാരെ മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>സിവിൽ സർവ്വീസ് അക്കാദമികൾ</u>

T 5186. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ സിവിൽ സർവ്വീസ് അക്കാദമികൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) ഓരോ വർഷവും എത്രപേർക്കാണ് അഡ്മിഷൻ നൽകുന്നതെന്നും പരിശീലനം നേടിയ എത്ര പേർക്ക് സിവിൽ സർവ്വീസിൽ പ്രവേശനം ലഭിക്കുന്നുവെന്നുമുള്ള കണക്കുകൾ വെളിപ്പെടുത്തുമോ ;

(സി) പുതിയ പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ മലപ്പുറം കേന്ദ്രമാക്കി ഒരു സെന്റർ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

<u>കാസർഗോഡ് ജില്ലയിൽ സിവിൽ സർവ്വീസ് അക്കാദമി</u>

T 5187. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സിവിൽ സർവ്വീസ് അക്കാദമിക്ക് ഏതൊക്കെ സ്ഥലങ്ങളിൽ സെന്ററുകൾ ഉണ്ടെന്ന് പറയാമോ ;

(ബി) ഭാഷ-മത-ന്യൂനപക്ഷങ്ങൾ ഏറെ താമസിക്കുന്ന കാസർകോട് ജില്ലയ്ക്ക് സിവിൽ സർവ്വീസ് മേഖല അപ്രാപ്യമാകുന്നു എന്ന് പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കാസർഗോഡ് ജില്ലയിൽ കേരള സിവിൽ സർവ്വീസ് അക്കാദമിയുടെ സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>കല്യാശ്ശേരി സിവിൽ സർവ്വീസ് അക്കാദമി ഉപകേന്ദ്രം</u>

T 5188. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ കീഴിൽ കല്യാശ്ശേരിയിലെ സെന്റർ ഫോർ എക്സലൻസ് എന്ന സ്ഥാപനത്തിന്റെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി കേരള സിവിൽ സർവ്വീസ് അക്കാദമിയുടെ ഉപകേന്ദ്രം ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ;

(ബി) ഇപ്പോൾ സംസ്ഥാനത്ത് എവിടെയെല്ലാമാണ് സിവിൽ സർവ്വീസ് അക്കാദമിയുടെ ഉപകേന്ദ്രം നിലവിലുള്ളത് ?

<u>അനധികൃത ഭൂമി കൈയ്യേറ്റം</u>

5189. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളപ്പിറവിയോടുകൂടിയും ശേഷവും സംസ്ഥാന സർക്കാരിന് ഉടമസ്ഥാവകാശമുണ്ടായിരുന്ന എത്ര ഭൂമി അന്യസംസ്ഥാനങ്ങളിൽ ഉണ്ടായിരുന്നുവെന്ന് സംസ്ഥാനം തിരിച്ച് കണക്ക് ലഭ്യമാക്കാമോ; സംസ്ഥാന സർക്കാരിന് ഉടമസ്ഥാവകാശമുണ്ടായിരുന്ന എത്ര ഭൂമി ഈ സംസ്ഥാനത്തുണ്ടായിരുന്നു എന്നും അതിൽ എത്ര ഭൂമി 2015-ൽ സർക്കാർ ഉടമസ്ഥതയിലുണ്ടെന്നും എത്ര ഭൂമി സർക്കാർ ഉത്തരവുകൾ വഴി ആർക്കെല്ലാം നല്കിയെന്നും ഇതിൽ സംസ്ഥാനത്തിനുള്ളിൽ ഭൂരഹിതരായ എത്ര പേർക്ക് എത്ര ഭൂമി നല്കിയെന്നും നാളിതുവരെ മറ്റു സംസ്ഥാനത്തുള്ള സർക്കാർ ഭൂമിയിൽ എത്ര കൈയ്യേറ്റം നടന്നുവെന്നും അതു തിരിച്ച് പിടിക്കാനായി ഈ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ ;

(ബി) അന്യ സംസ്ഥാനങ്ങളിൽ എവിടെയെല്ലാം സർക്കാർ ഭൂമി പ്രസ്തുത സംസ്ഥാന സർക്കാറും സ്വകാര്യ വ്യക്തികളും അനധികൃതമായി കൈവശം വച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ;

(സി) പത്മനാഭപുരം കൊട്ടാരവുമായി ബന്ധപ്പെട്ട സർക്കാർ ഭൂമി എത്രയെന്നും അവയിൽ എത്ര ഭൂമി സർക്കാർ

അറിവോടെ സ്വകാര്യ വ്യക്തികൾക്കും സർക്കാർ ഉത്തരവുപ്രകാരം സ്ഥാപനങ്ങൾക്കും നല്കിയെന്നും എത്ര ഭൂമി തമിഴ്നാട് സർക്കാരും തദ്ദേശവാസികളും കൈവശം വച്ചിട്ടുണ്ടെന്നും അതു തിരിച്ചു പിടിക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(ഡി) അന്യസംസ്ഥാനത്തുള്ള സർക്കാർ ഭൂമിയിൽ എത്ര ഭൂമി പൊതുമരാമത്ത്, ടൂറിസം, പുരാവസ്തു, വനം, കൊച്ചിൻ ദേവസ്വം ബോർഡ് തുടങ്ങിയ വകുപ്പുകൾക്കും ഇൻഡ്യൻ ട്രേഡ് പ്രൊമോഷൻ ഓർഗനൈസേഷൻ കൗൺസിൽ പോലുള്ള പ്രസ്ഥാനങ്ങൾക്കും നല്കിയെന്ന് വ്യക്തമാക്കുമോ:

(ഇ) ഇതിൽ കൂടുതൽ ഭൂമി ഇവർ കൈവശം വച്ചിട്ടുണ്ടോ എന്നും എങ്കിൽ എത്ര എന്നും മറ്റു സംസ്ഥാനങ്ങൾ അനധികൃതമായി കൈവശം വച്ചിട്ടുള്ള ഭൂമി എത്രയെന്നും ഇവ എന്നത്തേക്ക് തിരിച്ചു പിടിക്കാൻ കഴിയും എന്നും വ്യക്തമാക്കുമോ ?

## ചേലക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ നദീതട സംരക്ഷണ പ്രവൃത്തികൾ

5190. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് ചേലക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ നദീതട സംരക്ഷണ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും വിനിയോഗിച്ച തുക എത്രയാണെന്ന് അറിയിക്കുമോ;

(സി) ഭരണാനുമതി നൽകിയതിൽ പൂർത്തിയാക്കാൻ അവശേഷിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും അവ ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ;

(ഡി) 2015-16 വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും അവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ഇ) എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

## ഭൂനികുതി വർദ്ധിപ്പിച്ച നടപടി

5191. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കർഷകർ സാമ്പത്തിക പ്രതിസന്ധിയിൽ ആയിരിക്കേ ഭൂനികുതി ആറ് ഇരട്ടിയോളം വർദ്ധിപ്പിച്ചിരിക്കുന്ന നടപടി സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ ?

(ബി)

## ബജറ്റിൽ റവന്യൂ വകുപ്പിനു വേണ്ടി വകയിരുത്തിയ തുക

5192. ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷത്തെ ബജറ്റിൽ റവന്യൂ വകുപ്പിനു വേണ്ടി വകയിരുത്തിയ തുക എത്രയെന്നും ഇത് ഏതെല്ലാം പദ്ധതികൾക്കായിട്ടാണ് നീക്കിവച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതികൾക്കുമായി 31.03.2015 വരെയുണ്ടായ ചെലവെത്രയെന്ന് വ്യക്തമാക്കാമോ;

(സി) ഭൂമി സംബന്ധമായ രേഖകൾ വിതരണം ചെയ്യുന്ന റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ വകുപ്പുകളുടെ സേവനങ്ങൾ സംയോജിപ്പിക്കുന്ന പദ്ധതിക്കായി 28.02.2015 വരെയുണ്ടായ ചെലവെത്രയാണ്;

(ഡി) പ്രസ്തുത പദ്ധതിക്കായി 31.03.2015 വരെയുള്ള ചെലവെത്രയെന്നും ഈ ചെലവ് എന്തെല്ലാം കാര്യങ്ങൾക്കായി വിനിയോഗിച്ചുവെന്നും വ്യക്തമാക്കാമോ?

## സർക്കാർ ഭൂമിയുടെ പാട്ടക്കുടിശ്ശിക

5193. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാനത്ത്, സർക്കാരിൽ നിന്ന് പാട്ടത്തിന് എത്ര ഏക്കർ ഭൂമി, വിവിധ ക്ലബ്ബുകൾ, മതസമുദായസംഘടനകൾ, മറ്റുള്ളവകൾക്ക് നൽകിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഓരോ ജില്ല തിരിച്ച്, എത്രവീതം ഭൂമി ആർക്കൊക്കെ ഏതൊക്കെ സംഘടനകൾക്ക് പാട്ടത്തിന് നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഇതിൽ പാട്ടക്കുടിശ്ശിക ഉള്ള ഭൂമി ഏതൊക്കെ; ഇത് ആരുടെ പക്കൽ ഇരിയ്ക്കുന്നു; എന്നു മുതൽ പാട്ടക്കുടിശ്ശികയുണ്ട്; എത്ര തുക വീതമാണ് പാട്ട കുടിശ്ശികയെന്ന് പ്രത്യേകം ഇനം തിരിച്ച് വിശദമാക്കുമോ;

(ഡി) പാട്ടക്കുടിശ്ശികയ്ക്കെതിരെ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിവരിയ്ക്കുമോ ?

## അന്യസംസ്ഥാനങ്ങളിലെ കേരളത്തിന്റെ ഭൂമി

5194. ശ്രീ.വി.എസ്.സുനിൽ കുമാർ

,, കെ.അജിത്

,, മുല്ലക്കര രത്നാകരൻ

,, വി.ശശി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ കേരളത്തിന് അവകാശപ്പെട്ട ഭൂമിയുണ്ടോ; എങ്കിൽ ഏതെല്ലാം സംസ്ഥാനങ്ങളിൽ, എത്ര അളവിൽ വീതം ഭൂമിയുണ്ടെന്ന് വെളിപ്പെടുത്തുമോ?

## ഐ.എ.എസ്.നിഷേധിയ്ക്കപ്പെട്ട ശ്രീ. കെ.വി. മുരളീധരന്റെ പ്രമോഷൻ

5195. ശ്രീ.എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 27 വർഷമായി ഐ.എ.എസ്. പ്രമോഷൻ നിഷേധിക്കപ്പെട്ട പട്ടികജാതിക്കാരനായ ഡെപ്യൂട്ടി കളക്ടർ ശ്രീ. കെ.വി. മുരളീധരന്റെ പ്രൊമോഷൻ ഫയലിൽ എന്തു നടപടി സ്വീകരിച്ചു ;

(ബി) ഈ ഫയലിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കാമോ ; സെലക്ഷൻ കമ്മിറ്റി വിളിച്ച് ഫയൽ പരിഗണിക്കുന്നതിനാവശ്യമായ ഇന്റഗ്രിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള കാലതാമസം എന്താണെന്ന് വെളിപ്പെടുത്താമോ ?

## ജനന രജിസ്ട്രേഷൻ സാധൂകരണത്തിനുള്ള ശ്രീമതി കദീജയുടെ അപേക്ഷ

5196. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനനം വൈകി രജിസ്റ്റർ ചെയ്തത് സാധൂകരിക്കുന്നതിന് വേണ്ടി കുട്ടിയുടെ മാതാവ് ശ്രീമതി. കദീജ. പി, വളനാട് ഹൗസ്, ആൽപ്പറമ്പ്, മലപ്പുറം ജില്ല സമർപ്പിച്ച അപേക്ഷയിന്മേൽ തിരൂർ ആർ.ഡി.ഒ ഓഫീസിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ബി) ഇത് സംബന്ധമായ 2213/14 തിരൂർ റവന്യൂ ഡിവിഷൻ ഓഫീസിൽ 06.06.14 ന് നടന്ന ഹിയറിംഗിന് ശേഷവും സർട്ടിഫിക്കറ്റ് നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെങ്കിൽ എന്ന് നൽകി; വിശദമാക്കുമോ;

(സി) ഇത്തരം വിഷയങ്ങളിൽ സാധാരണക്കാരന് വേഗത്തിൽ പരിഹാരം ഉണ്ടാക്കുവാനും

കാലവിളംബത്തിന്റെ കാരണം കൃത്യമായി ബോധിപ്പിക്കുവാനും നടപടി സ്വീകരിക്കുമോ?

<u>ഭൂമി തട്ടിപ്പ് കേസ്സുകൾ</u>

5197. ശ്രീ.എം.എ.ബേബി

,, കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ)**

,, എളമരം കരീം

ശ്രീമതി.കെ.എസ്.സലീഖ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചട്ടവിരുദ്ധമായ ഭൂമി ഇടപാടുകളുമായി ബന്ധപ്പെട്ട കേസ്സുകൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചട്ടവിരുദ്ധമായി ഭൂമി ഇടപാടിന് കൂട്ടുനിന്നതിന്റെ പേരിൽ ലാന്റ് റവന്യൂ കമ്മീഷണറായിരുന്ന ആൾ തന്നെ ചോദ്യം ചെയ്യപ്പെടുകയുണ്ടായിട്ടുണ്ടോ; എങ്കിൽ ഏത് കേസ്സിൽ;

(സി) കളമശ്ശേരി ഭൂമി തട്ടിപ്പ് കേസിൽ മുൻ ലാന്റ് റവന്യൂ കമ്മീഷണർ ഗൂഢാലോചനയിൽ പങ്കെടുത്തതായി ഏതെങ്കിലും അന്വേഷണ ഏജൻസി കണ്ടെത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഭൂമി ഇടപാടുകളിലെ കെടുകാര്യസ്ഥതയും തട്ടിപ്പും ഇല്ലാതാക്കാൻ നടപടി സ്വീകരിക്കാമോ?

<u>ഓരോ ജില്ലയിലും ഒരു വില്ലേജ് ഓഫീസിനെ തെരഞ്ഞെടുത്ത് മെച്ചപ്പെട്ട സേവനം നല്കൽ</u>

5198. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

,, പി.എ.മാധവൻ

,, അൻവർ സാദത്ത്

,, വർക്കല കഹാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ ജില്ലയിലും ഒരു വില്ലേജ് ഓഫീസിനെ തെരഞ്ഞെടുത്ത് മെച്ചപ്പെട്ട രീതിയിൽ ജനങ്ങൾക്ക് സേവനം നല്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ;

(ബി) ആരുടെയെല്ലാം സഹകരണത്തോടെയാണ് ഇവ നടപ്പാക്കുന്നത് ; വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പിൽ വരുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ?

<u>അന്യ സംസ്ഥാനങ്ങളിലുള്ള സർക്കാർ ഭൂമി</u>

5199. ശ്രീ.എ.കെ.ബാലൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പുറത്ത് എവിടെയെല്ലാം സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിൽ ഭൂമിയുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അവ ഏതെല്ലാം സംസ്ഥാനങ്ങളിൽ എത്ര അളവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഭൂമി നിലവിൽ ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ട്; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തിന്റെ ഉടമസ്ഥതയിൽ അന്യസംസ്ഥാനങ്ങളിലുള്ള ഭൂമിയിൽ കയ്യേറ്റം നടന്നിട്ടുള്ളതായി അറിയാമോ; ഇതു സംബന്ധിച്ച് കണക്ക് ലഭ്യമാണോ; എവിടങ്ങളിലെല്ലാമാണ് കയ്യേറ്റം നടന്നിട്ടുള്ളത്;

(ഇ) സംസ്ഥാനത്തിന്റെ ഉടമസ്ഥതയിൽ അന്യസംസ്ഥാനങ്ങളിലുള്ള ഭൂമി സ്വകാര്യ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ ഏതെങ്കിലും വിധത്തിൽ നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(എഫ്) ഇതിൽ തർക്കങ്ങളിലോ കേസുകളിലോ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുണ്ടോ; വിശദമാക്കുമോ?

ദുരന്ത നിവാരണ അതോറിറ്റി

5200. ശ്രീ.സി.പി.മുഹമ്മദ്

,, ആർ . സെൽവരാജ്

,, തേറമ്പിൽ രാമകൃഷ്ണൻ

,, ടി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) ആരുടെയെല്ലാം സഹകരണത്തോടെയാണ് ഇവ നടപ്പാക്കുന്നത് ;

(സി) പ്രവർത്തനം നടപ്പിൽ വരുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഭൂകമ്പ പ്രതിരോധ നടപടികൾ

T 5201. ശ്രീ.സി.പി.മുഹമ്മദ്

,, എ.പി.അബ്ദുള്ളക്കുട്ടി

,, ടി.എൻ. പ്രതാപൻ

,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരേന്ത്യയിലും അയൽ രാജ്യമായ നേപ്പാളിലും ദുരന്തം വിതച്ച ഭൂകമ്പത്തിന്റെ പശ്ചാത്തലത്തിൽ നഗരങ്ങളിൽ ഇത്തരത്തിലുള്ള പ്രകൃതി ക്ഷോഭത്തെ പ്രതിരോധിക്കാൻ ശേഷിയുള്ള കെട്ടിട നിർമ്മാണം ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) ഇതുസംബന്ധിച്ച് പഠനം നടത്തുന്നതിന് കമ്മീഷനെ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ അംഗങ്ങളുടെ വിശദാംശം നൽകാമോ ?

റവന്യൂ സർവ്വേ സംബന്ധിച്ച പരാതികൾ

5202. ശ്രീ.ബെന്നി ബെഹനാൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, വർക്കല കഹാർ

,, ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ സർവ്വേ സംബന്ധമായുള്ള പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ;

(ബി) ആരുടെയെല്ലാം സഹകരണത്തോടെയാണ് ഇവ നടപ്പാക്കുന്നത് ; വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന് ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

റവന്യൂ രേഖകളുടെ കമ്പ്യൂട്ടർവൽക്കരണം

5203. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ രേഖകളുടെ കമ്പ്യൂട്ടർവൽക്കരണ പരിപാടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കമ്പ്യൂട്ടർവൽക്കരണം വില്ലേജുകളിൽ എത്രത്തോളം പൂർത്തീകരിച്ചിട്ടുണ്ടെന്നു വിശദമാക്കാമോ?

റവന്യൂ വകുപ്പിന് വകയിരുത്തിയ തുക

5204. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തെ ബജറ്റിൽ റവന്യൂ വകുപ്പിന് എത്ര തുകയാണ് വകയിരുത്തിയിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര രൂപ ചെലവാക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കായി വകയിരുത്തിയ 10 കോടി രൂപയിൽ 31.3.2015 വരെയുള്ള ചെലവ് എത്രയെന്നും എന്തെല്ലാം കാര്യങ്ങൾക്കായി ആണ് ഈ തുക വിനിയോഗിച്ചതെന്നും വ്യക്തമാക്കാമോ ;

(ഡി) ഏതെല്ലാം പരിപാടികൾക്കായി വകയിരുത്തിയ തുകയിൽ എന്തു തുക 2015 ഫെബ്രുവരി വരെ ചെലവഴിക്കാൻ കഴിയാതെ വന്നെന്നും അതിനുള്ള കാരണവും വിവരിക്കാമോ ;

(ഇ) ഈ പദ്ധതികൾക്കായി 2015 മാർച്ച് മാസം ചെലവാക്കിയ തുകയെത്രയെന്ന് വ്യക്തമാക്കാമോ ?

അരൂർ മണ്ഡലത്തിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവൃത്തികൾ

5205. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിൽ ഉൾപ്പെടുത്തി അരൂർ മണ്ഡലത്തിലെ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; ഏതൊക്കെ പ്രവൃത്തികൾ പൂർത്തിയായി ; ഏതൊക്കെ പ്രവൃത്തികൾ നടക്കാതെ പോയി എന്ന് പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

സുനാമി ദുരിതാശ്വാസ ഫണ്ട്

5206. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം സുനാമി ദുരിതാശ്വാസത്തിനായുള്ള ഫണ്ടിൽ നിന്ന് എത്ര തുകയാണ് ചെലവിട്ടതെന്ന് വർഷം തിരിച്ച് അറിയിക്കാമോ ; എതെല്ലാം പദ്ധതികളാണ് ഇനിയും പൂർത്തിയാകാനുള്ളത് ; അവ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

റവന്യൂ ഓഫീസുകളിൽ നിന്നും സർട്ടിഫിക്കറ്റുകൾ വേഗത്തിൽ ലഭ്യമാക്കാൻ നടപടി

5207. ശ്രീ.പി.എ.മാധവൻ

,, തേറമ്പിൽ രാമകൃഷ്ണൻ

,, ടി.എൻ. പ്രതാപൻ

,, ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ ഓഫീസുകളിൽ നിന്നും സർട്ടിഫിക്കറ്റുകൾ വേഗത്തിൽ ലഭ്യമാക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുളളത് ;

(ബി) ആരുടെയെല്ലാം സഹകരണത്തോടെയാണ് ഇവ നടപ്പാക്കുന്നത് ;

(സി) ഇത് നടപ്പിൽ വരുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

<u>വയനാട് മക്കിമലയിൽ നിന്നും ഈട്ടിമരം മുറിച്ചു കടത്തിയെന്ന ആക്ഷേപം</u>

5208. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് മക്കിമലയിലെ ആദിവാസി കുടുംബങ്ങൾക്ക് പതിച്ച് നൽകാൻ തീരുമാനിച്ച ഭൂമിയിൽ നിന്ന് ഈട്ടിമരം മുറിച്ചു കടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

<u>റവന്യൂ പുറമ്പോക്ക് ഒഴിപ്പിക്കൽ</u>

5209. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ പുറമ്പോക്കുകൾ ഒഴിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്നു വ്യക്തമാക്കാമോ ;

(ബി) 1-7-2011 മുതൽ 30-6-15 വരെ എത്ര അനധികൃത കൈയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ട് ; ഇതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം ലഭ്യമാക്കാമോ ;

(സി) റവന്യൂ പുറമ്പോക്ക് ഒഴിയണം എന്നാവശ്യപ്പെട്ട് പാലക്കാട് ജില്ലയിൽ എത്ര പേർക്ക് നോട്ടീസ് നൽകിയിട്ടുണ്ട് ; വില്ലേജടിസ്ഥാനത്തിലുള്ള വിശദാംശം നൽകാമോ ?

<u>കേന്ദ്ര / സംസ്ഥാന കൈവശ ഭൂമി</u>

5210. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര/സംസ്ഥാന കൈവശ ഭൂമിയിലുള്ള സംസ്ഥാന സർക്കാർ വക ഭൂമി (റവന്യൂ, പൊതുമരാമത്ത് ഭാഗങ്ങളിലെയും)യും സംസ്ഥാന കേന്ദ്ര സർക്കാർ അധീനതയിലുള്ള വനഭൂമിയും അനധികൃതമായി കൃത്രിമരേഖകൾ ചമച്ച വ്യക്തികൾ/സ്ഥാപനങ്ങൾ/ ആരാധനാ സ്ഥാപനങ്ങൾ എന്നിവയുടെ പേരിൽ അനധികൃതമായി കൈവശം വച്ചിട്ടുണ്ട് എന്ന് ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുക;

(ബി) കേരള പിറവിക്കുശേഷം ഓരോ സർക്കാർ കാലയളവിലും എത്ര ഭൂമി വീതം സർക്കാരിലേക്ക് മുതൽക്കൂട്ടിയെന്നും വ്യക്തമാക്കുക;

(സി) കയ്യേറ്റം ചെയ്യപ്പെട്ട ഭൂമിയിൽ സർക്കാർ എത്ര ഭൂമി കുത്തകപ്പാട്ട വ്യവസ്ഥപ്രകാരവും 1974 ലെ റീസർവ്വെ പ്രകാരവും വ്യക്തികൾ, മറ്റുള്ളവർ എന്നിങ്ങനെ നൽകി എന്നു ജില്ലതിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ സർക്കാർ കുത്തകപ്പാട്ടം നൽകിയ ഭൂമിയുടെ കുത്തകപ്പാട്ട വ്യവസ്ഥകൾ എന്തെല്ലാം; പാട്ടവ്യവസ്ഥയും പാട്ടത്തുകയും (നിരക്കുസഹിതം) എത്ര ; 2011 മുതൽ 2015 വരെ പ്രസ്തുത പാട്ടത്തുക ഓരോ വർഷം എത്ര ലഭിച്ചു; എത്ര തുക പാട്ടകുടിശ്ശികയായി സർക്കാരിനു ലഭിക്കാനുണ്ട്; ഇവ പിരിച്ചെടുക്കാൻ ഓരോ ജില്ലയിലും എന്തു നടപടികൾ നടത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ?

<u>പണയിൽ കടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിനു ഭൂമി</u>

5211. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പണയിൽ കടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) നടപടി ക്രമങ്ങൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കി അപ്രോച്ച് റോഡ് നിർമ്മാണം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ആലപ്പുഴ ജില്ലയിലെ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവൃത്തികൾ

5212. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിൽ 2011-2012, 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇവയിൽ പൂർത്തീകരിച്ച പ്രവൃത്തികൾ എന്തൊക്കെയെന്നും പൂർത്തീകരിക്കാനുള്ളവ ഏതൊക്കെയെന്നും വിശദമാക്കുമോ;

(സി) നിർത്തിവെച്ച പ്രവൃത്തികലുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രവൃത്തികൾ നിർത്തിവെക്കാനിടയായ സാഹചര്യങ്ങൾ വിശദമാക്കുമോ;

(ഇ) പ്രസ്തുത പ്രവൃത്തികൾ അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഇടുക്കി ജില്ലയിൽ നടത്തിയ റവന്യൂ അദാലത്ത്

5213. ശ്രീ.കെ.കെ.ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ വച്ച നടത്തിയ റവന്യൂ അദാലത്തിൽ എത്ര പരാതികളാണ് ലഭിച്ചത്; എത്ര പരാതികൾ പൂർണ്ണമായും പരിഹരിക്കപ്പെട്ടു എന്ന വിവരം താലൂക്ക് തിരിച്ച് വിശദാംശം നൽകാമോ;

(ബി) അദാലത്തിൽ സമർപ്പിച്ച പരാതികൾ പരിഹരിക്കപ്പെട്ട വിവരം പരാതിക്കാരനെ അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദീകരിക്കാമോ?

ശ്രീമതി. ലക്ഷ്മി അമ്മയ്ക്ക് ഫാമിലിപെൻഷൻ ലഭ്യമാക്കാൻ നടപടി

5214. ശ്രീ.ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് താലൂക്കിൽ പ്യൂണായി ജോലി ചെയ്തിരുന്ന ജ്യോതിയുടെ മരണാനന്തരം ഫാമിലി പെൻഷൻ ലഭിക്കുന്നതിനായി ടിയാളുടെ മാതാവ് പുളിയനം എളംമ്പിള്ളി വീട്ടിൽ ശ്രീമതി. ലക്ഷ്മി അമ്മ എന്നാണ് അപേക്ഷ സമർപ്പിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷ അനുവദിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(സി) ആയത് എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

സ്വകാര്യ ചുങ്കം പിരിവ്

5215. ശ്രീ.ഇ.പി.ജയരാജൻ

,, കെ.കെ.ജയചന്ദ്രൻ

,, എസ്.രാജേന്ദ്രൻ

ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം തടസ്സപ്പെടുത്തി വ്യക്തികളോ സ്ഥാപനങ്ങളോ സ്വകാര്യമായി ചുങ്കം പിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പതിറ്റാണ്ടുകളായി ജനങ്ങൾ ഉപയോഗിച്ചു വരുന്ന ഇത്തരം പാതകളിൽ ജനങ്ങൾക്ക് സ്വാതന്ത്ര്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) വളരെ പിന്നോക്കാവസ്ഥയിലുള്ള പ്രദേശത്തെ ജനങ്ങളുടെ ആശുപത്രി ആവശ്യങ്ങളടക്കമുള്ള യാത്രകളെ മുടക്കുന്ന ഇത്തരം സ്വകാര്യപ്പിരിവ് ജനങ്ങളുടെ ജീവൻ ഹനിച്ചിട്ടുള്ള കാര്യം അറിവുള്ളതാണോ ?

## വൈത്തിരി താലൂക്കിലെ കർഷകരുടെ ഭൂമിക്ക് നികുതി സ്വീകരിക്കാത്ത നടപടി

5216. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈത്തിരി താലൂക്കിലെ കർഷകരുടെ ഭൂമിക്ക് നികുതി സ്വീകരിക്കാത്തതു സംബന്ധിച്ച് 19.03.2013-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത യോഗതീരുമാനപ്രകാരം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഭൂമിക്ക് നികുതി സ്വീകരിക്കുവാൻ തഹസിൽദാർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

## തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം

5217. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ കൈവശാവകാശം തദ്ദേശ സ്വയം ഭരണ വകുപ്പിന് കൈമാറണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭ്യമായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്മേൽ ഇതിനകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

## നൊച്ചാട് ഗ്രാമപഞ്ചായത്തിന് ഭൂമി ലഭിക്കാൻ നടപടി

5218. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൊച്ചാട് ഗ്രാമപഞ്ചായത്ത് ഓഫീസ് നിർമ്മിക്കുന്നതിന് ജലസേചന വകുപ്പിൽ നിന്ന് ഭൂമി ആവശ്യപ്പെട്ടുകൊണ്ടുള്ള ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയിൽ (4525/U/2014/RD) എന്തെല്ലാം നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പഞ്ചായത്തിന് ഭൂമി ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## പേരാമ്പ്ര മലബാർ മാർക്കറ്റിംഗ് കമ്മിറ്റിയ്ക്ക് ഏറ്റെടുത്ത ഭൂമി

5219. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്രയിലെ മലബാർ മാർക്കറ്റിംഗ് കമ്മിറ്റിയ്ക്ക് വേണ്ടി ലാന്റ് അക്വസിഷൻ ആക്ട് പ്രകാരം കോഴിക്കോട് ജില്ലയിൽ ഏതെല്ലാം വില്ലേജുകളിലാണ് ഭൂമി ഏറ്റെടുത്തിരുന്നത്; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഭൂമിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ ;

(സി) മലബാർ മാർക്കറ്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം സർക്കാർ അവസാനിച്ചത് എപ്പോഴാണ്; എത് ഉത്തരവു പ്രകാരമാണ് അവസാനിപ്പിച്ചത് എന്നും പ്രസ്തുത ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ ;

(ഡി) പൊതു ആവശ്യത്തിന് അക്വയർ ചെയ്ത ഭൂമി പ്രസ്തുത ആവശ്യത്തിന് ഉപയോഗിക്കാത്ത സാഹചര്യം വന്നാൽ ആയത് മറ്റ് സർക്കാർ വകുപ്പുകൾക്കോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ നൽകണമെന്ന് ഉത്തരവിറക്കിയിട്ടുണ്ടോ; വെളിപ്പെടുത്തുമോ ?

(ഇ) ഒരിക്കൽ ഭൂമി ഒരു പ്രത്യേക ആവശ്യത്തിന് ഏറ്റെടുത്ത് കഴിഞ്ഞാൽ പ്രസ്തുത ഉദ്ദേശത്തിനായി ആ ഭൂമി ഉപയോഗിച്ചില്ലെങ്കിൽ സർക്കാർ നഷ്ടപരിഹാരം നൽകിയ ഭൂവുടമയ്ക്ക് ആ ഭൂമിയുടെ മേൽ അവകാശമുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(എഫ്) ജി.ഒ (എം.എസ്) 303/2000/RD തീയതി 28.9.2000 ലെ ഉത്തരവു പ്രകാരം സർക്കാർ മലബാർ മാർക്കറ്റിംഗ് കമ്മിറ്റിയുടെ പേരാമ്പ്രയിലെ ഭൂമിയുമായി ബന്ധപ്പെട്ട് എടുത്ത നടപടികൾ വിശദമാക്കുമോ ;

(ജി) ഈ ഭൂമി മുൻ ഉടമയ്ക്ക് വിട്ടുകൊടുത്തത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത ഭൂമി പൊതു ആവശ്യത്തിന് വിട്ടു തരണമെന്ന് പേരാമ്പ്ര ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിരുന്നുവോ; ഉണ്ടെങ്കിൽ എപ്പോഴാണ് ആവശ്യപ്പെട്ടത്; വ്യക്തമാക്കുമോ; ബഹു ഹൈക്കോടതി ഭൂമി മുൻ ഉടമയ്ക്ക് വിട്ടുകൊടുക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; സർക്കാർ ഉത്തരവിനെതിരെ പേരാമ്പ്ര ഗ്രാമപഞ്ചായത്ത് സ്റ്റേ സമ്പാദിച്ചത് എപ്പോഴാണ് എന്ന് അറിയിക്കാമോ; ഭൂമി പൊതു ഉടമസ്ഥതയിലാക്കുന്നത് സംബന്ധിച്ചും കേസുമായി ബന്ധപ്പെട്ടും സർക്കാർ നിയമോപദേശം തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരുടെയൊക്കെ നിയമോപദേശമാണ് തേടിയിട്ടുള്ളത്; എപ്പോഴാണ് നിയമോപദേശം തേടിയത് വെളിപ്പെടുത്തുമോ; നിയമവകുപ്പ്, അഡ്വക്കേറ്റ് ജനറൽ എന്നിവർ എന്ത് നിയമോപദേശമാണ് ഇക്കാര്യത്തിൽ നൽകിയിട്ടുള്ളത്; നിയമോപദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ; നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഭൂമി സ്വകാര്യ വ്യക്തിയ്ക്ക് വിട്ടുകൊടുക്കുന്ന ഉത്തരവ് റദ്ദ് ചെയ്ത് ഭൂമി സർക്കാർ ഉടമസ്ഥതയിലാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

## കോഴിക്കോട് പൂളക്കോട് എക്സൈസ് വകുപ്പിന് കെട്ടിടത്തിന് ഭൂമി

5220. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിലെ പൂളക്കോട് വില്ലേജിൽ ഉൾപ്പെട്ട റവന്യൂ ഭൂമിയിൽ നിന്ന് എക്സൈസ് വകുപ്പിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ഭൂമി ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## തലപ്പിള്ളി താലൂക്ക് വിഭജനം

5221. **ശ്രീ.ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ എത്ര നിയമസഭാ നിയോജകമണ്ഡലങ്ങൾ ഉൾപ്പെടുന്നുണ്ട്; അവ ഏതെല്ലാമാണ്;

(ബി) തലപ്പിള്ളി താലൂക്കിൽ എത്ര നഗരസഭകളും ഗ്രാമപഞ്ചായത്തുകളും ഉൾപ്പെടുന്നുണ്ട്;

(സി) തലപ്പിള്ളി താലൂക്കിൽ എത്ര വില്ലേജുകൾ ഉൾപ്പെടുന്നുണ്ട്;

(ഡി) തലപ്പിള്ളി താലൂക്കിൽ വിവിധ ആവശ്യങ്ങൾക്കായി എത്ര അപേക്ഷകൾ ഓരോ വർഷവും ലഭിക്കുന്നുണ്ട്;

(ഇ) നിലവിൽ തലപ്പിള്ളി താലൂക്കിൽ എത്ര ഫയലുകൾ തീർപ്പുകൽപ്പിക്കാനുണ്ട്;

(എഫ്) 2013 ൽ താലൂക്കുകൾ വിഭജിച്ച് പുതിയ താലൂക്കുകൾ രൂപീകരിച്ചപ്പോൾ തലപ്പിള്ളി താലൂക്ക് വിഭജിച്ച് കുന്നംകുളം ആസ്ഥാനമായി പുതിയ താലൂക്ക് അനുവദിക്കുവാൻ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടായിരുന്നുവോ;

(ജി) തലപ്പിള്ളി താലൂക്ക് വിഭജിച്ച് കുന്നംകുളം ആസ്ഥാനമായി പുതിയ താലൂക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

## കോഴിക്കോട് ജില്ലയിൽ അനുവദിച്ച പ്രവൃത്തികൾ

5222. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും കോഴിക്കോട് ജില്ലയിൽ അനുവദിച്ച പ്രവൃത്തികൾ നിയോജകമണ്ഡലം തിരിച്ച് വിശദമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഇപ്പോൾ എത്ര തുക നിക്കിയിരിപ്പുണ്ട്; വ്യക്തമാക്കാമോ;

(സി) നീക്കിയിരിപ്പുള്ള തുകയിൽ നിന്നും ഇനി ഏതെല്ലാം പ്രവൃത്തികൾക്കാണ് അംഗീകാരം നൽകാൻ ഉദ്ദേശിക്കുന്നത്; കൊയിലാണ്ടിയിലെ ഏതെല്ലാം പ്രവൃത്തികൾ പരിഗണിക്കും?

## ഡെപ്യൂട്ടി തഹസിൽദാർ/ ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ

5223. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ അവസാനമായി ഡെപ്യൂട്ടി തഹസിൽദാർ/ ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് നടന്ന പ്രൊമോഷൻ എന്നായിരിന്നുവെന്ന് പറയാമോ ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ഉത്തരവ് ഇറങ്ങുമ്പോൾ സംസ്ഥാനത്താകെ എത്ര ഡെപ്യൂട്ടി തഹസിൽദാർ/ ജൂനിയർ സൂപ്രണ്ട് തസ്തിക ഒഴിവുണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത ഒഴിവുകൾ പൂർണ്ണമായും ഈ ഉത്തരവിലൂടെ നികത്തപ്പെട്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

## സൗജന്യമായി പതിച്ചുകൊടുക്കുന്ന സർക്കാർ ഭൂമി

5224. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടികണക്കിന് രൂപ വിലമതിക്കുന്ന സർക്കാർ ഭൂമി സൗജന്യമായി പതിച്ചുകൊടുക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഇതിൻ പ്രകാരം തിരുവനന്തപുരം ജില്ലയിൽ ശാസ്തമംഗലം വില്ലേജിൽ സർവ്വേ നമ്പർ .597 - ൽ പെട്ട 50 സെന്റ് സ്ഥലവും .597/3-ൽ പെട്ട 7 സെന്റ് സ്ഥലവും ഉൾപ്പെടെ 57 സെന്റ് സ്ഥലം പതിച്ച് നൽകിയിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ഭൂമിക്ക് പാട്ടക്കുടിശ്ശിക അടയ്ക്കുവാനുണ്ടോ ; ഉണ്ടെങ്കിൽ എത്ര കോടി ; എന്നുമുതലാണ് കുടിശ്ശിക ഉള്ളത്; ആരാണ് കുടിശ്ശികക്കാരൻ ; വിവരിക്കുമോ ;

(ഡി) സൗജന്യമായി പ്രസ്തുത ഭൂമി പതിച്ച് കൊടുക്കുന്നതിന്റെ മാനദണ്ഡം എന്താണ് ;

(ഇ) ഇതിന്റെ സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

## പട്ടയവിതരണം

5225. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയവിതരണത്തിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര പേർക്ക് പട്ടയം അനുവദിച്ചിട്ടുണ്ടെന്നും ജില്ല തിരിച്ച് അറിയിക്കുമോ;

(സി) ബാക്കി പട്ടയം അടിയന്തിരമായി നൽകാൻ നടപടി സ്വീകരിക്കുമോ?

## ഭൂരഹിതർക്ക് നല്കിയ ഭൂമി

5226. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി ഭൂമിയില്ലാത്തവർക്ക് സ്ഥലം നൽകാൻ അനധികൃതമായി കൈവശം വച്ചിട്ടുള്ള ഭൂമി പിടിച്ചെടുക്കണം എന്ന് ബഹു. റവന്യൂമന്ത്രി നിയമസഭയിലും പുറത്തും പ്രഖ്യാപിച്ചതിനുശേഷം ഓരോ വർഷവും എത്ര ഭൂമി പിടിച്ചെടുത്തു ; എത്ര പേർക്ക് പിടിച്ചെടുത്ത ഭൂമി വിതരണം ചെയ്തു എന്നു ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇത്തരം ഭൂമി ലഭ്യമായ ഭൂരഹിതരിൽ എത്ര പേർക്ക് 2011 മുതൽ 2015 വരെയുള്ള കാലയളവിൽ ആധാരവും പട്ടയവും നല്കി; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തുടനീളം തോട്, പുഴ, പാറ, കുളം, തീരപ്രദേശം, റോഡ് എന്നിവയുടെ പുറമ്പോക്കുകളിൽ വർഷങ്ങളായി താമസിച്ചു വരുന്നവർ എത്ര എന്നും , ഇവരിൽ പട്ടയം ആവശ്യപ്പെട്ടവർ എത്ര എന്നും, മേല്പ്പറഞ്ഞ കാലയളവിൽ ഈ സർക്കാർ എത്ര പേർക്ക് പട്ടയം നല്കി എന്നും വർഷം തിരിച്ചും , പട്ടയം നല്കാത്തവരിൽ എത്ര പേർക്ക് മറ്റു സർക്കാർ ഭൂമി നല്കി എന്നും ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ഡി) മിച്ച ഭൂമി ആണെന്നറിയാതെ വഞ്ചിക്കപ്പെട്ട കർഷകർ എത്രയെന്നും അവർക്ക്എത്ര ഭൂമിയുണ്ടെന്നും അവരിൽ എത്രപേർക്ക് ഈ സർക്കാർ പട്ടയം നല്കിയെന്നും ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ?

## കുത്തകപാട്ട ഭൂമിക്ക് പട്ടയം

5227. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ഏലം കൃഷിക്കുവേണ്ടി എത്ര ഹെക്ടർ സ്ഥലമാണ് കുത്തകപാട്ട വ്യവസ്ഥയിൽ അനുവദിച്ച് നൽകിയിട്ടുള്ളത്;

(ബി) കുത്തകപാട്ടം പുതുക്കി കൊടുക്കുന്നതിന് എന്തെങ്കിലും തടസ്സം നില്ക്കുന്നുണ്ടോ ;

(സി) കുത്തകപാട്ട ഭൂമിയിൽ കൃഷി നടത്തുന്ന കർഷകരുടെ ഭൂമിക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) കുത്തകപാട്ട ഭൂമിക്ക് പട്ടയം നൽകുന്ന പക്ഷം ഭൂമി ക്രയവിക്രയം ചെയ്യുമ്പോൾ സർക്കാരിന് മുദ്രവിലയും രജിസ്ട്രേഷൻ ഫീസും ഇനങ്ങളിൽ നല്ല വരുമാനം ലഭിക്കുമെന്നതിനാൽ കുത്തകപാട്ട ഭൂമിക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

## സ്മാർട്ട് വില്ലേജുകൾ

5228. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് താലൂക്ക് ഓഫീസുകളുടെ പ്രവർത്തനം ജനകീയവും സുതാര്യവും ആക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ;

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളെയാണ് സ്മാർട്ട് വില്ലേജുകൾ ആയി പ്രഖ്യാപിച്ചിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കാമോ;

(സി) ഇനി ഏതെല്ലാം വില്ലേജാഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസാക്കി മാറ്റുന്നതിനായി പരിഗണിക്കുന്നത് വിശദാംശം ലഭ്യമാക്കാമോ?

<u>പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതികളുടെ നടത്തിപ്പ്</u>

5229. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരമുള്ള മരാമത്ത് പണികളിൽ ഉണ്ടായ സ്തംഭനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച പുതിയ നോംസ് പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ദുരിതാശ്വാസപദ്ധതികളിൽപ്പെടുത്തിയിട്ടുള്ള ജോലികളുടെ അനിശ്ചിതാവസ്ഥ നീക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉടുമ്പൻചോല താലൂക്കിലെ പട്ടയ വിതരണം</u>

5230. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല താലൂക്കിലെ ഇരട്ടയാർ വില്ലേജിൽ ഇടുക്കി ഹൈഡ്രോ ഇലക്ട്രിക് പദ്ധതിയുടെ ഭാഗമായ ഇരട്ടയാർ ഡാമിന്റെ പരിസരപ്രദേശങ്ങളിൽ അധിവസിക്കുന്ന കൃഷിക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;

(ബി) ഈ ക്യാച്ച്മെന്റ് ഏരിയായ്ക്ക് ജണ്ടയിട്ട് തിരിച്ചിരിക്കുന്ന പ്രദേശം ( പത്ത് ചെയിനായി മുൻപ് നിശ്ചയിച്ചിരുന്ന പ്രദേശം) ഒഴിച്ചുള്ള ഭാഗം പട്ടയ നടപടികൾക്ക് പരിഗണിച്ചിട്ടുണ്ടോ;

(സി) ഈ പ്രദേശത്തുനിന്നും പട്ടയം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ഡി) ഇരട്ടയാർ മേഖലയിലെ 10 ചെയിൻ പ്രദേശം വൈദ്യുതി ബോർഡിന് ആവശ്യമില്ലായെന്ന് വൈദ്യുതി ബോർഡ് ഡെപ്യൂട്ടി ചീഫ് എൻജിനീയർ അറിയിച്ചിട്ടുണ്ടോ?

<u>വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിലെ പുതിയ നിബന്ധനകൾ</u>

5231. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ റോഡ് പ്രവൃത്തികൾക്ക് പുതിയ നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം കേരളത്തിൽ റോഡ് പ്രവൃത്തികൾ നടത്താൻ സാധിക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) ഇക്കാര്യത്തിൽ എന്ത് പരിഹാര നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

ചെറുതുരുത്തി വില്ലേജോഫീസിനുവേണ്ടി പുതിയ കെട്ടിടം

5232. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ ചെറുതുരുത്തി വില്ലേജ് ആഫീസ് ഇപ്പോൾ പ്രവർത്തിക്കുന്നത് ഏത് കെട്ടിടത്തിലാണെന്നും എത്ര കാലമായി അവിടെ പ്രവർത്തിക്കുന്നുവെന്നും അറിയിക്കുമോ ;

(ബി) കൊച്ചിൻപാലം നിർമ്മിക്കുന്ന സമയത്ത് പാലത്തിനു സമീപത്തുള്ള ഭൂമിയിൽ പുതിയ വില്ലേജോഫീസ് നിർമ്മിക്കുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പ് റവന്യൂ വകുപ്പിൽ എന്തെങ്കിലും തുക നിക്ഷേപിച്ചിട്ടുണ്ടോ എന്നും ആ തുക പിൻവലിക്കുകയോ മറ്റെന്തെങ്കിലും ആവശ്യത്തിന് ചെലവഴിക്കുകയോ ചെയ്തിട്ടുണ്ടോയെന്നും അറിയിക്കുമോ;

(സി) നിലവിൽ വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം വള്ളത്തോൾ നഗർ പഞ്ചായത്തിലെ മറ്റൊരാഫീസിനുവേണ്ടി നിർമ്മിച്ചിട്ടുള്ളതായതിനാൽ വില്ലേജോഫീസിനു വേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ഇപ്പോഴുള്ള കെട്ടിടത്തിൽ നിന്നും മാറ്റുന്നതിനും നടപടികൾ സ്വീകരിക്കുമോ?

ഭൂരഹിതർക്ക് ഭൂമി നല്കൽ

5233. ശ്രീ.എ.കെ.ബാലൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, എസ്.ശർമ്മ
ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ എല്ലാവർക്കും ഏത് തീയതിക്കകം ഭൂമി നല്കുമെന്നായിരുന്നു പ്രഖ്യാപിച്ചിരുന്നത് ;

(ബി) സംസ്ഥാനത്ത് ഭൂരഹിതരായിട്ടുള്ളവരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ ;

(സി) ഗ്രാമപ്രദേശങ്ങളിൽ എത്ര പേർക്ക് സ്വന്തമായി ഭൂമിയുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് പ്രകാരമുള്ള കണക്ക് പരിശോധിക്കുകയുണ്ടായോ ; വിശദമാക്കാമോ ;

(ഇ) എങ്കിൽ പ്രസ്തുത കണക്ക് പ്രകാരം പദ്ധതി പുന:പരിശോധിക്കേണ്ടതുണ്ടോ ;

(എഫ്) പ്രസ്തുത കണക്ക് പ്രകാരമുള്ള എല്ലാ ജനങ്ങൾക്കും പദ്ധതിക്കാലത്ത് ഭൂമി ലഭ്യമാക്കാൻ സാധിക്കും എന്ന് കരുതുന്നുണ്ടോ?

സംഘടനകൾക്ക് സൗജന്യമായി ൽകിയ സർക്കാർ ഭൂമി

5234. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര ഏക്കർ സർക്കാർ ഭൂമി സൗജന്യമായി മത സാമുദായിക സംഘടനകൾ, ക്ലബ്ബുകൾ എന്നിവയ്ക്ക് പതിച്ച നൽകിയിട്ടുണ്ട്;

(ബി) ഏതൊക്കെ മത സംഘടന/ക്ലബ്ബുകൾക്ക്, എവിടെയൊക്കെ, എത്ര ഏക്കർ വീതമാണ് ഭൂമി പതിച്ചുനൽകിയിരിക്കുന്നതെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

(സി) ഇതിൽ പാട്ടത്തിന് കൊടുത്തതിൽ പാട്ടക്കുടിശ്ശിക ഉള്ള ഭൂമികൾ ഉണ്ടോ; എങ്കിൽ എത്ര തുക വീതം പാട്ടക്കുടിശ്ശിക ഉണ്ടെന്ന് പ്രത്യേകം വിശദമാക്കുമോ?

ഭാരതപ്പുഴയുടെ പുനരുജ്ജീവനം

5235. ശ്രീ.എം. ഹംസ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴ നാശോന്മുഖമായിക്കൊണ്ടിരിക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഭാരതപ്പുഴയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ; അതിനായി എത്ര തുക ചെലവഴിച്ചു; എന്തെല്ലാം പ്രവർത്തനങ്ങൾ ആണ് പ്രസ്തുത തുക ഉപയോഗിച്ച് നടത്തിയതെന്നു വിശദമാക്കാമോ;

(സി) ഭാരതപ്പുഴയിലെ മണൽ ലേലം ചെയ്ത് വിറ്റ വകയിലും അനധികൃത മണൽ എടുപ്പ് തടയുന്നതിന്റെ ഭാഗമായി പിടിച്ചെടുക്കുന്ന മണൽ വിറ്റവകയിലും 1.7.2006 മുതൽ 31.5.15 വരെയുള്ള കണക്ക് വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ഡി) ഭാരതപ്പുഴയിൽ നിന്നും മണലെടുക്കുന്നത് പൂർണ്ണമായും നിരോധിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

തിരുവനന്തപുരം മൂക്കുന്നിമല റഡാർ സ്റ്റേഷന് ഭൂമി

5236. ശ്രീമതി.കെ.കെ.ലതിക **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൂക്കുന്നിമലയിൽ റഡാർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സർക്കാർ ഭൂമി കണ്ടെത്തുകയോ സ്വകാര്യഭൂമി അക്വിസിഷൻ നടത്തുകയോ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) റഡാർ സ്റ്റേഷൻ സ്ഥാപിക്കുവാൻ കണ്ടെത്തിയ ഭൂമിയുടെ സർവ്വേ നമ്പറും വിസ്തീർണ്ണവും വ്യക്തമാക്കുമോ ;

(സി) നിർദ്ദിഷ്ട റഡാർസ്റ്റേഷൻ ഭൂമിയിൽ നിന്ന് പാറഖനനം നടത്തുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

കടുത്തുരുത്തി ഫയർസ്റ്റേഷനു സ്ഥലം ലഭ്യമാക്കുന്നതു സംബന്ധിച്ച്

T 5237. ശ്രീ.മോൻസ് ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി ഫയർസ്റ്റേഷനു സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലം ലഭ്യമാക്കുന്നതു സംബന്ധിച്ച് 4/3/2014 ൽ നല്കിയ നിവേദനത്തിന്റെ തുടർ നടപടികൾ ലഭ്യമാക്കാമോ ; ഇതു സംബന്ധിച്ച് ഫയൽ ഇപ്പോൾ നിലവിലുണ്ടോ ; ഇതിന്റെ നമ്പർ ലഭ്യമാക്കാമോ; ഇത് സംബന്ധിച്ച് റവന്യൂ വകുപ്പിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) റവന്യൂ വകുപ്പിൽ ഫയർസ്റ്റേഷനു വേണ്ടി സ്ഥലം അനുവദിക്കുന്നതു സംബന്ധിച്ച് ഫയൽ നിലവിലുണ്ടോ ; ആയതിന്റെ നമ്പർ ലഭ്യമാക്കാമോ ?

പാട്ടക്കാലാവധി കഴിഞ്ഞ സർക്കാർ ഭൂമി

5238. ശ്രീ.കെ.രാധാകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടക്കാലാവധി കഴിഞ്ഞ സർക്കാർ ഭൂമിക്ക്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പാലക്കാട് ജില്ലയിലെ കരുണാ എസ്റ്റേറ്റുമായി ബന്ധപ്പെട്ട് സർവ്വെ വകുപ്പ് സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>തീരദേശമേഖലയിലെ പ്രകൃതിക്ഷോഭ സാധ്യതകൾ</u>

5239. ശ്രീ.സി.മമ്മൂട്ടി
,, പി.ബി. അബ്ദുൾ റസാക്
,, എൻ. ഷംസുദ്ദീൻ
,, പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ വ്യതിയാനത്തിനനുസരിച്ച് സംസ്ഥാനത്തിന്റെ തീരദേശമേഖലയിൽ ഉണ്ടാകാവുന്ന പ്രകൃതിക്ഷോഭ സാധ്യതകളെക്കുറിച്ച് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പഠനത്തിലെ കണ്ടെത്തലുകൾ വിശദമാക്കുമോ ;

(സി) ഇല്ലെങ്കിൽ പ്രകൃതിക്ഷോഭ സാധ്യതകൾ ഏറെയുള്ള തീരദേശമേഖലയെക്കുറിച്ച് അത്തരമൊരു പഠനം പരിസ്ഥിതി കാലാവസ്ഥാവ്യതിയാന വകുപ്പുമായി സഹകരിച്ചു നടത്താനും സ്വീകരിക്കേണ്ട മുൻകരുതൽ നടപടികൾ വിലയിരുത്താനും നിർദ്ദേശം നൽകുമോ ?

<u>ഭൂരഹിതരില്ലാത്ത കേരളം പദ്ധതി</u>

5240. ശ്രീ.ഇ.പി.ജയരാജൻ
,, ബി.സത്യൻ
,, ജി.സുധാകരൻ
പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമിക്കായി അപേക്ഷ സമർപ്പിച്ചവരിൽ മഹാഭൂരിപക്ഷം പേർക്കും ഇനിയും ഭൂമി ലഭ്യമായിട്ടില്ല എന്ന വസ്തുത വിലയിരുത്തിയിട്ടുണ്ടോ;

(ബി) അപേക്ഷകർക്ക് സർക്കാർ അനുവദിച്ചു എന്ന് പറയപ്പെടുന്ന ഭൂമി അപേക്ഷകരിൽ പലർക്കും ഇതേവരെ കണ്ടെത്താനായിട്ടില്ല എന്ന വസ്തുത അറിവുള്ളതാണോ;

(സി) അപേക്ഷകരിൽ ഭൂമി കൈവശം വാങ്ങിയവരുടെ യഥാർത്ഥ കണക്ക് ലഭ്യമാക്കാമോ;

<u>മഴക്കെടുതിയിൽ കൊട്ടാരക്കര മണ്ഡലത്തിലെ നാശനഷ്ടം</u>

5241. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമീപകാലത്തുണ്ടായ മഴക്കെടുതിയിൽ കൊട്ടാരക്കര മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് നാശനഷ്ടമുണ്ടായതെന്ന് വിശദമാക്കുമോ;

(ബി) എത്ര തുകയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്;

(സി) നാശനഷ്ടമുണ്ടായവർക്കുള്ള നഷ്ടപരിഹാരതുക വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലാത്തപക്ഷം പ്രസ്തുത തുക അടിയന്തരമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

റിവർമാനേജ്മെന്റ് ഫണ്ട്

5242. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റിവർമാനേജ് മെന്റ് ഫണ്ടിനത്തിൽ ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ എത്ര തുക സമാഹരിക്കാൻ കഴിഞ്ഞു; സർക്കാർ അധികാരത്തിൽ വരുമ്പോൾ പ്രസ്തുത ഇനത്തിൽ സമാഹരിച്ച എത്ര തുകയുണ്ടായിരുന്നു;

(ബി) തിരുവനന്തപുരം ജില്ലയിൽ പ്രസ്തുത ഇനത്തിൽ എത്ര തുക സമാഹരിച്ചുവെന്നും പ്രസ്തുത തുക ഉപയോഗിച്ച് എന്തെല്ലാം പ്രവൃത്തികൾ എവിടെയെല്ലാം നടപ്പാക്കിയെന്നും വ്യക്തമാക്കാമോ?

ഉപയോഗയോഗ്യമല്ലാത്ത കെട്ടിടങ്ങളിലെ വില്ലേജ് ഓഫീസുകൾ

5243. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര താലൂക്കിൽ ഉപയോഗയോഗ്യമല്ലാത്ത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത വില്ലേജ് ഓഫീസുകൾക്ക് സൗകര്യപ്രദമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) വള്ളിക്കുന്നം വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) മാവേലിക്കര താലൂക്ക് ഓഫീസിലെ ശുചിമുറി ഉപയോഗയോഗ്യമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ശുചിമുറി നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ചന്ദ്രഗിരിപ്പുഴയിലെ മണൽ വാരൽ

5244. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ചന്ദ്രഗിരിപ്പുഴയുടെ തീരങ്ങളിൽ നിലവിൽ എത്ര കടവുകൾ മണൽ വാരുന്നതിനായി അനുവദിച്ചിട്ടുണ്ട്; ആയത് ആർക്കെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ കടവുകളിൽ നിന്ന് മണലെടുക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

ചാലക്കുടിപ്പുഴയോരം കെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടി

5245. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി കണ്ണംമ്പുഴ ക്ഷേത്രക്കടവ്, പരിയാരം കപ്പേളക്കടവ്, കൂടപ്പുഴ ചെക്ക്ഡാമിനുതാഴെ ഭാഗം, കുന്നപ്പിള്ളി വട്ടുകയം ഭാഗം എന്നിവിടങ്ങളിൽ പുഴയോരം കെട്ടി സംരക്ഷിക്കുന്നതിനായി റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

വൈക്കം നിയോജകമണ്ഡലത്തിലെ റീസർവ്വേ പൂർത്തീകരിക്കാൻ നടപടി

5246. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജകമണ്ഡലത്തിലെ ഏതൊക്കെ വില്ലേജുകളിലെ റീസർവ്വേ ജോലികളാണ് പൂർത്തിയാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇനിയും റീസർവ്വേ ജോലികൾ പൂർത്തിയാക്കാനുള്ള വില്ലേജുകൾ ഏതൊക്കെയാണ് ; ജോലികൾ പൂർത്തിയാക്കാൻ വൈകുന്നതിന്റെ കാരണം എന്തൊക്കെയാണ് ; പൂർത്തിയാകാത്ത വില്ലേജുകളിൽ റീസർവ്വേ ജോലികൾക്കായി നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ ആരെല്ലാമാണ്; വ്യക്തമാക്കുമോ;

(സി) വൈക്കം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട വില്ലേജുകളിലെ റീസർവ്വേ ജോലികൾ പൂർണ്ണമായും എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ?

<u>സർവ്വേ വകുപ്പിന്റെ ആധുനികവൽക്കരണം</u>

5247. ശ്രീ.എം.പി.വിൻസെൻറ്
,, ബെന്നി ബെഹനാൻ
,, ഐ.സി.ബാലകൃഷ്ണൻ
,, വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേ വകുപ്പ് ആധുനികവൽക്കരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് ;

(ബി) ആരുടെയെല്ലാം സഹകരണത്തോടെയാണ് ഇവ നടപ്പാക്കുന്നത് ;

(സി) ഇത് നടപ്പിൽ വരുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

<u>കാസർകോട് ജില്ലയിലെ സ്വകാര്യ റിസോർട്ടുകൾ</u>

5248. ശ്രീ.ഇ.ചന്ദ്രശേഖരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയില ആകെ എത്ര സ്വകാര്യ റിസോർട്ടുകളാണ് ഉള്ളതെന്ന് പറയാമോ;

(ബി) ഈ റിസോർട്ടുകൾക്ക് ഓരോന്നിനും എത്ര ഭൂമിയാണ് കൈവശാധികാരത്തിലുള്ളതെന്ന് റിസോർട്ട് തിരിച്ച് വിശദമാക്കാമോ;

(സി) ഇതിൽ ഏതെങ്കിലും റിസോർട്ടുകൾ സർക്കാർ ഭൂമി കൈയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് റിസോർട്ട്, നടപടികൾ തിരിച്ച് വിശദമാക്കാമോ?

<u>പാലക്കാട് ജില്ലയിൽ നടത്തിയ അളവുതൂക്ക പരിശോധന</u>

5249. ശ്രീ.എം.ചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 6 മാസത്തിനിടയിൽ പാലക്കാട് ജില്ലയിൽ അളവുതൂക്ക ഉദ്യോഗസ്ഥർ എത്ര പരിശോധന നടത്തിയിട്ടുണ്ട്;

(ബി) സ്വർണ്ണക്കടകളിൽ പ്രത്യേക പരിശോധന നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത പരിശോധനയുടെ ഫലമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ;

(ഡി) ഉപഭോക്താക്കളെയും സാധാരണ ജനങ്ങളെയും ബോധവൽക്കരിക്കുന്നതിന് വകുപ്പ് പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

5250. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് 2006-2007 സാമ്പത്തിക വർഷം മുതൽ 2014-2015 സാമ്പത്തിക വർഷം വരെ ഓരോ സാമ്പത്തിക വർഷവും അംഗത്വ അംശദായത്തിൽ ലഭ്യമായ തുക എത്ര; വ്യക്തമാക്കാമോ;

(ബി) 2005-2006 മുതൽ 2014-15 വരെയുള്ള ഓരോ സാമ്പത്തിക വർഷവും സർക്കാർ ഗ്രാന്റായും വായ്പയായും ഓഹരിയായും ക്ഷേമനിധി ബോർഡിന് എന്തു തുകവീതം നൽകി; വിശദമാക്കുമോ;

(സി) ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്?

കയർ തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് പദ്ധതി

5251. ശ്രീ.വർക്കല കഹാർ

,, കെ.ശിവദാസൻ നായർ

,, സണ്ണി ജോസഫ്

,, എം.പി.വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർമേഖലയിലെ തൊഴിലും വരുമാനവും വർദ്ധിപ്പിച്ച് ജീവിത നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ആരുടെയല്ലാം സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്;

(സി) ഇത് നടപ്പിൽ വരുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ഭക്ഷ്യധാന്യങ്ങളുടെ കടത്ത്

5252. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ

,, റ്റി.എ.അഹമ്മദ് കബീർ

,, സി.മോയിൻ കുട്ടി

,, പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ ശൃംഖല വഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്യേണ്ട അരി, ഗോതമ്പ് തുടങ്ങിയ ഭക്ഷ്യധാന്യങ്ങൾ വൻതോതിൽ സ്വകാര്യഗോഡൗണുകളിലും കടത്തിക്കൊണ്ടുപോകുന്ന വാഹനങ്ങളിലും കണ്ടെത്തുന്ന സാഹചര്യങ്ങളെയും അവ ചോർന്നു പോകുന്ന ഉറവിടങ്ങളെയും കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഈ ഇനത്തിൽ പിടികൂടിയ ഭക്ഷ്യശേഖരത്തെ സംബന്ധിച്ചും സ്വീകരിച്ച നടപടികളെ സംബന്ധിച്ചും വ്യക്തമാക്കുമോ ?

പുതിയ റേഷൻ കാർഡുകൾ

5253. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡുകൾ എന്നു മുതൽ പ്രാബല്യത്തിൽ വരുത്താനാണ് സർക്കാർ ആലോചിക്കുന്നത്?

പുതിയ താലൂക്കുകളിൽ സിവിൽ സപ്ലൈസ് ഓഫീസ് തുടങ്ങുന്നതിനുള്ള നടപടികൾ

5254. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ആരംഭിച്ച താലൂക്കുകളിൽ സിവിൽ സപ്ലൈസ് ഓഫീസ് തുടങ്ങുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച ഉത്തരവ് പുറത്തിറങ്ങിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഇവ എന്നത്തേക്ക് പ്രവർത്തിച്ച് തുടങ്ങാൻ സാധിക്കും ?

പുതിയ മാവേലി സ്റ്റോറുകൾ

5255. ശ്രീ.കെ.ശിവദാസൻ നായർ
,, എം.പി.വിൻസെൻറ്
,, ഡൊമിനിക് പ്രസന്റേഷൻ
,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത് ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഹോട്ടൽ ഭക്ഷണത്തിന്റെ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കൽ

5256. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിൽ നൽകുന്ന ഭക്ഷണത്തിന്റെ വിലവിവരം രേഖപ്പെടുത്തി പരസ്യപ്പെടുത്താത്ത ഹോട്ടലുകൾക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോ ; എങ്കിൽ ഇത്തരം ഒരു പട്ടിക എല്ലാ ഹോട്ടലുകളിലും പ്രദർശിപ്പിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ ?

നെല്ല് സം ഭരണത്തിലെ കുടിശിക

5257. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ നെൽകൃഷിക്കാരിൽ നിന്നും കഴിഞ്ഞ സീസണിൽ നെല്ല് സംഭരിച്ച വകയിൽ എന്തു തുക കൊടുത്ത് തീർക്കാനുണ്ട് എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തുക അടിയന്തരമായി നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

മാവേലി സ്റ്റോർ

5258. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അനുവദിച്ച സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മാവേലി സ്റ്റോറുകളിൽ സബ്സിഡി സാധനങ്ങൾ ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സബ്സിഡി സാധനങ്ങൾ മാവേലി സ്റ്റോറുകളിൽ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ഡി) മാവേലിക്കര മണ്ഡലത്തിൽ മാവേലിസ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകൾ ഏതൊക്കെ?

## സപ്ലൈകോ വിതരണം ചെയ്യുന്ന അവശ്യ സാധനങ്ങളുടെ സബ്സിഡി

5259. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ വഴി സബ്സിഡി നൽകി വിതരണം ചെയ്യുന്ന അവശ്യ സാധനങ്ങളുടെ വില വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) സബ്സിഡി നൽകുന്ന ഇനങ്ങൾക്ക് അത് തുടർന്ന് നൽകുവാനും വില വർദ്ധനവ് തടയാനും നടപടി സ്വീകരിക്കുമോ?

## സപ്ലൈകോ നിയമനം

5260. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിൽ അസിസ്റ്റന്റ് സെയിൽസ്മാൻ, ജൂനിയർ അസിസ്റ്റന്റ്, സീനിയർ അസിസ്റ്റന്റ് II, സീനിയർ അസിസ്റ്റന്റ് I എന്നീ തസ്തികകളിൽ ഡയറക്ട് സ്റ്റാഫിന്റെ സ്ട്രംങ്ങ്ത് എത്ര വീതമാണ്; വ്യക്തമാക്കുമോ;

(ബി) സപ്ലൈകോ എറണാകുളം ഡിപ്പോയുടെ കീഴിൽ ശ്രീ. എ. കെ. ജോണി എന്ന ജീവനക്കാരൻ ഏതു തസ്തികയിലാണ് ജോലി ചെയ്തുവരുന്നത്; വിശദമാക്കുമോ;

(സി) സപ്ലൈകോയിൽ ഡെപ്യൂട്ടേഷൻ സ്റ്റാഫിന്റെ സ്ട്രംങ്ങ്ത് എത്ര വീതമാണ്; ഓരോ ജില്ലയിലും എത്ര തസ്തികകൾ വീതമാണ് അവർക്ക് അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ഡി) ജൂനിയർ അസിസ്റ്റന്റ്, സീനിയർ അസിസ്റ്റന്റ് II എന്നീ തസ്തികകളിൽ കോർപ്പറേഷൻ സ്റ്റാഫിന് എത്ര വീതം ഒഴിവുകൾ നിലവിലുണ്ട്; വ്യക്തമാക്കാമോ;

(ഇ) കോമൺ സർവ്വീസ് റാങ്ക് നടപ്പിൽ വരുത്തുന്നതിനായി അന്തിമറിപ്പോർട്ട് തയ്യാറായിട്ടുണ്ടോ; എന്നു മുതൽ ഇത് നടപ്പിലാക്കുമെന്ന് വിശദമാക്കുമോ;

(എഫ്) എസ്.എസ്.എൽ.സി. യോഗ്യതയുള്ള അസിസ്റ്റന്റ് സെയിൽസ്മാന് ലാസ്റ്റ് ഗ്രേഡിനെക്കാളും താഴ്ന്ന ശമ്പളവും എൽ.ഡി. ക്ലാർക്കിന്റെ ജോലിയുമാണെന്നുള്ളതും ആയത് മനുഷ്യാവകാശ ലംഘനമാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

## കേന്ദ്ര ഭക്ഷ്യ സുരക്ഷാ ഉപദേശക സമിതി യോഗം

5261. **ശ്രീ.പി.സി. ജോർജ്ജ് :** താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഭക്ഷ്യ സുരക്ഷാ ഉപദേശക സമിതി യോഗത്തിൽ സംസ്ഥാനം എന്തൊക്കെ നടപടികളാണ് ആവശ്യപ്പെടുന്നത്/ആവശ്യപ്പെട്ടത് ; വിശദമാക്കുമോ ?

സിവിൽ സപ്ലൈസ് ഔട്ട് ലെറ്റുകളിലെ സാധനങ്ങളുടെ ഗുണനിലവാരം

5262. ശ്രീ.കെ.എൻ.എ.ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിവിൽ സപ്ലൈസ് ഔട്ട് ലെറ്റുകൾ വഴി വിൽപ്പന നടത്തുന്ന നിത്യോപയോഗ സാധനങ്ങളുടെ ഗുണനിലവാരം കുറയുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവാരം കുറഞ്ഞ ഉത്പന്നങ്ങൾ വിൽക്കുന്നത് ഈ ഔട്ട് ലെറ്റുകളുടെ വിശ്വാസ്യതയേയും ഇവയുടെ വിറ്റുവരവിനെയും പ്രതികൂലമായി ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഈ ഔട്ട് ലെറ്റുകൾ വഴി വിറ്റഴിക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് പ്രത്യേക ശ്രദ്ധനൽകുമോ ?

സിവിൽ സപ്ലൈസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടി

5263. ശ്രീ.സണ്ണി ജോസഫ്
,, പി.സി വിഷ്ണുനാഥ്
,, എ.പി.അബ്ദുള്ളക്കുട്ടി
,, ഡൊമിനിക് പ്രസന്റേഷൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിവിൽ സപ്ലൈസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്;

(സി) പദ്ധതി നടത്തിപ്പിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പാചകവാതക വിതരണം

5264. ശ്രീ.സി.ദിവാകരൻ **:** താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാചകവാതകം ബുക്ക് ചെയ്ത് രണ്ടുമാസം കഴിഞ്ഞിട്ടും ഉപഭോക്താക്കൾക്ക് ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രശ്നം പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; പാചകവാതക വിതരണം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

ഭക്ഷണവില നിയന്ത്രണ ബിൽ

5265. ശ്രീ.പി.സി. ജോർജ് **:** താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷണ വില നിയന്ത്രണ ബിൽ അവതരിപ്പിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ എന്തെങ്കിലും എതിർപ്പുകൾ നിലവിൽ ഉണ്ടോ; വിശദംശങ്ങൾ നല്കുമോ ?

പുതുക്കിയ റേഷൻ കാർഡുകളുടെ വിതരണം

5266. ശ്രീ. എൻ .എ.നെല്ലിക്കുന്ന് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കിയ റേഷൻ കാർഡുകൾ മുൻനിശ്ചയ പ്രകാരം വിതരണം ചെയ്യാൻ തടസ്സമെന്തെങ്കിലുമുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പുതിയ കാർഡുകൾ വിതരണം ചെയ്യുമ്പോൾ എ.പി.എൽ, ബി.പി.എൽ വിഭാഗങ്ങൾ ഇല്ലാതാകുമോ; എങ്കിൽ പാവപ്പെട്ടവർക്കു അർഹമായ ആനുകൂല്യം ലഭിക്കാൻ റേഷൻ കാർഡുകൾ എങ്ങനെയാണു ഉപകാരപ്പെടുക എന്ന കാര്യം വ്യക്തമാക്കുമോ?

<u>കൽപ്പറ്റ മണ്ഡലത്തിലെ സിവിൽ സപ്ലൈസ് സ്ഥാപനങ്ങൾ</u>

5267. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിൽ സിവിൽ സപ്ലൈസ് വകുപ്പിൻെറ കീഴിൽ എത്ര സ്ഥാപനങ്ങളുണ്ടെന്നും അവ ഏതെല്ലാമെന്നും വിശദമാക്കുമോ ;

(ബി) ഇതിൽ ഈ സർക്കാറിൻെറ കാലത്ത് ആരംഭിച്ച സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ;

(സി) കൽപ്പറ്റ നിയോജക മണ്ഡലത്തിൽ പുതുതായി ഏതെങ്കിലും സ്ഥാപനങ്ങൾ ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

<u>വിലക്കയറ്റം</u>

5268. **ശ്രീ.ബാബു എം. പാലിശ്ശേരി**

**,,** എ. പ്രദീപ്കുമാർ

**,,** എം.ചന്ദ്രൻ

**,,** സാജു പോൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓണം - റംസാൻ കാലത്ത് പൊതു കമ്പോളത്തിൽ അവശ്യസാധന വില കുതിച്ചുയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വില വർദ്ധന പിടിച്ചു നിർത്തുന്നതിനായി എന്തെല്ലാം കമ്പോള ഇടപെടലുകളാണ് നടത്തിയിട്ടുള്ളത്; ഇവ മുൻകാലങ്ങളിലുള്ളത്ര ഇടപെടലുകൾ നടത്തിയിട്ടുണ്ടോ;

(സി) വിപണി ഇടപെടലിനായി സിവിൽ സപ്ലൈസ് കോർപ്പറേഷന് ആവശ്യത്തിന് തുക ലഭ്യമാക്കിയിട്ടുണ്ടോ?

<u>കോട്ടച്ചേരി വെൽഫയർ കോ-ഓപ്പറേറ്റീവ് സ്റ്റോർസിന്റെ പേരിലുള്ള റേഷൻ കടകൾ</u>

5269. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോസ്ദുർഗ്ഗ് താലൂക്കിലെ കോട്ടച്ചേരി വെൽഫയർ കോ-ഓപ്പറേറ്റീവ് സ്റ്റോർസ് എന്ന സ്ഥാപനത്തിന്റെ പേരിൽ മുമ്പ് റേഷൻ കടകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പേരിൽ നിലവിൽ ഏതെങ്കിലും റേഷൻ കടയ്ക്ക് അംഗീകാരം ഉണ്ടോ; എങ്കിൽ ഇല്ലാത്ത സ്ഥാപനത്തിന്റെ പേരിൽ അംഗീകാരം നൽകിയത് ക്രമക്കേടാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നിയമാനുസൃത നടപടി സ്വീകരിക്കുമോ?

<u>ആറ്റിങ്ങൽ മണ്ഡലത്തിലെ പുതിയ മാവേലിസ്റ്റോറുകൾ</u>

5270. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം ആറ്റിങ്ങൽ നിയോജകമണ്ഡലം ഉൾപ്പെടുന്ന പ്രദേശത്ത് പുതിയതായി എത്ര മാവേലിസ്റ്റോറുകളും എത്ര ലാഭം മാർക്കറ്റുകളും അനുവദിച്ചിട്ടുണ്ടെന്ന് സ്ഥലങ്ങൾ ഉൾപ്പെടെ വിശദമാക്കാമോ ;

(ബി) അനുവദിക്കപ്പെട്ടിട്ടുള്ളതിൽ ഏതെല്ലാം സ്ഥലങ്ങളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>വെള്ളോറയിൽ മാവേലി സ്റ്റോർ</u>

5271. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എരമം-കുറ്റൂർ പഞ്ചായത്തിലെ വെള്ളോറയിൽ മാവേലി സ്റ്റോർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ?

<u>റേഷൻകാർഡ് പുതുക്കൽ പ്രക്രിയ</u>

5272. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ലക്ഷം റേഷൻ കാർഡുകളാണ് പുതുക്കേണ്ടത്; റേഷൻകാർഡ് പുതുക്കൽ പ്രക്രിയ എന്നാണാരംഭിച്ചത് എന്നും എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത് എന്നും പൂർത്തീകരണ പ്രക്രിയയുടെ കാലതാമസത്തിന്റെ കാരണം എന്തെന്നും വ്യക്തമാക്കാമോ;

(ബി) എത്ര ശതമാനം കാർഡുകളുടെ പ്രക്രിയ ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട് എന്നും ഇനിയും എത്ര സമയത്തിനകം ഈ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയും എന്നും വ്യക്തമാക്കാമോ;

(സി) റേഷൻ കാർഡ് പുതുക്കൽ പ്രക്രിയ ആരംഭിച്ചനാൾ മുതൽ പുതിയ റേഷൻ കാർഡ് എടുക്കുന്നതിനോ, നിലവിലുള്ള റേഷൻകാർഡിൽ പുതുതായി ആളെ ഉൾപ്പെടുത്തുന്നതിനോ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പാസ്പോർട്ട് എടുക്കുന്നതിനുൾപ്പെടെ വിവിധ ആവശ്യങ്ങൾക്കായി റേഷൻകാർഡിൽ പേരുൾപ്പെടുത്തേണ്ടവർക്കായി എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) അടിയന്തരമായി പുതുക്കിയ റേഷൻകാർഡ് നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>തിരുവനന്തപുരം, കണ്ണേറ്റുമുക്ക് ശ്രീമതി സരസ്വതി അമ്മയ്ക്ക് ബി. പി. എൽ. കാർഡ്</u>

5273. **ശ്രീ.എ. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, ജഗതി, കണ്ണേറ്റുമുക്ക്, തൈക്കാട്(പി.ഒ) റ്റി.സി.നമ്പർ 16/1260(1) തിരുവോണം വീട്ടിൽ താമസിക്കുന്ന ശ്രീമതി സരസ്വതി അമ്മയ്ക്ക് എ.പി.എൽ. കാർഡാണ് നൽകിയിട്ടുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാർദ്ധക്യ സഹജമായ അസുഖങ്ങൾകൊണ്ട് കഷ്ടപ്പെടുന്ന ശ്രീമതി സരസ്വതി അമ്മയുടെ തുച്ഛമായ വരുമാനം കണക്കിലെടുക്കാതെ ഇവർക്ക് നൽകിയത് എ.പി.എൽ. കാർഡാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ശ്രീമതി സരസ്വതി അമ്മയ്ക്ക് ബി.പി.എൽ. കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

അവശ്യസാധനങ്ങൾ പൊതുവിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ നൽകുന്നതിനുള്ള പദ്ധതി

5274. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി
,, ഐ.സി.ബാലകൃഷ്ണൻ
,, വി.പി.സജീന്ദ്രൻ
,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശ്യസാധനങ്ങൾ പൊതുവിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ സ്വീകരിച്ചിട്ടുളള നടപടികൾ വിശദമാക്കാമോ?

വിപണിയിടപെടലിനായി ചെലവഴിച്ച തുക

5275. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 വർഷത്തെ റംസാൻ - ഓണം ഉൽസവ കാലയളവിൽ വിലക്കയറ്റം നിയന്ത്രിക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത കാലയളവിൽ വിപണിയിടപെടലിനായി എന്തു തുക നീക്കിവെച്ചെന്നും എന്തു തുക ചെലവഴിച്ചെന്നും വിശദമാക്കാമോ ?

പാചകവാതക വിതരണ മേഖലയിലെ പ്രശ്നങ്ങൾ

5276. ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാചകവാതക വിതരണ മേഖലയിലെ പ്രശ്നങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പാചകവാതക വിതരണം കാര്യക്ഷമമാക്കുന്നതിനും ഉണഭോക്താക്കൾക്ക് കൃത്യസമയത്ത് എത്തിക്കുന്നതിനും വ്യക്തമായ നയം രൂപീകരിക്കുമോ;

(സി) ഏജൻസികളും ഉണഭോക്താക്കളും തമ്മിലുള്ള പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുമോ?

ഉപഭോക്തൃ കോടതികളിലെ കേസുകൾ

5277. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉപഭോക്തൃ കോടതികളിൽ രജിസ്റ്റർ ചെയ്യുന്ന പല കേസുകളിലും നടപടികൾ വളരെ നീണ്ടുപോകുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; കേസുകൾ അനന്തമായി നീളുന്നതു മൂലം ഉപഭോക്താക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്തിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ;

(ബി) ഉപഭോക്തൃ കോടതികളിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകൾ തീർപ്പാക്കുന്നതിന് ഒരു നിശ്ചിതകാലയളവ് നിശ്ചയിക്കുവാൻ തയ്യാറാകുമോയെന്നു വെളിപ്പെടുത്തുമോ;

(സി) ബി.എസ്.എൻ.എൽ,. കെ.എസ്.ഇ.ബി. പോലുള്ള സ്ഥാപനങ്ങൾ കേസുകൾ നടത്തുവാൻ താത്പര്യക്കുറവ് കാണിക്കുന്നതു മൂലം ഉപഭോക്താക്കൾക്കുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ സർക്കാർ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

## ആറ്റിങ്ങൽ, കിളിമാനൂർ സബ് രജിസ്ട്രാർ ഓഫീസുകളിലെ ഓൺലൈൻ സംവിധാനത്തിലെ തകരാർ

5278. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ, കിളിമാനൂർ സബ് രജിസ്ട്രാർ ഓഫീസുകളിൽ നിരന്തരമുണ്ടാകുന്ന ഓൺലൈൻ തകരാറുകൾ പരിഹരിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഓൺലൈൻസംവിധാനം തകരാറാകുന്നത് കാരണം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അടിയന്തരമായി ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

## ഓൺ ലൈൻ രജിസ്ട്രേഷൻ ഹാർഡ് ഡിസ്ക് തകരാർ

5279. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓൺ ലൈൻ രജിസ്ട്രേഷൻ ഹാർഡ് ഡിസ്ക് തകരാറിലായതു കാരണം എത്ര ദിവസം രജിസ്ട്രേഷൻ മുടങ്ങിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഹാർഡ് ഡിസ്ക് തകരാറിലായതു കാരണം മുൻകാലങ്ങളിലുള്ള വിവരങ്ങൾ നഷ്ടപ്പെടുവാൻ സാധ്യതയുണ്ടോ ;

(സി) ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

## സഹകരണ സംഘങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ്

T 5280. **ശ്രീ.എം.എ. വാഹീദ് :** താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങൾ സ്ഥലം വാങ്ങുമ്പോൾസ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് അനുവദിച്ചിട്ടില്ലെങ്കിൽ സ്റ്റാമ്പ് ഡ്യൂട്ടി നിരസിക്കപ്പെടുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

## സ്റ്റാമ്പ് ഡ്യൂട്ടി അഡ്ജ്യൂഡിക്കേറ്റ് ചെയ്യുന്നതിനുള്ള അധികാരം

5281. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ സ്റ്റാമ്പ് ഡ്യൂട്ടി അഡ്ജ്യൂഡിക്കേറ്റ് ചെയ്യുന്നതിന് അധികാരമുള്ള തസ്തികകൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) 2014-2015 സാമ്പത്തിക വർഷം സംസ്ഥാനത്ത് രജിസ്ട്രേഷൻ വകുപ്പിന് ഈ ഇനത്തിൽ ലഭിച്ച ആകെ അപേക്ഷകളുടെയും ആയതിൽ തീർപ്പാക്കിയതിന്റെയും എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ ;

(സി) വകുപ്പിന്റെ ആഭ്യന്തര ആഡിറ്റിങ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ഇത്തരം അപേക്ഷകൾ സ്വീകരിക്കുന്നതും ഉത്തരവുകൾ നൽകുന്നതും ചട്ടപ്രകാരമാണോയെന്നു വിശദീകരിക്കുമോ ;

(ഡി) സർക്കാർ നിശ്ചയിച്ച ന്യായവില കുറച്ച് കാണിച്ചിട്ടുള്ള ആധാരങ്ങൾ അഡ്ജ്യൂഡിക്കേറ്റ് ചെയ്ത് നികുതി വെട്ടിപ്പ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇത്തരം നികുതി വെട്ടിപ്പുകൾ തടയുന്നതിനായി ഉയർന്ന ഉദ്യോഗസ്ഥരുടെ പ്രത്യേകം സ്ക്വാഡുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) സംസ്ഥാനത്തെ ഏതൊക്കെ ജില്ലാ രജിസ്ട്രാർമാരുടെ പേരിൽ വകുപ്പ്തല/വിജിലൻസ് നടപടികൾ നിലനിൽക്കുന്നുണ്ട്; വിശദവിവരം നല്കുമോ ?

## അപേക്ഷാഫാറങ്ങൾ ലഭ്യമാക്കുവാൻ നടപടി

5282. **ശ്രീ.പി.സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ/സബ്‌രജിസ്ട്രാർ ആഫീസുകളിൽ നിന്നും പൊതുജനത്തിന് ലഭിക്കേണ്ടതായ സേവനങ്ങളിൽ പലതിനും ആവശ്യമായ നിശ്ചിതമാതൃകയിലുള്ള അപേക്ഷകൾ പ്രസ്തുത ആഫീസുകളിൽ ലഭ്യമല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ആഫീസുകളെ "കടബാദ്ധ്യത സർട്ടിഫിക്കറ്റ്" പോലെയുള്ള പലതരം ആവശ്യങ്ങൾക്കായി സമീപിക്കുമ്പോൾ നിശ്ചിതമാതൃകയിലുള്ള ഫാറങ്ങൾ ലഭ്യമല്ലെന്നും അടുത്തുള്ള വെണ്ടർ ലൈസൻസിയെ സമീപിക്കുവാനും നിർദ്ദേശം നൽകി ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ബുദ്ധിമുട്ടുകൾ പരിഹരിക്കുവാനും ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുവാനുമായി പ്രസ്തുത ആഫീസുകളിലെ നോട്ടീസ് ബോർഡുകളിൽ നിശ്ചിത മാതൃകയിലുള്ള അപേക്ഷകളുടെ പകർപ്പ് പ്രദർശിപ്പിക്കുന്നതിനോ , നിശ്ചിത ഫീസ് ഈടാക്കി പ്രസ്തുത ആഫീസുകളിൽ നിന്നു തന്നെ വിതരണം ചെയ്യുന്നതിനോ നടപടി സ്വീകരിക്കുമോ;

(ഡി) അപേക്ഷാഫാറങ്ങൾക്കായി വെണ്ടർ ലൈസൻസികൾ അന്യായമായ ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയത് പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ?

## തോട്ടുകര പാലത്തിന് ഭരണാനുമതി

5283. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ പടന്ന മൂസഹാജി മുക്കിനെ കിനാത്തിലുമായി ബന്ധിപ്പിക്കുന്ന തോട്ടുകര പാലത്തിന് ഭരണാനുമതി നൽകുന്നതിന് എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ ; പ്രസ്തുത പ്രവൃത്തിക്ക് എന്ന് ഭരണാനുമതി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

## നടപ്പാതകളിലെ കയ്യേറ്റം

5284. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ നടപ്പാതകളിലെ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) നടപ്പാതകൾ കയ്യേറി സ്വകാര്യസ്ഥാപനങ്ങളും മറ്റും പാർക്കിംഗ് സ്ഥലമായി ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് കാൽനട യാത്രക്കാർക്കും മറ്റും തടസ്സങ്ങൾ സൃഷ്ടിക്കുന്ന സാഹചര്യത്തിൽ ഇത്തരക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ;

(ഇ) കയ്യേറ്റങ്ങൾക്കെതിരെ സ്വീകരിച്ച നടപടി വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് സുപ്രീംകോടതിയുടെ നോട്ടീസ്

ലഭിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കുട്ടനാട്ടിലെ നിർമ്മാണ പ്രവൃത്തികൾ

5285. ശ്രീ.തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് കുട്ടനാട്ടിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) അതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ഇനി ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്നുമുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം ആണ് റദ്ദുചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഇ-ഗവേണൻസ് പദ്ധതികൾ

5286. ശ്രീ.ടി.എൻ. പ്രതാപൻ
,, എ.പി.അബ്ദുള്ളക്കുട്ടി
,, ആർ . സെൽവരാജ്
,, വി.റ്റി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യൂ .ഡി വകുപ്പിൽ ഇ-ഗവേണൻസ് പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്:

സി.ആർ.എഫ് ഫണ്ടുപയോഗിച്ച് റോഡ് നിർമ്മാണം

5287. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽപ്പെടുന്ന പാങ്ങോട് - ശിവഗിരി റോഡ് നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റിന് സി. ആർ. എഫിൽ (CRF) ഉൾപ്പെടുത്തി അനുവാദം ലഭിക്കുന്നതിന് ശിപാർശ നൽകിയത് എന്നാണ്;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചത് എന്നാണ്;

(സി) സി. ആർ. എഫ് (CRF) അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം കൊല്ലം ജില്ലയിൽപ്പെടുന്ന എത്ര റോഡുകൾക്ക് സി. ആർ. എഫിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിരുന്നു; അതിൻെറ ലഭ്യമാക്കുമോ?

പി.ഡബ്ള്യൂ.ഡി യുടെ ഗവൺമെന്റ് ഒബ്സർവേറ്ററി ക്വാർട്ടേഴ്സ്

5288. ശ്രീ.വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത്, പി.ഡബ്ള്യൂ.ഡി യുടെ കീഴിലുള്ള ഗവൺമെന്റ് ഒബ്സർവേറ്ററി ക്വാർട്ടേഴ്സ് അലോട്ട് ചെയ്യുമ്പോൾ എന്തെല്ലാം തരം ചാർജുകൾ ആണ് താമസക്കാർ അടയ്ക്കണമെന്ന് വ്യവസ്ഥയുള്ളത്; വിശദമാക്കുമോ;

(ബി) ക്വാർട്ടേഴ്സുകൾ അലോട്ട് ചെയ്യുമ്പോൾ ഇത് സംബന്ധിച്ച് സമ്മതപത്രം ഇവരിൽ നിന്ന് എഴുതി വാങ്ങാറുണ്ടോ; വിശദാംശങ്ങൾ നല്കാമോ;

(സി) പ്രസ്തുത ഒബ്സർവേറ്ററി ക്വാർട്ടേഴ്സിലുള്ള വൈദ്യുതി കണക്ഷനുകളുടെ ഉപഭോക്താവ് ആരാണ്; വിശദമാക്കാമോ;

(ഡി) പ്രസ്തുത ക്വാട്ടേഴ്സിൽ ഉള്ള വൈദ്യുതി കണക്ഷനുകൾക്ക് സെക്യൂരിറ്റി ഡിപ്പോസിറ്റ് അടയ്ക്കാൻ താമസക്കാർ നിർബന്ധിതരാകുന്ന എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സെക്യൂരിറ്റി ഡിപ്പോസിറ്റ് ഉപഭോക്താവിൽ നിന്നു മാത്രം ഈടാക്കാൻ വ്യവസ്ഥയുള്ള സ്ഥിതിക്ക് ഇത് പി.ഡബ്ള്യു.ഡി തന്നെ ഏറ്റെടുത്ത് ഉപയോഗിക്കുന്ന വൈദ്യുതി ചാർജ്ജ് മാത്രം താമസിക്കുന്നവരിൽ നിന്നും ഈടാക്കാൻ വേണ്ട നടപടികൾ എടുക്കാമോ?

<u>ലോക ബാങ്ക് ധനസഹായത്തോടെയുള്ള പദ്ധതികൾ</u>

5289. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി ലോക ബാങ്ക് ധനസഹായത്തോടെയുള്ള പദ്ധതികൾക്കായി നടപ്പ സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതി പ്രകാരം അറ്റകുറ്റപ്പണികൾ നടത്തുവാനുള്ള പൊതുമരാമത്ത് റോഡുകളുടെ മുൻഗണനാ പട്ടിക പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കുകയുണ്ടായോ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കണ്ണൂർ ജില്ലയിലെ ഏതെല്ലാം പൊതുമരാമത്ത് റോഡുകളാണ് തെരെഞ്ഞെടുത്തിട്ടുള്ളതെന്നും ഓരോ റോഡുകളുടെ നിർമ്മാണത്തിനും എത്ര തുക വീതമാണ് വേണ്ടിവരുന്നതെന്നും വ്യക്തമാക്കുമോ?

<u>ഓരോ നിയോജകമണ്ഡലത്തിനും അനുവദിച്ച പ്രവൃത്തികളും തുകയും</u>

5290. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഓരോ നിയോജകമണ്ഡലത്തിനും പൊതുമരാമത്ത് വകുപ്പ് അനുവദിച്ച പ്രവൃത്തികളും തുകയും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ;

(ബി) ഓരോ പ്രവൃത്തിയുടെയും നിർവഹണം ഏത് ഘട്ടത്തിലാണെന്ന് പ്രത്യേകം പ്രത്യേകം വ്യക്തമാക്കാമോ ?

<u>റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ</u>

5291. **ശ്രീ.ഡൊമിനിക് പ്രസന്റേഷൻ**
**,, ഐ.സി.ബാലകൃഷ്ണൻ**
**,, ആർ . സെൽവരാജ്**
**,, എം.പി.വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് സുരക്ഷാ പ്രവർത്തനങ്ങൾക്ക് മരാമത്ത് വകുപ്പ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത് ;

(സി) ഇതിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികളാണ് എടുത്തത് ?

ഹെവി മെയിന്റനൻസ് പദ്ധതി

5292. ശ്രീ.കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെവി മെയിന്റനൻസ് പദ്ധതി ഇനി എത്ര കിലോമീറ്റർ സംസ്ഥാന പാതകളിൽ നടപ്പിലാക്കാനുണ്ട് എന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നുവെന്ന് അറിയിക്കുമോ ?

പാലം നിർമ്മാണത്തിന്റെ ഭാഗമായി പുഴയിൽ നിക്ഷേപിക്കുന്ന മണ്ണ് യഥാസമയം നീക്കം ചെയ്യാൻ നടപടി

5293. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലങ്ങളുടെ നിർമ്മാണത്തിന്റെ ഭാഗമായി പുഴകളിൽ നിക്ഷേപിക്കുന്ന മണ്ണ് പാലത്തിന്റെ പ്രവൃത്തി പൂർത്തിയായാലും നീക്കാത്തതിനാൽ പുഴകളിൽ മത്സ്യസമ്പത്തിനുണ്ടാകുന്ന ശോഷണവും പാരിസ്ഥിതിക പ്രശ്നവും കണക്കിലെടുത്ത് യഥാസമയം നീക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചാട്ടൂൽ-ചുങ്കം പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പുഴയിൽ നിക്ഷേപിച്ച മണ്ണ് നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

പാലം നിർമ്മാണത്തിന്റെ പുഴയിൽ നിക്ഷേപിച്ച മണ്ണ്

5294. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലം നിർമ്മാണത്തിന്റെ ഭാഗമായി പുഴകളിൽ നിക്ഷേപിക്കുന്ന മണ്ണ് പാലത്തിന്റെ നിർമ്മാണം പൂർത്തിയായാലും നീക്കം ചെയ്യാത്തതിനാൽ പുഴകളിൽ മത്സ്യസമ്പത്തിനുണ്ടാകുന്ന കുറവും പാരിസ്ഥിതിക പ്രശ്നവും കണക്കിലെടുത്ത് ഈ പ്രശ്നത്തിന് എന്തൊക്കെ പരിഹാരങ്ങളാണ് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കണ്ണൂർ ജില്ലയിലെ മാട്ടൂൽ - മടക്കര പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിക്ഷേപിച്ച മണ്ണ് നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ആസ്തി വികസന സ്കീമിലെ സ്കൂളുകളിലെ കെട്ടിട നിർമ്മാണം

5295. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന സ്കീമിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന കടമക്കുടി, എളങ്കുന്നപ്പുഴ എന്നീ സർക്കാർ സ്കൂളുകളിലെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കാതെ അനിശ്ചിതമായി നീണ്ടുപോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണം നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടി എന്തെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള തടസ്സമെന്തെന്ന് വിശദമാക്കാമോ?

നോൺ പ്ലാൻ ഫണ്ട് ഉപയോഗിച്ച് റോഡുകളുടെ സൗകര്യങ്ങൾ

5296. ശ്രീ.കെ.കെ.ജയചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13, 2013-2014, 2014-2015, 2015-2016 വർഷങ്ങളിൽ നോൺ പ്ലാൻ ഫണ്ട് ഉപയോഗിച്ച് റോഡുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഓരോ നിയോജകമണ്ഡലത്തിലും എത്ര രൂപ വീതം അനുവദിച്ചിട്ടുണ്ട്; ഓരോ നിയോജകമണ്ഡലങ്ങളും തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി

5297. ശ്രീ.പി.ഉബൈദുള്ള **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽ (CRIP) ഉൾപ്പെടുത്തി മലപ്പുറം നഗരത്തിലെ റോഡുകളുടെ പുനരുദ്ധാരണത്തിന് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര കിലോമീറ്റർ റോഡുകളാണ് പ്രസ്തുത പദ്ധതിയിൽ വരുന്നതെന്നും അതിനായി എന്തു തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) പദ്ധതിയുടെ നിർമ്മാണച്ചുമതല ആരാണ് വഹിക്കുന്നതെന്നും ഇതുവഴി എന്തെല്ലാം ആധുനികവൽക്കരണ പരിപാടികളാണ് നടപ്പാക്കുന്നതെന്നും വ്യക്തമാക്കാമോ ?

റാന്നി നിയോജക മണ്ഡലത്തിൽ കരാർ കുടിശ്ശികമൂലം മുടങ്ങിയ പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ നടപടി

5298. ശ്രീ.രാജു എബ്രഹാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാറുകാർക്ക് കുടിശ്ശിക നൽകാത്തതിനെത്തുടർന്ന് റാന്നി നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഏതെങ്കിലും റോഡിന്റെയോ കെട്ടിടത്തിന്റെയോ പാലത്തിന്റെയോ പണി മുടങ്ങിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെയെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഇത്തരത്തിൽ മുടങ്ങിയ പണികൾ പുനരാരംഭിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെയെന്ന് വിശദമാക്കാമോ ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കാമോ ;

(സി) വെച്ചൂച്ചിറ ഗവൺമെന്റ് പോളിടെക്നിക്ക് കെട്ടിടത്തിന്റെ പണി മുടങ്ങാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ ; പ്രശ്നം പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചു എന്നു വിശദമാക്കുമോ ?

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ ഒറ്റത്തവണ വ്യവസ്ഥയിൽ പരിഷ്കരിക്കാൻ നടപടി

5299. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, വർക്കല കഹാർ

,, ഷാഫി പറമ്പിൽ

,, പാലോട് രവി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിൽ ഉണ്ടായിരുന്ന റോഡുകൾ ഒറ്റത്തവണ വ്യവസ്ഥയിൽ പരിഷ്കരിച്ച് ഗതാഗതയോഗ്യമാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് എടുത്തത് ?

കൊല്ലം ജില്ലയിലെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം

5300. ശ്രീ.സി.ദിവാകരൻ **:** താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15-ൽ കൊല്ലം ജില്ലയിൽ എത്ര ഗ്രാമീണ റോഡുകൾക്കാണ് പുനരുദ്ധാരണത്തിന് തുക അനുവദിച്ചതെന്നു വ്യക്തമാക്കാമോ; എത്ര തുക വീതമാണെന്ന് മണ്ഡലം തിരിച്ച് അറിയിക്കാമോ?

<u>പൊങ്ങം റെയിൽവേ ഓവർബ്രിഡ്ജ്</u>

T 5301. ശ്രീ.ബി.ഡി. ദേവസ്സി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച് 47 നെയും എൻ.എച്ച്. 17 നെയും തമ്മിൽ ബന്ധിപ്പിക്കുന്ന റോഡിൽ നിലവിലുള്ള പൊങ്ങം റെയിൽവേ ഓവർബ്രിഡ്ജ് പുതുക്കിപ്പണിയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത റെയിൽവേ മേൽപ്പാലം വീതികൂട്ടി പുതുക്കിപ്പണിയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

<u>വൈക്കം നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ</u>

5302. ശ്രീ.കെ.അജിത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരധികാരമേറ്റശേഷം വൈക്കം നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; ഓരോ പ്രവൃത്തിക്കും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളത്; വെളിപ്പെടുത്തുമോ;

(ബി) ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ ഇനിയും ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ഏതൊക്കെ; അവ ആരംഭിക്കാൻ വൈകിയതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) ഭരണാനുമതി നൽകുന്ന ജോലികളുടെ ഗുണനിലവാരം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് വകുപ്പുതലത്തിൽ സ്വീകരിക്കുന്നത്; വ്യക്തമാക്കുമോ?

<u>കൊല്ലം, കാഞ്ഞിരപ്പള്ളി ബൈപ്പാസുകളുടെ നിർമ്മാണം</u>

5303. ശ്രീ.കെ.സുരേഷ് കുറുപ്പ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം, കാഞ്ഞിരപ്പള്ളി ബൈപ്പാസ് നിർമ്മാണത്തിനുള്ള പ്രധാന തടസ്സങ്ങൾ എന്തൊക്കെയാണെന്നു വിശദമാക്കാമോ ;

(ബി) പ്രസ്തുത ബൈപ്പാസ് നിർമ്മാണം എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

(സി)

(ഡി)

<u>സ്കൂൾ മേഖലകളിൽ റോഡ് സുരക്ഷ</u>

5304. ശ്രീ.എ.റ്റി.ജോർജ്

**,,** അൻവർ സാദത്ത്

**,,** വി.റ്റി.ബൽറാം

**,,** വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) സ്കൂൾ മേഖലകൾ തെരഞ്ഞെടുത്ത് റോഡ് സുരക്ഷ കാര്യക്ഷമമാക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിച്ചത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് എടുത്തത് ?

ഗ്രീൻ ബിൽഡിംഗ് പോളിസി നടപ്പാക്കാൻ നടപടി

5305. ശ്രീ.എം.വി.ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രീൻ ബിൽഡിംഗ് പോളിസി നടപ്പാക്കുന്ന കാര്യത്തിൽ തീരുമാനം വ്യക്തമാക്കുമോ ;

(ബി) ഗ്രീൻ ബിൽഡിംഗ് പോളിസി നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) സ്വകാര്യ മേഖലയിൽകൂടി ഈ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ചേലക്കര മണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി കെട്ടിടങ്ങളുടെ നിർമ്മാണം

5306. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ പി.ഡബ്ല്യൂ.ഡി നിർമ്മാണം ആരംഭിച്ചതിനുശേഷം പണി മുടങ്ങിക്കിടക്കുന്ന കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഓരോ കെട്ടിടത്തിന്റെയും നിർമ്മാണം എന്നാണ് ആരംഭിച്ചതെന്നും എത്ര തുകയ്ക്കാണ് ടെന്ററുകൾ അംഗീകരിച്ചിട്ടുള്ളതെന്നും പറയാമോ;

(സി) പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം തടസ്സപ്പെടാനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(ഡി) തടസ്സങ്ങൾ ഒഴിവാക്കി എപ്പോൾ അവയുടെ നിർമ്മാണം ആരംഭിക്കുവാൻ കഴിയുമെന്നും എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

പെരപ്പയം പാലത്തിന്റെ ടെൻഡർ നടപടികൾ

5307. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം മണ്ഡലത്തിലെ പെരപ്പയം പാലത്തിന്റെ ഭരണാനുമതി ലഭ്യമായ സാഹചര്യത്തിൽ ടെൻഡർ നടപടികൾ സത്വരം സ്വീകരിക്കുന്നതിന് ആവശ്യമായ ഉത്തരവ് നൽകുമോ?

കണ്ണൂർ ജില്ലയിലെ മേജർ ജില്ലാ റോഡുകൾ

5308. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി മേജർ ജില്ലാ റോഡുകളായി പ്രഖ്യാപിച്ച് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ വന്നിട്ടുള്ള ആകെ എത്ര കിലോമീറ്റർ റോഡുകളാണ് കണ്ണൂർ ജില്ലയിലുള്ളത്;

(ബി) ഇത്തരത്തിൽ മട്ടന്നൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം റോഡുകൾ വകുപ്പ് ഏറ്റെടുത്തിട്ടുണ്ട് ;

(സി) എങ്കിൽ ഏറ്റെടുത്ത ഏതെല്ലാം റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ വകുപ്പ് ഏറ്റെടുത്തുവെന്നും

എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

<u>അങ്കമാലി ബൈപ്പാസ് നിർമ്മാണം</u>

5309. **ശ്രീ.ജോസ് തെറ്റയിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അങ്കമാലി ബൈപ്പാസ് നിർമ്മാണത്തെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി യോഗം വിളിച്ചുചേർത്തതെന്നാണ്;

(ബി) പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾ എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ;

(സി) പ്രാഥമിക പ്രൊജക്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ ഏത് ഏജൻസിയെയാണ് ഏല്പിച്ചിട്ടുള്ളത്;

(ഡി) പ്രാഥമിക പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പ്രസ്തുത ഏജൻസിയെ ഏല്പിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ

(ഇ) പ്രസ്തുത ഏജൻസി പ്രാഥമിക പ്രൊജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇത് എന്നാണെന്ന് വ്യക്തമാക്കാമോ;

(എഫ്) ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ ഏത് ഏജൻസിയെയാണ് ഏല്പിച്ചിട്ടുള്ളത്; എങ്കിൽ ഇത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ജി) വിശദമായ പഠനങ്ങൾക്ക് ശേഷം കഴിഞ്ഞ സർക്കാരിന്റെ ബജറ്റിൽ 1000 കോടി രൂപയുടെ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരുന്ന അങ്കമാലി ബൈപ്പാസിനെ കഴിഞ്ഞ അഞ്ച് ബജറ്റുകളിൽ നിന്നും ഒഴിവാക്കാനുള്ള കാരണം വിശദമാക്കാമോ?

<u>തലശ്ശേരി മണ്ഡലത്തിലെ റോഡ് നവീകരണ പ്രവൃത്തികൾ</u>

5310. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ ഏതെല്ലാം റോഡ് നിർമ്മാണ നവീകരണ പ്രവൃത്തികളാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്നും നിലവിലുള്ളതെന്നും വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയും ഏതൊക്കെ പദ്ധതികളിലാണ് ഉൾപ്പെടുത്തിയതെന്നും ഓരോ പ്രവൃത്തിക്കും എന്തു തുകയാണ് നീക്കിവെച്ചതെന്നും വിശദമാക്കാമോ;

(സി) ഇതിൽ ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയെന്ന് വിശദമാക്കാമോ?

<u>അങ്കമാലി മൂക്കന്നൂർ - ഏഴാറ്റുമുഖം റോഡ് നവീകരണം</u>

5311. **ശ്രീ.ജോസ് തെറ്റയിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിൽ ദേശീയപാതയിൽ, കരയാംപറമ്പ് കവലയിൽ വന്നുചേരുന്ന മൂക്കന്നൂർ - ഏഴാറ്റുമുഖം റോഡ് ഉയർത്തി സ്ഥലത്തെ അപായങ്ങൾ പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത റോഡ് ഉയർത്തുന്നതിനായി സമർപ്പിച്ചിരുന്ന മൂന്നരക്കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(ഡി) പ്രസ്തുത എസ്റ്റിമേറ്റിന് എന്നത്തേക്ക് ഭരണാനുമതി ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ?

മേപ്പാടി പോളിടെക്നിക്കിൻെറ നിർമ്മാണ പുരോഗതി

5312. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ മേപ്പാടി പോളിടെക്നിക്കിൻെറ നിർമ്മാണപ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങൾക്ക് ഫണ്ട് ലഭിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) ഇതു സംബന്ധിച്ച് ഏതെല്ലാം വകുപ്പുകളിൽ ഫയലുകൾ നിലവിലുള്ളതായി അറിവുണ്ട് ; വ്യക്തമാക്കുമോ ?

തലശ്ശേരി-വളവുപാറ റോഡിന്റെ നിർമ്മാണം

5313. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ തലശ്ശേരി-വളവുപാറ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വിശദമാക്കുമോ;

(ബി) തലശ്ശേരി - വളവുപാറ റോഡിൽ ആകെ എത്ര പാലങ്ങളാണു നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഓരോ പാലം നിർമ്മാണവും ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

(ഡി) തലശ്ശേരി - വളവുപാറ റോഡ് നിർമ്മാണം എപ്പോൾ പൂർത്തകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

കടമക്കുടി -പിഴല പാലത്തിന്റെ നിർമ്മാണം

5314. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടമക്കുടി ദ്വീപിനെ പ്രധാനകരകളുമായി ബന്ധിപ്പിക്കുന്ന കടമക്കുടി-പിഴല പാലത്തിന്റെ നിർമ്മാണത്തിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) കൊച്ചി നഗരത്തെ വടക്കൻ ജില്ലകളുമായി ബന്ധിപ്പിക്കുന്ന ഏറ്റവും ലാഭകരമായ പാത നിലവിൽ വരണമെങ്കിൽ കടമക്കുടി -പിഴല പാലം അനിവാര്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിന് നടപടി സ്വീകരിക്കാമോ ?

നീലേശ്വരം -ചട്ടഞ്ചാൽ റോഡ് നിർമാണം

5315. ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്.66 ൽ നീലേശ്വരം മുതൽ ചട്ടഞ്ചാൽ വരെ ഉപരിതലം പുതുക്കുന്നതിനുള്ള നടപടി ഏത് വരെയായെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത മേഖലയിൽ വലിയ കുഴികൾ രൂപപ്പെടുകയും അപകടങ്ങൾ തുടർച്ചയായി ഉണ്ടാകുകയും ചെയ്യുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത കുഴികൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

വൈപ്പിൻ മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ

5316. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) എത്ര പ്രവൃത്തികൾക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

നീലേശ്വരം പാലത്തിന്റെ ശോച്യാവസ്ഥ

5317. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാത 66 ൽ നീലേശ്വരം പാലം കാലപ്പഴക്കത്താൽ ഗതാഗതയോഗ്യമല്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലം എന്നാണ് നിർമ്മിച്ചതെന്നും നിലവിൽ പാലം ദേശീയപാതയിലെ ഭാരമേറിയ വാഹനങ്ങൾ കടന്നുപോകത്തക്കരീതിയിൽ ഫിറ്റ്നസ്സ് ഉള്ളതാണോ എന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പാലം പുനർനിർമ്മിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ;വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

5318. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ഒരു റോഡുപോലും നൽകാത്ത എത്ര അസംബ്ലി മണ്ഡലങ്ങൾ ഉണ്ട്; വിശദീകരണം നൽകുമോ ;

വൈപ്പിൻ കുഴുപ്പിള്ളിപ്പാലം നിർമ്മാണത്തിന്റെ കാലതാമസം

5319. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ, പള്ളിപ്പുറം സ്റ്റേറ്റ് ഹൈവേയിലെ അപകടാവസ്ഥയിലായ കുഴുപ്പിള്ളിപ്പാലത്തിന്റെയും അനുബന്ധ പാലത്തിന്റെയും നിർമ്മാണത്തിനു കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിന് അനുബന്ധ സ്ഥലമുടമകൾ സമ്മതം അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി നടപ്പിൽ വരുത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണം എപ്പോൾ ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

അയ്യമ്പുഴ-മഞ്ഞപ്ര റോഡിൽ കോതായിതോട് പാലം

5320. ശ്രീ.ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയ്യമ്പുഴ-മഞ്ഞപ്ര റോഡിൽ ഗതാഗതയോഗ്യമല്ലാതായിരിക്കുന്ന കോതായിതോട് പാലത്തിന്റെ ജീർണ്ണാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 375 ലക്ഷം രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകിയിട്ടും പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) 12.08.2010 ൽ സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ച ഈ പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കാനും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനും സാധിക്കാത്തതിന് ഉത്തരവാദികൾ ആരാണെന്നും ഇവർക്കെതിരെ നടപടികൾ സ്വീകരിക്കാത്തതിന് കാരണം എന്തെന്നും വിശദമാക്കാമോ;

(ഡി) നടപടിക്രമങ്ങളിലെ അനാസ്ഥകൾകൊണ്ട് അനാവശ്യതെറ്റുകൾ വരുത്തി വിശദീകരണ റിപ്പോർട്ടുകൾ ആവശ്യപ്പെട്ട് കോതായിതോട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന കാര്യത്തിൽ കാലതാമസം വരുത്തുന്നത് പരിഹരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടി എന്തെന്ന് വിശദമാക്കാമോ;

(ഇ) സ്ഥലമെടുപ്പ് നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും നിർമ്മാണപ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

<u>പാലങ്ങളിലെ ടോൾ പിരിവ്</u>

5321. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്തു വകുപ്പിന് കീഴിലുള്ള പാലങ്ങളിൽ ടോൾ പിരിവിന് അനുമതി നല്കിയവയുടെ എണ്ണം വ്യക്തമാക്കാമോ ;

(ബി) പല പാലങ്ങൾക്കും പിരിച്ചെടുക്കേണ്ട തുകയിൽ കൂടുതൽ പിരിച്ചെടുത്തിട്ടും, കരാറുകാർ ടോൾ പിരിവ് തുടരുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കരാറുകാർ പലപ്പോഴും വാഹനങ്ങളുടെ എണ്ണം കുറച്ചുകാണിച്ചും മറ്റും ടോൾ പിരിവിനുള്ള അടിസ്ഥാന തുക നിശ്ചയിക്കുന്ന മാനദണ്ഡങ്ങളെ അട്ടിമറിയ്ക്കാറുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ;

(ഡി) പാലങ്ങളിലെ ടോൾ പിരിവിന് പുനർ അനുമതി നൽകുന്നതിന് മുമ്പ് പ്രസ്തുത പരാതികളുടെ അടിസ്ഥാനത്തിൽ കൂടുതൽ പരിശോധനകൾക്ക് തയ്യാറാകുമോയെന്നു വ്യക്തമാക്കാമോ ?

<u>കുറ്റപ്പുഴ മേൽപ്പാലം</u>

5322. **ശ്രീ.മാത്യു റ്റി.തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽപാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് തിരുവല്ല മുനിസിപ്പാലിറ്റി യിലെ കുറ്റപ്പുഴ മേൽപ്പാലം പുനർനിർമ്മിക്കുവാൻ റെയിൽവേക്ക് അനുമതി നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ അത് എന്നാണെന്നും ഏത് ഉത്തരവ് പ്രകാരമാണെന്നും ഏത് ഉദ്യോഗസ്ഥനാണ് അനുമതി നൽകിയതെന്നും, അദ്ദേഹം ഇപ്പോൾ സർവ്വീസിൽ ഉണ്ടോ എന്നും, ഉന്നത ഉദ്യോഗസ്ഥരുടെയോ, സർക്കാരിന്റേയോ അംഗീകാരത്തോടെയാണോ അനുമതി നൽകിയത് എന്നും വ്യക്തമാക്കാമോ ;

(സി) പുതിയ മേൽപ്പാലം പണിയുന്നത് റയിൽവേ തയ്യാറാക്കിയ ഡിസൈൻ പ്രകാരമാണോ ;

(ഡി) പ്രസ്തുത ഡിസൈൻ പൊതുമരാമത്ത് വകുപ്പിന്റെ അനുമതിയോടെയാണോ തയ്യാറാക്കിയത്;

(ഇ) ഇത് സംബന്ധിച്ച് പൊതുമരാമത്ത് ഡിവിഷനിൽ എന്തെല്ലാം ഉത്തരവുകളും രേഖകളും സൂക്ഷിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) പുതിയ മേൽപ്പാലവും അപ്രോച്ച് റോഡും റോഡപകടങ്ങൾ ക്ഷണിക്കുന്ന തരത്തിൽ അപായകരമായിട്ടാണ് രൂപകല്പന ചെയ്തിട്ടുള്ളത് എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ അത്

പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ ;

(ജി) പുതിയ മേൽപാലവും അപ്രോച്ച് റോഡും സംബന്ധിച്ച് വ്യക്തത വരുത്തുന്നത് വരെ പഴയ മേൽപാലം പൊളിച്ചു മാറ്റരുതെന്ന മുഖ്യമന്ത്രിയുടെ സ്റ്റേ ഉത്തരവ് നിലവിലുണ്ടോ ; പുതുതായി നിർമ്മിച്ച മേൽപാലത്തിലേക്ക് മുത്തൂർ ഭാഗത്തുനിന്നും വരുന്ന വാഹനങ്ങൾ പ്രവേശിക്കുന്നതിന് ഉള്ള തടസ്സങ്ങൾ മാറ്റുന്നതിന്, പഴയ മേൽപാലം ഇരിക്കുന്ന സ്ഥലത്ത് പുതിയ ഒരു പാലം കൂടി പണിത് അപായസാദ്ധ്യതകൾ ഇല്ലാതാക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ?

കൽപ്പറ്റ മണ്ഡലത്തിലെ മണിയങ്കോട് റോഡ്

5323. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ മണിയങ്കോട് റോഡിൻെറ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡ് നന്നാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

അമ്പലപ്പുഴ പഴയ നടക്കാവ് റോഡ് നിർമ്മാണം

5324. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ പഴയ നടക്കാവ് റോഡിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പഴയ നടക്കാവ് റോഡിന്റെ നിർമ്മാണത്തിന് എത്ര കോടി രൂപയുടെ ടെണ്ടർ ആണ് നൽകിയത്; ആരാണ് കരാറുകാരൻ; കരാർ അനുസരിച്ച് നിർമ്മാണം എന്ന് പൂർത്തിയാക്കേണ്ടിയിരുന്നു; വ്യക്തമാക്കുമോ;

(സി) ഈ റോഡിന്റെ നിർമ്മാണത്തിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കാമോ ?

കടിയങ്ങാട് പാലം നിർമ്മാണം

5325. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടിയങ്ങാട് പാലം നിർമ്മിക്കുന്നതിന് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭിച്ചത് എപ്പോഴാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ടെന്റർ നടപടികൾ പൂർത്തീകരിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാലം നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന് കാരണങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ഡി) പാലം നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

കുന്നംകുളം ടൗണിൽ ഫ്ലൈഓവർ

5326. **ശ്രീ.ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ കുന്നംകുളം ടൗണിലാണ് ഏറ്റവും കൂടുതൽ ഗതാഗത തിരക്കും ട്രാഫിക് ജാമും അനുഭവപ്പെടുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് കുന്ദംകുളം ടൗണിൽ ഫ്ലൈഓവർ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കാമോ ?

<u>കാരന്തൂർ മെഡിക്കൽ കോളേജ് റോഡ് പരിഷ്കരണ പദ്ധതി</u>

5327. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കാരന്തൂർ മെഡിക്കൽ കോളേജ് റോഡ് പരിഷ്കരണ പദ്ധതി നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ സർക്കാരിൽ ഇതിന്റെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോ;

(സി) പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ?

<u>കുറ്റ്യാടി മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ</u>

5328. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച മരാമത്ത് പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

<u>അമ്പലപ്പുഴ ദേശീയപാതയിലെ മരംമുറി</u>

5329. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ ദേശീയപാതയ്ക്കരികിൽ അപകടാവസ്ഥയിൽ നിൽക്കുന്ന എത്ര മരങ്ങൾ മുറിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) മരങ്ങൾ മുറിച്ചുമാറ്റുന്നതിനായി സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) മരങ്ങൾ മുറിച്ചുമാറ്റുന്നതിന് കരാർ നൽകിയിട്ടുണ്ടോ; എങ്കിൽ എന്തു തുകയ്ക്കാണ് കരാർ നൽകിയത്; ഇല്ലെങ്കിൽ മരങ്ങൾ മുറിച്ചുമാറ്റുന്നതിനായി എന്തു തുക ചെലവായി; വ്യക്തമാക്കാമോ;

(ഡി) മുറിച്ചുമാറ്റിയ തടികൾ എവിടെയാണ് സൂക്ഷിച്ചിരിക്കുന്നത്; ഈ തടി എന്തു ചെയ്യാനാണ് ഉദ്ദേശിക്കുന്നത്; ഇങ്ങനെ മുറിച്ചുമാറ്റിയ തടിയുടെ ഇനം തിരിച്ചുള്ള അളവ് വ്യക്തമാക്കുമോ;

(ഇ) മരം മുറിച്ചതിന്റെ അവശിഷ്ടങ്ങൾ ദേശീയപാതയ്ക്ക് സമീപം അപകടകരമാം വിധം കൂട്ടിയിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

<u>കാസർഗോഡ് കോട്ടിക്കുളം റെയിൽവേ സ്റ്റേഷനു സമീപം റെയിൽവേ ഓവർ ബ്രിഡ്ജ്</u>

5330. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കോട്ടിക്കുളം റെയിൽവേ സ്റ്റേഷനു സമീപം റെയിൽവേ ഓവർ ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് റെയിൽവേയ്ക്ക് സ്ഥലം കൈമാറി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത മേൽപ്പാലം നിർമ്മിക്കുന്നതിന് DPR തയ്യാറാക്കുന്നതിന് റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ആരെയാണ് ഏൽപ്പിച്ചിട്ടുള്ളത്;

(സി) പ്രസ്തുത സ്ഥാപനം DPR തയ്യാറാക്കി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) പ്രസ്തുത മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കുമോ?

## കുന്നംകുളം നിയോജകമണ്ഡലത്തിലെ റോഡ് അറ്റകുറ്റപ്പണികൾ

5331. **ശ്രീ.ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളിലെ കുഴി അടയ്ക്കുന്നതിനും, അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കുന്നതിനും വിവിധ പദ്ധതികളിലായി ഏതെല്ലാം പി.ഡബ്ല്യൂ.ഡി റോഡുകൾക്കാണ് 2014 ൽ കുന്നംകുളം നിയോജകമണ്ഡലത്തിൽ തുക അനുവദിച്ചത്;

(ബി) ഓരോ റോഡുകൾക്കും അനുവദിച്ച തുക എത്രവീതമെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ ഏതെല്ലാം റോഡുകൾ കുഴികൾ അടച്ചും അറ്റകുറ്റപ്പണി നടത്തിയും ഗതാഗതയോഗ്യമാക്കി;

(ഡി) ഇനി എത്ര പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്; ഇതിന് എന്താണ് തടസ്സം എന്ന് വ്യക്തമാക്കാമോ;

(ഇ) മുഴുവൻ പ്രവൃത്തികളും അടിയന്തരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ?

## വൈപ്പിനിലെ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ

5332. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി ലഭിച്ചതും ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതുമായ എത്ര പ്രവർത്തികളാണ് വൈപ്പിൻ മണ്ഡലത്തിൽ ഇനിയും പൂർത്തീകരിക്കാത്തത്/ആരംഭിക്കാത്തത് എന്ന് വിശദമാക്കാമോ:

(ബി) നിശ്ചിത സമയപരിധി കഴിഞ്ഞിട്ടും പൂർത്തിയാക്കാത്ത പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കോൺട്രാക്ടർമാർക്കെതിരെ സ്വീകരിച്ച നടപടി വിശദമാക്കാമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ?

## കുരിശുമൂട്-അടയ്പ്പാട് അവിച്ചകുളം തെങ്ങിനാൽ റോഡ് (പള്ളിക്കൽ ഗ്രാമപഞ്ചായത്ത്) നവീകരണം

5333. **ശ്രീ.ചിറ്റയം ഗോപകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ നിയോജകമണ്ഡലത്തിലെ കുരിശുമൂട്-അടയ്പ്പാട് അവിച്ചകുളം തെങ്ങിനാൽ റോഡ് (പള്ളിക്കൽ ഗ്രാമപഞ്ചായത്ത്) നവീകരിക്കുന്നതിനുവേണ്ടി സ്ഥലം എം.എൽ.എ. നിവേദനങ്ങൾ നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് പ്രസ്തുത നിവേദനങ്ങൾ നൽകിയിട്ടുള്ളത് ;

(ബി) പ്രസ്തുത ആവശ്യം ഉന്നയിച്ച് സ്ഥലം എം.എൽ.എ. എത്ര പ്രാവശ്യം നിവേദനങ്ങൾ നൽകിയിട്ടുണ്ട് ;

(സി) പ്രസ്തുത നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ; ബന്ധപ്പെട്ട ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

## ചാവക്കാട്ട്-വടക്കാഞ്ചേരി റോഡ് പുനരുദ്ധാരണം

5334. **ശ്രീ.ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2009-10 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭിച്ച ചാവക്കാട്ട്-വടക്കാഞ്ചേരി പി.ഡബ്ല്യൂ.ഡി റോഡിലെ ചാട്ടുകുളം മുതൽ കുന്നംകുളം വരെയുള്ള ഭാഗത്തെ റോഡ് പുനരുദ്ധാരണ പ്രവർത്തിയുടെ

ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണം സമയബന്ധിതമായി തീർക്കാൻ കഴിയാതെപോയത് എന്തുകൊണ്ടാണെന്ന വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവർത്തി വേഗത്തിൽ ചെയ്തുതീർക്കുന്നതിന് എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

<u>പയ്യന്നൂർ നിയോജക മണ്ഡലത്തിൽ ആസ്തി വികസന പദ്ധതി</u>

5335. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജക മണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കെട്ടിടങ്ങളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

<u>കൊട്ടാരക്കര ഗ്രാമീണ റോഡുകളുടെ നവീകരണം</u>

5336. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ ഗ്രാമീണ റോഡുകളുടെ നവീകരണത്തിനായി എത്ര തുക ചെലവഴിച്ചു; ഏതെല്ലാം റോഡുകൾ നവീകരിച്ചു;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിക്കാതെ അവശേഷിക്കുന്നത് ഏതെല്ലാമാണ്;

(സി) ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത ഗ്രാമീണറോഡുകളുടെ പേരും ചെയിനേജും വെളിപ്പെടുത്തുമോ?

<u>പയ്യന്നൂർ റെയിൽവേ സ്റ്റേഷൻ അപ്രോച്ച് റോഡ് നവീകരണം</u>

5337. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ റെയിൽവേ സ്റ്റേഷൻ അപ്രോച്ച് റോഡ് പൊട്ടിപ്പൊളിഞ്ഞ് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത റോഡ് നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

<u>പയ്യന്നൂർ മണ്ഡലത്തിലെ വെള്ളൂർ - പാടിയോട്ടുചാൽ - പുളിങ്ങോം റോഡ്</u>

5338. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ മേജർ ജില്ലാ റോഡായ വെള്ളൂർ - പാടിയോട്ടുചാൽ - പുളിങ്ങോം റോഡ് സി.ആർ.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി മെക്കാഡം ടാറിംഗ് നടത്തുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിനു സമർപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് എപ്പോൾ ഭരണാനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ ?

ആറ്റിങ്ങൽ പട്ടണത്തിൽ നാഷണൽ ഹൈവെയുടെ വീതി കൂട്ടുന്ന പ്രവൃത്തി

5339. ശ്രീ.ബി.സത്യൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ പട്ടണത്തിൽ നാഷണൽ ഹൈവെയുടെ വീതി കൂട്ടുന്നതിന് 22.75 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായതിന്റെ തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഈ മാസം 9-ാം തീയതി പൊതുമരാമത്ത് വകുപ്പ് മന്ത്രി വിളിച്ചു ചേർത്ത യോഗ തീരുമാനങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പെരുമ്പാവൂർ ടൗൺ ബൈപ്പാസ് റോഡ് നിർമ്മാണം

5340. ശ്രീ.സാജു പോൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ ടൗൺ ബൈപ്പാസ് റോഡിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) പെരുമ്പാവൂർ ബൈപ്പാസിനോടൊപ്പം G.O.(Rt)706/10/PWD dt.29.4.10 പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; പുരോഗതി വ്യക്തമാക്കുമോ;

(സി) സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുനരാരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാക്കി നിർമ്മാണം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ദേശീയപാതകളിലെ പ്രധാന ജംഗ്ഷനുകളിൽ ഫ്ലൈഓവറുകൾ

5341. ശ്രീ.സി.മോയിൻ കുട്ടി

,, പി.ഉബൈദുള്ള

,, എൻ .എ.നെല്ലിക്കുന്ന്

,, കെ.എൻ.എ.ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതകളിൽ ക്രോസ് റോഡുകൾ വന്നുചേരുന്ന പ്രധാന ജംഗ്ഷനുകളിൽ ഫ്ലൈഓവറുകൾ നിർമ്മിക്കാനുള്ള പദ്ധതി പരിഗണനയിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ ദേശീയ പാതകളിലെ പ്രധാന ജംഗ്ഷനുകൾ കണ്ടെത്തി , അവിടങ്ങളിൽ ഫ്ലൈഓവർ നിർമ്മിച്ച് ഗതാഗത തടസ്സവും അപകടങ്ങളും ഒഴിവാക്കുന്നതിനുള്ള ഒരു സമഗ്ര പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ ?

കല്ല്യാശ്ശേരി മണ്ഡലത്തിലെ കെട്ടിടങ്ങളും റോഡുകളും

5342. ശ്രീ.റ്റി.വി.രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് മുഖേന ഭരണാനുമതി ലഭിച്ച കല്ല്യാശ്ശേരി മണ്ഡലത്തിലെ കെട്ടിടങ്ങളുടെയും പാലങ്ങളുടെയും വിശദാംശം നൽകുമോ;

(ബി) ഭരണാനുമതി ലഭിച്ചവയിൽ പൂർത്തിയായതും പൂർത്തിയാക്കാൻ ബാക്കിയുള്ളതുമായ പ്രവൃത്തികൾ

ഏതൊക്കെയാണെന്നറിയിക്കുമോ?

<u>ചാത്തങ്കരയിലെ കോൺകോർഡ് പാലം</u>

5343. ശ്രീ.മാത്യൂ റ്റി.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തങ്കരയിലെ കോൺകോർഡ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

<u>കടുത്തുരുത്തി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം</u>

5344. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം സംബന്ധിച്ച പൊതുമരാമത്ത് വകുപ്പിലെ 12311 / E1 / PWD /2014 നമ്പർ ഫയലിന്റെ പുരോഗതി അറിയിക്കാമോ ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തിക്ക് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ ; ആയത് ഭരണാനുമതി ലഭിക്കുന്നതിന് ധനകാര്യ വകുപ്പിലേക്ക് അയയ്ക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

<u>വള്ളിക്കുന്നം വില്ലേജാഫീസിന് പുതിയ കെട്ടിടം</u>

5345. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ വള്ളിക്കുന്നം വില്ലേജാഫീസ് കെട്ടിടം സുരക്ഷിതമല്ലെന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വള്ളിക്കുന്നം വില്ലേജാഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) വള്ളിക്കുന്നം പഞ്ചായത്തിലെ കൃഷി ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പൊതുമരാമത്ത് വകുപ്പിന് നൽകുന്നതിന് പി.ഡബ്ല്യൂ.ഡി കെട്ടിട വിഭാഗത്തിന് ചുമതല നൽകി ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>തമിഴ്നാട്ടിലെ കുറ്റാലത്തുള്ള പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസ്</u>

5346. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിലെ കുറ്റാലത്ത് കേരള സർക്കാരിന്റെ ഉടമസ്ഥതയിൽ എത്ര ഭൂമിയാണ് ഉള്ളത്; ഈ ഭൂമിയിൽ കൈയ്യേറ്റം നടക്കുന്നതായി നേരത്തെ വാർത്തകൾ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;കൈയ്യേറ്റം ഒഴിപ്പിക്കാനും വസ്തു സർക്കാരിന്റെ അധീനതയിൽ നിലനിർത്താനും സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; ഇവിടെ പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസ് പ്രവർത്തിക്കുന്നുണ്ടോ; കെയർടേക്കർമാരെ നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂമിയിൽ എത്ര കെട്ടിടങ്ങളാണ് ഉള്ളത്; കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഓരോ കെട്ടിടത്തിലും എന്തൊക്കെ സൗകര്യങ്ങളാണ് ഉള്ളത് ; ഈ കെട്ടിടങ്ങളിലെ മുറികൾ വിനോദ സഞ്ചാരികൾക്ക് നൽകാറുണ്ടോ; ഉണ്ടെങ്കിൽ ഇവയുടെ വാടക നിരക്ക് സഹിതം വിശദാംശങ്ങൾ ലഭ്യമാക്കാമോ ; കഴിഞ്ഞ 5 വർഷം പ്രതിവർഷം ഇവിടെ നിന്നും വാടകയിനത്തിൽ എത്ര തുക ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) കുറ്റാലത്തെത്തുന്ന കൂടുതൽ വിനോദ സഞ്ചാരികൾക്ക് ഇവിടെ താമസസൗകര്യം ലഭ്യമാക്കുന്നതിനും മുറി ബുക്ക ചെയ്യുന്നതിനുമായി ഓൺ ലൈൻ സൗകര്യം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിയ്ക്കുമോ?

<u>എൻ.എച്ച്.**220** യുടെ വീതി കൂട്ടാനുള്ള പണികൾ</u>

5347. **ശ്രീ.കെ.സുരേഷ് കുറുപ്പ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്.220 (കോട്ടയം-കുമളി) ന്റെ വീതി കൂട്ടാനുള്ള പണികൾ എന്നാണ് ആരംഭിക്കുക;

(ബി) മേൽപ്പറഞ്ഞ റോഡിൽ വാഴൂർ പുളിക്കൽ കവല മുതൽ പൊൻകുന്നം വരെയുള്ള ദൂരം ഇരുവശത്തും എത്ര മീറ്റർ വീതമാണ് ഏറ്റെടുക്കുന്നത്; അതിനുള്ള നടപടികൾ പൂർത്തിയാക്കി അടയാളം ചെയ്തോ; ഇല്ലെങ്കിൽ എപ്പോൾ പൂർത്തിയാകും;

(സി) പ്രസ്തുത പ്രദേശത്ത് റോഡിന് ഇരുവശത്തും നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത പ്രദേശത്ത് നിലവിൽ എത്ര കെട്ടിടങ്ങൾ വീതി കൂട്ടലിനായി പൊളിക്കേണ്ടിവരും;

(ഇ) മേൽപ്പറഞ്ഞിരിക്കുന്ന ദൂരത്തിൽ റോഡിൽ എത്ര കൊടും വളവുകൾ നിർണ്ണയിച്ചിട്ടുണ്ട്; ഈ ഭാഗങ്ങളിൽ കൂടുതലായി സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ടോ: വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, — പി.ഡി.ശാരംഗധരൻ,
തിരുവനന്തപുരം, — സെക്രട്ടറി.
19-07-2015

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].
"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.